# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# രാമനാട്ടുകര മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി9/1821/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/01/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
രാമനാട്ടുകര മുനിസിപ്പാലിറ്റി

സർ,

വിഷയം : രാമനാട്ടുകര മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമനാട്ടുകര മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
5. കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി9/1821/21 തീയ്യതി: 20/01/2022

## കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-02-2020 മുതൽ 05-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) (ജോയിന്റ് ഡയറക്ടർ ഇൻചാർജ്ജ്) | 06-12-2021 | 23-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-12-2021 | 23-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി കെ.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലത ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അഫ്സൽ ടി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബുഷ്റ റഫീഖ് | ചെയർപേഴ്സൺ | 21-12-2020 | 31-03-2021 |
| ശ്രീമതി ജസിത പി.ജെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷബ്ന എം.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ ഖാദർ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.ഹരീഷ് കെ | എസ്.സി ഡെവലപ്മെന്റ് ഓഫീസർ | 01-04-2020 | 20-06-2020 |
| ശ്രീമതി. ബിന്ദു | എസ്.സി ഡെവലപ്മെന്റ് ഓഫീസർ | 21-06-2020 | 31-03-2021 |
| ഡോ. ആനന്ദ് | വെറ്ററിനറി സർജൻ | 01-04-2020 | 31-10-2020 |
| ഡോ പ്രിൻസി | വെറ്ററിനറി സർജൻ | 01-11-2020 | 31-03-2021 |
| ശ്രീമതി സിനില ഉണ്ണികൃഷ്ണൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ ദിവ്യ പി കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2020 | 21-01-2021 |
| ഡോ ബിജ്ന അശോകൻ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 22-01-2021 | 31-03-2021 |
| ശ്രീ.സുരേഷ് ബാബു പി.പി | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 01-04-2020 | 31-10-2020 |
| ശ്രീ ബാബു ഇ | ഹെൽത്ത് ഇൻസ്പെക്ടർ | 01-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഗ്രേഡ് I | | |
| ശ്രീ രാജേഷ് കുമാർ | പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ദിനേഷ് കുമാർ എം | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Afsal T.M (Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 14-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Afsal T.M (Auditor, On 27-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 14-01-2022) | 1-2 |
| 3 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Afsal T.M (Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 14-01-2022) | 1- 2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )<br>Written By: Afsal T.M (Auditor, On 27-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 14-01-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Afsal T.M (Auditor, On 27-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 14-01-2022) | 1-4 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: Afsal T.M (Auditor, On 27-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 14-01-2022) | 1-5 |
| 7 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Afsal T.M (Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 14-01-2022) | 1- 6 |
| 8 | പദ്ധതി അവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 27-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 14-01-2022) | 1-7 |
| 9 | നികുതി പിരിവ് കാര്യക്ഷമമല്ല<br>Written By: Afsal T.M (Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1-8 |
| 10 | ഇ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച തുക നഗരസഭക്ക് കൈമാറിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1- 9 |
| 11 | സുരഭിമാൾ - വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 20-01-2022) | 1-10 |
| 12 | മാതൃഭൂമി - പ്രിന്റിംഗ് &പബ്ലിഷിംഗ് വ്യവസായകെട്ടിടം - പെർമിറ്റ് അനുവദിച്ചതിലും, നികുതി നിർണണയിച്ചതിലുമുള്ള അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 1-11 |
| 13 | സുരഭിമാൾ - അനധികൃത നിർമ്മാണ ക്രമവത്ക്കരിക്കാത്തതിനാൽ തനത് ഫണ്ടിന് നഷ്ടം<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1-12 |
| 14 | അനധികൃത നിർമാണം- തുടർ നടപടികൾ അനിവാര്യം<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 18-01-2022) | 1-13 |

| | | |
|---|---|---|
| 15 | ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ -NOCഹാജരാക്കിയില്ല<br>അനധികൃതനിർമ്മാണം പൊളിച്ചുമാറ്റിയില്ല<br>Written By: RAMDAS M. (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1-14 |
| 16 | രാമനാട്ടുകര നഗരസൗന്ദര്യ പദ്ധതി - പ്രവൃത്തി പൂർത്തിയായില്ല.<br>Written By: Hari. K.P (Audit Officer (HG), On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1-15 |
| 17 | സ്റ്റീറ്റ് ടാപ്പ്, വെള്ളക്കരം, അധികം ഒടുക്കിയ തുക തിരികെ ലഭിക്കാൻ<br>നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Hari. K.P (Audit Officer (HG), On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1-16 |
| 18 | അനധികൃത മണൽ വാരൽ - ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Hari. K.P (Audit Officer (HG), On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 20-01-2022) | 1-17 |
| 19 | റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് പ്രവൃത്തികൾ-6.9 കോടി<br>ചെലവഴിച്ചിട്ടും പൂർത്തിയായില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1-18 |
| 20 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്<br>ഈടാക്കുന്നില്ല<br>Written By: RAMDAS M. (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 18-01-2022) | 1-19 |
| 21 | പ്രോജക്ട് വെക്കാതെ തുക ചെലവഴിച്ചു.<br>Written By: RAMDAS M. (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1-20 |
| 22 | പെർഫോമൻസ് ഗ്യാരണ്ടി പീരിയഡിനുള്ളിൽ റോഡ് തകർന്നിട്ടും<br>തുടർനടപടികൾ സ്വീകരിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1- 21 |
| 23 | മിനി ഇഡസ്റ്റ്രിയൽ എസ്റ്റേറ്റ് അറ്റകുറ്റപ്പണികൾ-ഉപയോഗപ്രദമായില്ല<br>Written By: RAMDAS M. (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1- 22 |
| 24 | ദിവസവേതനമിനത്തിൽ അധിക തുക നൽകി<br>Written By: Sreeja Thekkan (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1-23 |
| 25 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ(എസ്.സി)- ടെണ്ടറിൽ ക്വാട്ട്<br>ചെയ്തതിനേക്കാൾ അധികം തുക നൽകി<br>Written By: Sreeja Thekkan (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 1-24 |
| 26 | വി.സി.ബി.നിർമ്മാണം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1- 25 |
| 27 | പ്രവർത്തനം വിലയിരുത്താതെ ഹരിത സഹായ സംഘത്തിന്റെ<br>നിയമിച്ചതിനാൽ പാഴ്ചെലവ്<br>Written By: Sreeja Thekkan (Audit Officer, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 1-26 |
| 28 | അഗ്രോ സർവ്വീസ് സെന്റർ നിർമ്മാണം-പദ്ധതി നടത്തിപ്പിലെ | 1-27 |

| | | |
|---|---|---|
| | അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | |
| 29 | മിനി എം.സി.എഫ് യൂണിറ്റ് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 1-28 |
| 30 | ബഡ്സ് സ്കൂളിലേക്ക് വാഹനം വാങ്ങാൻ ലഭിച്ച തുക നാളിതു വരെ വിനിയോഗിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 1-29 |
| 31 | ഭവന പുനരുദ്ധാരണം (എസ്.സി)- വാലേഷനില്ലാതെ മുഴുവൻ ഗഡുക്കളും നൽകി<br>Written By: Sreeja Thekkan (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 1- 30 |
| 32 | അഗതി രഹിത കേരളം പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 1- 31 |
| 33 | പട്ടികജാതി ഉപപദ്ധതി വിഹിതം-വകമാറ്റി ചെലവഴിച്ചു<br>Written By: Sreeja Thekkan (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1- 32 |
| 34 | മാലിന്യ നിർമ്മാർജന  പദ്ധതികൾ- ഹരിത കർമ്മസേനയുടെ പ്രവർത്തനം വിപുലപ്പെടുത്തിയിട്ടില്ല.<br>Written By: Sreeja Thekkan (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 1- 33 |
| 35 | വനിതാ ഘടകപദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത<br>Written By: Sreeja Thekkan (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 1- 34 |
| 36 | റോഡുകളിൽ വാഹന ഗതാഗതം-തടസ്സം വരുത്തുന്ന പോസ്റ്റുകൾ മാറ്റുന്നതിന്- സംബന്ധിച്ച്<br>Written By: Afsal T.M (Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 20-01-2022) | 1- 35 |
| 37 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല<br>Written By: Afsal T.M (Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 1- 36 |
| 38 | ക്രാഡിൽ പദ്ധതിയുടെ ഭാഗമായുള്ള അങ്കണവാടികളുടെ ആധുനികവൽക്കരണം - പദ്ധതി ആസൂത്രണ/നിർവ്വഹണത്തിൽ പാളിച്ച.<br>Written By: Sreeja Thekkan (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 1- 37 |
| 39 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി പ്രോജക്ട് നിർവ്വഹണം അപാകതകൾ<br>Written By: Sreeja Thekkan (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 1- 38 |
| 40 | വിവിധ- കോളനികളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ - പൂർത്തീകരിച്ചില്ല<br>Written By: Afsal T.M (Auditor, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 1- 39 |
| | ഭാഗം **2** | |

| | | |
|---|---|---|
| 1 | സുരഭിമാൾ - അനധികൃത നിർമ്മാണ ക്രമവത്ക്കരിക്കാത്തതിനാൽ തനത് ഫണ്ടിന് നഷ്ടം<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 20-01-2022) | 2-1 |
| 2 | മാതൃഭൂമി - പ്രിന്റിംഗ് &പബ്ലിഷിംഗ് വ്യവസായകെട്ടിടം - പെർമിറ്റ് അനുവദിച്ചതിലും, നികുതി നിർണ്ണയിച്ചതിലുമുള്ള അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 20-01-2022) | 2-2 |
| 3 | സുരഭിമാൾ - വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 20-01-2022) | 2-3 |
| | ഭാഗം **3** | |
| 1 | ദിവസവേതനമിനത്തിൽ അധിക തുക നൽകി<br>Written By: Sreeja Thekkan (Audit Officer, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 3-1 |
| 2 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ(എസ്.സി)- ടെണ്ടറിൽ ക്വാട്ട ചെയ്തതിനേക്കാൾ അധികം തുക നൽകി<br>Written By: Sreeja Thekkan (Audit Officer, On 24-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 18-01-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 27-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 14-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 19-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 14-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 27-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 18-01-2022) | 4-3. |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 27-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 14-01-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: T.K.Latha (Senior Grade Auditor, On 27-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: T.K.Latha (Senior Grade Auditor, On 27-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 18-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.K.Latha (Senior Grade Auditor, On 19-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 18-01-2022) | 4-7 |
| 8 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Latha (Senior Grade Auditor, On 27-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 15-01-2022) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 19-12-2021) | 4- 9 |

| | | |
|---|---|---|
| | Last Updated By: Pyarilal.T.C (Joint Director, On 20-01-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 28-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 20-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Latha (Senior Grade Auditor, On 19-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 19-01-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് 16-03-2020 ലെ 1 -ാം നമ്പർ തീരുമാന പ്രകാരവും , പുതുക്കിയ ബജറ്റ് 26-02-2021 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) തനത് വരുമാനം-എസ്റ്റിമേറ്റ് തുക ക്രമാതീതം

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷികകണക്കു പ്രകാരം വരവ് |
|---|---|---|
| 110-നികുതി വരുമാനം | 28445300 | 17915750 |
| 130-നികുതിയേതര വരവുകൾ | 3575000 | 2473055 |
| 140-ഫീസ്& യൂസർചാർജ്ജസ് | 6243750 | 5847416 |
| 150-സെയിൽ&ഹയർ ചാർജ്ജസ് | 303500 | 9770208 |

ബജറ്റ് എസ്റ്റിമേറ്റുകൾ വർക്ക് ഷീറ്റുകളുടെ അടിസ്ഥാനത്തിലല്ല തയാറാക്കിയത്. ഇത് ശരിയായ നടപടിക്രമമല്ല

ബി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ-ബജറ്റ് പുതുക്കുന്നില്ല

കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 295(5) പ്രകാരം ഒരു വർഷത്തിനിടക്ക് നഗരസഭയുടെ വരവിനെയോ ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ച എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ പുതുക്കിയ/ സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. വരവ്/ ചെലവ് വകയിരുത്തലുകളുടെ വ്യതിയാനം ,വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചില്ല. ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷികകണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 210-എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസ് | 33395000 | 29356026 | 29752176 |
| 2 | 220-അഡ്മിനിസ്റ്റേറ്റീവ് എക്സ്പെൻസസ് | 5135000 | 1844280 | 7947048 |
| 3 | 230-ഓപറേഷൻസ്& മെയിന്റനൻസ് | 9345000 | 4139147 | 28896754 |

ബജറ്റ് പ്രൊവിഷനില്ലാതെ വരവ് ചെലവ് നടത്തിയത് കെ.എഫ്.സി ആർട്ടിക്കിൾ 40 (എ) പ്രകാരം അനുവദനീയമല്ല.

സി) പി എം എ വൈ HUDCO ലോൺ ബജറ്റിൽ പ്രോവിഷൻ വെച്ചിട്ടില്ല

നഗര സഭയിൽ 2018-19 മുതൽ 20-21 വരെ 32000000/- രൂപ( 2020-21 വർഷം 880000/-രൂപ) വായ്പയിനത്തിൽ എടുത്തിട്ടുണ്ട്. ഇത് ബാലൻസ് ഷീറ്റ് 6 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു, ഇങ്ങനെ ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 30.7.2021 |

## 1- 2-1 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

രാമനാട്ടുകര നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല
2. വിവിധ ഡി.സി.ബി രജിസ്റ്ററുകളിൽ (തൊഴിൽ നികുതി, ഡി&ഒ, കെട്ടിട വാടക തുടങ്ങിയവ) വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയയിലെ രേഖപ്പെടുത്തലുകൾ അപൂർണമാണ്. ആയതിനാൽ Income &Expenditure 1-1 ,1-3 ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല.
3. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻ വർഷം ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്ററർ കാലികമല്ല.
4. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാ ൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്ന ആസ്തി ബാധ്യതകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല(ബി-7, ബി.18 ഷെഡ്യൂളുകൾ)
5. തൻവർഷത്തെ ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ്

വെച്ചിട്ടില്ല.

6. സുലേഖ ചെലവു പത്രിക പ്രകാരം ,182/21 സുഭിക്ഷ കേരളം ഫല വൃക്ഷത്തൈ വിതരണം പദ്ധതിയുടെ ചെലവ് 33840/- രൂപയാണ് എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 16920 രൂപയാണ്.

7.വാർഷിക കണക്കിൽ, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 29896469 |
| വരവ് | 170435975 |
| ആകെ | 200332444 |
| ചെലവ് | 153794839 |
| നീക്കിയിരിപ്പ് | 46537605 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | -- | 18531022 | 18531022 | 16971666 | 1559356 | നിക്കീയിരിപ്പ് തുക നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. |
| വികസന ഫണ്ട് (എസ്.സി. പി ) | | 19124560 | 19124560 | 15908662 | 3215898 | നിക്കീയിരിപ്പ് തുക നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. |
| വികസന ഫണ്ട് (ടി.എസ്.പി ) | | 124000 | 124000 | | 124000 | നിക്കീയിരിപ്പ് തുക നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. |
| മെയിന്റനൻസ് (റോഡ് ) | | 3227100 | 3227100 | 3044752 | 182348 | നിക്കീയിരിപ്പ് തുക |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. |
| മെയിന്റനൻസ് (നോൺ റോഡ്) | | 3978349 | 3978349 | 3978349 | ---- | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 17615602 | 17615602 | 15316107 | 2299495 | നിക്കീയിരിപ്പ് തുക നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. |
| സാക്ഷരത | 103379 | ---- | 103379 | 660 | 102719 | |
| ദുരിതാശ്വാസനിധി | 157116 | 6347 | 163463 | ---- | 163463 | |
| ബിഫണ്ട് | | 61642100 | 61642100 | 61642100 | ---- | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 14508004 | 14508004 | 14508004 | ----- | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ICDS | 1880076 | 1685470 | 3565546 | 1000660 | 2564886 | |
| NULM | 219720 | 183672 | 403392 | 253134 | 150258 | |
| PMAY | 2536135 | 14294438 | 16830573 | 9130055 | 7700518 | |

## 1-5 ക്ഷേമപദ്ധതികൾ

മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 1800 | 3 |
| കർഷക തൊഴിലാളി പെൻഷൻ | 2867200 | 207 |
| വിധവാ പെൻഷൻ | 17893100 | 1304 |
| വാർദ്ധക്യകാല പെൻഷൻ | 34265100 | 3140 |
| വികലാംഗ പെൻഷൻ | 4946800 | 364 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1488100 | 104 |
| വിവാഹ ധനസഹായം | 180000 | 6 |

## 1- 6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08/12/2021 ന് 10 മണിക്ക് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 214678/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയവ | ഭാഗികമായി നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം |
|---|---|---|---|---|
| 267 | 202 | 45 | 20 | 75.65 |

ഡി.പി.സി. അഗീകാരം ലഭിച്ച 267 പ്രൊജക്ടുകളിൽ 181 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 13,76,88,308/-രൂപ വകയിരുത്തിയതി ൽ 8,77,62,433/-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2,71,00,802/-രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതി രൂപീകരിക്കുന്നതി ന്റെ അടിസ്ഥനരേഖയായ സ്റ്റാററസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനോ പദ്ധതി മോണിട്ടറിംഗ് നടത്തുന്നതിനോ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി നിർവ്വഹണ മോണിട്ടറിംഗ് നടത്തിയിട്ടില്ലയെന്നത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്.

ഡി.പി.സി.അംഗീകാരം ലഭിച്ച 162 മരാമത്തു പ്രൊജക്ടുകളിൽ 104 പ്രവൃത്തികളാണ് തൻവർഷം

നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 7,98,62,385/- രൂപ വകയിരുത്തിയതിൽ 4,86,50,617/- രൂപയാണ് 2020-21 വർഷത്തിൽ ചെലവഴിച്ചത്. അതായത് 60.91 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. എസ്.ടി വിഭാഗത്തിനായി ലഭിച്ചിട്ടുള്ള പദ്ധതി വിഹിതം 124000 രൂപ ചെലവഴിക്കാതിരുന്നത് വീഴ്ചയാണ്.

റോഡ് റീഫോർമേഷൻ പ്രവൃത്തിക്കായി ജല വിതരണ അതോറിറ്റിയിൽ നിന്നും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിലും കുറഞ്ഞ നിരക്കിൽ തുക ആവശ്യപ്പെട്ടത് നഗരസഭയ്ക്ക് വൻ നഷ്ടമുണ്ടാക്കി (ഖണ്ഡിക 1- 18കാണുക). പ്രോജക്ട് വെക്കാതെ തുക ചെലവഴിച്ചതും (ഖണ്ഡിക 1- 20,1-35കാണുക). മിനി ഇൻഡസ്ട്രിയൽ സെന്ററിലെ പ്രവൃത്തികൾ ഉപകാര പ്രദമായില്ല എന്നതു കൂടാതെ നഗരസഭയുടെ രേഖാമൂലമുള്ള അനുമതി കൂടാതെ അനധികൃത നിർമ്മാണം നടത്തിയതും (ഖണ്ഡിക 1-22 കാണുക). പദ്ധതി രൂപീകരണ ത്തിലെ അപാകതയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും കാര്യക്ഷമത ഇല്ലായ്മയുടെയും നേർകാഴ്ചയാണ്.

## 1-8 നികുതി പിരിവ് കാര്യക്ഷമമല്ല

നഗരസഭയുടെ പരിധിയിൽ 2019-20, 20-21, 21-22 (ഓഡിറ്റ് തീയതി വരെ) സാമ്പത്തിക വർഷത്തിൽ ക്യാമ്പ് കളക്ഷൻ നടത്തിയിട്ടില്ല.

2019- ഏപ്രിൽ മുതൽ ഓഡിറ്റ് തിയതി വരെ 62 രസീതി ബുക്കുകൾ ആണ് ഇഷ്യൂ ചെയ്തിട്ടുള്ളത്. ഇതിൽ ഒരു രസീതി ബുക്ക് പോലും വസ്തുനികുതിയുടെ ഔട്ട് ഡോർ കളക്ഷനു വേണ്ടി ഉപയോഗിച്ചിട്ടില്ല. ഇവ ഉപയോഗിച്ചത് മത്സ്യമാർക്കറ്റ് ഫീ ഈടാക്കുന്നതിനും, നിർവ്വഹണോദ്യോഗസ്ഥർ ഗുണഭോക്താക്കളിൽ നിന്നും വിഹിതം ഈടാക്കുന്നതിനും വേണ്ടിയാണ്.

സ്ഥാപനത്തിന്റെ വാർഷിക കണക്കിലെ B 15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി കുടിശ്ശിക താഴെ പറയും പ്രകാരമാണ്.

2019-20

| | |
|---|---|
| Recievable For Property Taxes(Current) | 2576649 |
| Recievable For Property Taxes(Arrear) | 2306227 |
| Total | 4882876 |

2020-21

| | |
|---|---|
| Recievable For Property Taxes(Current) | 1207788 |
| Recievable For Property Taxes(Arrear) | 916324 |
| Total | 2124112 |

ഇത്രയും വലിയ കുടിശ്ശിക ഉണ്ടായിട്ടും ഔട്ട്ഡോർ കളക്ഷൻ നടത്തി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

വസ്തു നികുതി ഡീമാന്റ് - വാർഷിക കണക്കിലെ ഡിമാന്റ് -ശരിയായതല്ല

2015 ൽ നഗരസഭയായി മാറിയതിന് ശേഷം , പുതിയ കെട്ടിടങ്ങളിൽ നിന്നും , പുതിയ നിരക്കിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും ഇത് സഞ്ചയയിൽ രേഖപ്പെടുത്തുന്നി ല്ല. കൂടാതെ New Building Register ൽ ഓരോ വർഷത്തെയും വസ്തുനികുതി സംക്ഷിപ്തം, രേഖപ്പെടുത്തുന്നില്ല. നഗരസഭയിൽ വസ്തുനികുതിയുടെ കാര്യത്തിൽ കൃത്യതയുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ Income &Expenditure

ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന വസ്തുനികുതി ഡിമാന്റ് തെറ്റായതാണ് എന്ന് കണക്കാക്കാവുന്നതാണ്. യഥാർത്ഥ കണക്ക് ഇതിലും അധികരിക്കാനാണ് സാധ്യത ഇത് Income &Expenditure ഷെഡ്യൂൾ 1-1 ലെ വസ്തുനികുതി സംബന്ധിച്ച കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാണ്.

| | |
|---|---|
| 2018-19 | 12161277 |
| 2019-20 | 9882715 |
| 2020-21 | 11571762 |

2018-19 ൽ 12161277 രൂപയുള്ള വസ്തുനികുതി ഡിമാന്റ് 19-20 ൽ 9882715 രൂപയായി കുറവ് വന്നതായി കാണിച്ചിരിക്കുന്നു. ഓരോ വർഷവും ധാരാളം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ നൽകി കൊണ്ടിരിക്കുന്ന നഗരസഭയിൽ ഡിമാന്റ് ഓരോ വർഷവും കൂടേണ്ടതാണ്. ആയതിനാൽ തന്നെ വർഷിക കണക്കിലുള്ളതിനേക്കാൾ യഥാർത്ഥ ഡിമാന്റ് വളരെ കൂടുതലാവാനാണ് സാധ്യത.

വസ്തുനികുതി പിരിച്ചെടുക്കാൻ Out Door Collection Camp കൾ എല്ലാ തദ്ദേശ സ്ഥാപനങ്ങളും നടത്താറുള്ളതാണ്. 2020 ലെ കോവിഡ് അടച്ചുപൂട്ടൽ കാലയളവ് കഴിച്ചുള്ള സമയത്ത് 2019-20 ലും 2020-21 വർഷങ്ങളിലും ക്യാമ്പ് കളക്ഷൻ നടത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്. അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. നികുതി പിരിവ് ഊർജ്ജിതമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേ ണ്ടതാണ്

1- 9 ഇ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച തുക നഗരസഭക്ക് കൈമാറിയില്ല.

വാർഷിക കണക്കുകൾ, ടെണ്ടർ രജിസ്റ്റർ, അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബേങ്ക് അക്കൗണ്ട് എന്നിവ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ – ടെണ്ടർ നടപടികളുടെ ഭാഗമായി നഗരസഭക്ക് ലഭിക്കേണ്ട ടെണ്ടർ ഫോറം വില (ടെണ്ടർ ഫീ) നഗരസഭക്ക് കൈമാറിയതായി കാണുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ രാമനാട്ടുകര എസ്.ബി.ഐ.യിലുള്ള 67388563907 നമ്പർ അക്കൗണ്ടിൽ 89134/-രൂപ (17.07.21 വരെ)നീക്കിയിരുപ്പുണ്ട്. പ്രസ്തുത തുക നഗരസഭാ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ടെണ്ടർ ഫീ ഇനത്തിലുള്ള തുക അതാത് സമയം നഗരസഭക്ക് കൈമാറാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാ ണ്.

അതുപോലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ രാമനാട്ടുകര സബ്ട്രഷറിയിലുള്ള STSB799011400004518 നമ്പർ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 104535/-രൂപയും നഗരസഭഫണ്ടിലേക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/20-21 തീയതി 22.12.21)മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള മേൽ അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുകകൾ നഗരസഭാ ഫണ്ടിലേക്ക് മാറ്റി വിവരം അറിയിക്കേണ്ടതാണ്.

1-10 സുരഭിമാൾ - വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

ഗോപാലൻ & പ്രഭാവതി, സുരഭിഭവൻ,ചേളാരി,വെളിമുക്ക് തുടങ്ങിയവരുടെ റീസർവ്വേ നമ്പർ 295/5എ1എ, 297/3, 293/10 എന്നിവയിൽ ഉൾപ്പെട്ട 70.04 സെന്റ് സ്ഥലത്ത് Commercial Cum Dormit0ry കെട്ടിടം നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന് BL-48/2011-12 തീയതി 11/12/2012 പ്രകാരം പെർമിറ്റ് അനുവദിക്കുകയും ചുവടെ പറയും പ്രകാരം ഒക്യുപെൻസിക്കും, കെട്ടിട നമ്പറിനും അപേക്ഷ നൽകിയതനുസരിച്ച് നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ കെട്ടിടത്തിലെ തറനില, ഒന്നും, രണ്ടും നില എന്നിവയുടെ നികുതി 2013-14ലും മൂന്നാം നിലയ്ക്ക് 2015-16 മുതലും നികുതി നിർണ്ണയിച്ച് വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ

വിസ്തീർണ്ണമുള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ ,ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽപ്പെടുത്തി 50/-രൂപ നിരക്കിലും, പ്രഥമ മേഖല ആയത്തിനാൽ 20% വർദ്ധനവും ഉൾപ്പെടുത്തി ച.മീ പ്ലിന്ത് ഏരിയ്ക്ക് വസ്തു നികുതി കണക്കാക്കി ഗ്രാമപഞ്ചായത്ത് നിരക്കിൽ ഈടാക്കിയിട്ടുണ്ട്.

ഇത് പ്രകാരം സെല്ലാർ 1674.89 ച.മീറ്റർ, ഗ്രൗണ്ട് ഫ്ലോർ 1493.94 ച.മീ, ഒന്നാം നില 1538.91 ച.മീ., രണ്ടാം നില 1538.91 ച.മീ പ്ലിന്ത് ഏരിയയിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി. കെട്ടിട നമ്പറിനായി അപേക്ഷിക്കുകയും ഫയൽ നമ്പർ 1707/14/22/05/2014 പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ 5/665-A1 മുതൽ 5/665-A24 വരെ 24 നമ്പറുകളും ഒന്നാം നിലയിൽ 5/665-A25 മുതൽ 5/665-A46 വരെ 22 നമ്പറുകളും, രണ്ടാം നിലയിൽ 5/665-A47 മുതൽ 5/665-A55 വരെ 9 നമ്പറുകളും നൽകിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില എന്നിവ വാണിജ്യാവശ്യത്തിനും, രണ്ടാം നിലയിലെ മുറികൾ ഡോർമിറ്ററി എന്ന നിലയിലുമാണ് നമ്പർ നൽകി 2013-14 സാമ്പത്തിക വർഷം മുതൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത്.

ഫയൽ നമ്പർ 9271/15/25/8/2015 പ്രകാരം രണ്ടാം നിലയിൽ 5/665-A47 മുതൽ 5/665-A55 വരെ 9 നമ്പറുകളും നൽകിയ കെട്ടിടം ഡോർമറ്ററിയിൽ നിന്ന് വാണിജ്യകെട്ടിടത്തിലേക്ക് തരം മാറ്റുന്നതിനായി അപേക്ഷ നൽകുകയും ആയതിന് മുറികൾ സ്പ്ലിറ്റ് ചെയ്ത് 5/665-A47 മുതൽ 5/665-A65 വരെ 10 മുറികൾക്ക് നമ്പർ നൽകി ഗ്രാമപഞ്ചായത്ത് നിരക്കിൽ 100m2 മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ച.മീറ്ററിന് / 50രൂപ നിരക്കിലും, പ്രവേശന മാർഗ്ഗത്തിന് 20% വർദ്ധനവും നൽകി നികുതി നിർണ്ണയിച്ച് 2015-16 ഒന്നാം അർദ്ധ വർഷം മുതൽ ഈടാക്കിയിട്ടുണ്ട് .

ഫയൽ നമ്പർ 10918/15 തീയതി 16/10/2015 പ്രകാരം മൂന്നാം നിലയിൽ കോമർഷ്യൽ കം തീയേറ്റർ കെട്ടിട പൂർത്തികരിച്ച് നമ്പറിംഗിനും ഒക്യുപെൻസിക്കുമായി അപേക്ഷ സമർപ്പിച്ചതനുസരിച്ച് പ്രസ്തുത ഫയൽ പരിശോധിക്കവേ സെക്രട്ടറി നോട്ട് പ്രകാരം നിലവിലുള്ള കെട്ടിടത്തിന് രണ്ടാം നില പണിയുന്നതിനാണ് പ്ലാൻ നൽകിയിട്ടുള്ളതെന്നും കാണിച്ച് നിർമ്മാണം KPBR ന് വിധേയമാണെന്ന് പരിശോധിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് അനുസരിച്ച് എൽ.എസ്.ജി.ഡി ഓവർസീയർ സ്ഥലം പരിശോധിച്ച് കെട്ടിടത്തിന്റെ അളവുകളും സൈറ്റ് പ്ലാൻ അളവുകളും KPBR ന് വിധേയമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ഷീറ്റ് ഇട്ട ഭാഗത്ത് പാർട്ടീഷൻ ചെയ്ത് 5 മുറികൾ ആക്കിയിട്ടുണ്ടെന്നും, പ്രസ്തുത 5 മുറികൾ അനുവാദം വാങ്ങാതെയാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും, ആയതിനാൽ റെഗുലറൈസേഷൻ ഫീ ഈടാക്കി നമ്പർ നൽകാവുന്നതാണെന്നും അറിയിച്ചതനുസരിച്ച് 1538.91X20= 30780/- രൂപ ഈടാക്കി നികുതി ചുമത്താവുന്നതാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2015-16 രണ്ടാം അർദ്ധവർഷം മുതൽ വിവിധ ആവശ്യങ്ങൾക്കായി കെട്ടിട നമ്പർ 5/665 A66 മുതൽ 5/665 A70 വരെ നമ്പർ നൽകി നികുതി നിർണ്ണയിച്ച് താഴെ പറയും പ്രകാരം ഈടാക്കിയിട്ടുണ്ട്.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തരം | നികുതി നിർണ്ണയിച്ച തറവിസ്തീർണ്ണം |
|---|---|---|
| 5/665 A66 | റസ്റ്റോറന്റ് | 124.66 ച.മീ |

| | | |
|---|---|---|
| 5/665 A67 | പ്ലേ സ്റ്റേഷൻ | 151.25 ച.മീ |
| 5/665 A68 | സിനിമ തിയേറ്റർ | 300.41 ച.മീ |
| 5/665 A69 | സിനിമ തിയേറ്റർ | 283.2ച.മീ |
| 5/665 A70 | റസ്റ്റോറന്റ് | 413.91ച.മീ |
| | ആകെ | 1273.43ച.മീ |

റഗുലറൈസേഷൻ പ്ലാൻ (കൊമേർഷ്യൽ കം തീയേറ്റർ ) പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | ബിൽഡ് അപ് ഏരിയ | നികുതി നിർണ്ണയിച്ച് ഈടാക്കിയ റവിസ്തീർണ്ണം | കുറവ് |
|---|---|---|---|
| സെല്ലാർ | 1674.89ച.മീറ്റർ | | 1674.89ച.മീറ്റർ |
| തറനില | 1493.94ച.മീറ്റർ | 1493.94ച.മീറ്റർ | ---------- |
| ഒന്നാം നില | 1538.91 ച.മീറ്റർ | 1527.38ച.മീറ്റർ | 11.53 ച.മീറ്റർ |
| രണ്ടാം നില | 1538.91 ച.മീറ്റർ | 1538.91 ച.മീറ്റർ | ------------- |
| മൂന്നാം നില | 1538.91 ച.മീറ്റർ | 1273.43ച.മീറ്റർ | 265.48 ച.മീറ്റർ |
| മെഷീൻ റൂം | 10.00ച.മീറ്റർ | | 10.00ച.മീറ്റർ |
| മെഷീൻ റൂം | 9.60ച.മീറ്റർ | | 9.60ച.മീറ്റർ |
| ആകെ | 7805.16 ച.മീറ്റർ | 5833.66ച.മീറ്റർ | 1971.5 ച.മീറ്റർ |

കേരള മുനിസിപ്പാലിറ്റി വസ്തുനികുതി ചട്ടം 2011 ലെ റൂൾ 3 (4) പ്രകാരം ചുമത്തുന്ന വസ്തുനികുതി കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം റൂൾ 2(പി) പ്രകാരം കെട്ടിടത്തിന്റെ എല്ലാ നിലകളിലെയും ഫ്ലോർ ഏരിയയും, കോമൺ ഏരിയയും ഉൾപ്പെട്ടതാണ്. ഇത് പ്രകാരം 7805.16 ച.മീ ഏരിയയ്ക്ക് വസ്തുനികുതി ചുമത്തേണ്ടതിന് പകരം 5833.66ച.മീറ്റർ നികുതി ചുമത്തിയതിലൂടെ 1971.5 ച.മീ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. സെല്ലാർ, തറനില, ഒന്നാം നില, രണ്ടാംനില എന്നിവ നിർമ്മിക്കുന്നതിനു മാത്രമാണ് പെർമിറ്റിൽ അനുവാദം നൽകിയിട്ടുള്ളത്, എന്നാൽ മൂന്നാം നില നിർമ്മിച്ചതിനാൽ, തറവിസ്തീർണ്ണ അനുപാതത്തിലും, ഗണം മാറിയതിനാൽ കവറേജിലും, കാർ പാർക്കിംഗ് എന്നിവയിലും മാറ്റം വരുകയും ചെയ്തിട്ടുണ്ട്. അതിനാൽ അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നികുതി നിർണ്ണയിച്ച് മേൽ കാണിച്ച പ്രകാരം നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ് (PARA-2-3 കാണുക)

1-11 മാതൃഭൂമി - പ്രിന്റിംഗ് &പബ്ലിഷിംഗ് വ്യവസായകെട്ടിടം - പെർമിറ്റ് അനുവദിച്ചതിലും, നികുതി നിർണണയിച്ചതിലുമുള്ള അപാകതകൾ

നഗരസഭയുടെ 2020 – 21 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ .നഞ്ച ഭൂമിയിൽ ഉൾപ്പെട്ട സ്ഥലത്തും ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു .

ഫയൽ നമ്പർ - എ3 – 214/16 തീയതി 08/03/2016

നഗരസഭയിൽ പരിധിയിലുള്ള 282/2, 278/2എ, 278/2ബി, 278/2സി എന്നീ റിസർവ്വേ നമ്പറിൽ ഉൾപ്പെട്ട 740.04 സെന്റ് സ്ഥലത്ത് വ്യവസായ കെട്ടിട നിർമ്മിക്കുന്നതിനായി മാതൃഭൂമി - പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ബിൽഡിംഗ് പെർമിറ്റിന് അപേക്ഷിക്കുകയും BL – 232/15-16 തീയതി 18/10/2016 പ്രകാരം 20633ച.മീറ്റർ വ്യവസായ കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പെർമിറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | ബിൽഡ് അപ് ഏരിയ |
|---|---|
| തറനില | 9566ച.മീറ്റർ |
| ഒന്നാം നില | 9478ച.മീറ്റർ |
| രണ്ടാം നില | 1588 ച.മീറ്റർ |
| മൂന്നാം നില | 0 |
| ആകെ | 20632 ച.മീറ്റർ |

282/2, 278/2എ, 278/2ബി, 278/2സി എന്നീ റിസർവ്വേ നമ്പറിൽ ഉൾപ്പെട്ട 740.04 സെന്റ് (7 ഏക്കർ 40.04 സെന്റ്) സ്ഥലത്ത് 20632.74 ച.മീറ്റർ വിസ്തീർണ്ണമുള്ള വ്യവസായ കെട്ടിടം (Occupancy Group G1 – Industrial Buildings), (Coverage -31.9%, FAR – 0.69) നിർമ്മിക്കുന്നതിനാണ് മാതൃഭൂമി മാനേജിംഗ് ഡയറക്ടർ ശ്രീ.എം.പി വീരേന്ദ്രകുമാർ അനുബന്ധ രേഖകൾ സഹിതം 08/09/2015 ൽ അപേക്ഷ സമർപ്പിച്ചത്. പ്രസ്തുത അപേക്ഷ പരിഗണിച്ച് നഗരസഭ സെക്രട്ടറിയുടെ നോട്ടിൽ ഈ സ്ഥലത്തെ സംബന്ധിച്ച് പരാതികളുണ്ടെന്നും , പ്രസ്തുത പരാതിയിന്മേൽ സ്ഥലം മുൻപ് കണ്ടൽകാടുകളായിരുന്ന നിലമായിരുന്ന പ്രാദേശമാണെന്നും, കൂടാതെ അനുമതി മണ്ണിട്ടു നികത്തിയതാണെന്നും പറയുന്നുണ്ടെന്നും ആയതിനാൽ ആർ.ഡി.ഒ മുഖേന അനുമതി വാങ്ങണമെന്നും സെക്രട്ടറി രേഖപ്പെടുത്തിയിട്ടുണ്ട്. (06/10/2015 ലെ നോട്ടിൽ) കോഴിക്കോട് തഹസിൽദാരുടെ 23/11/2015 ലെ ജി1/32069/2015 നമ്പർ കത്ത് പ്രകാരം പ്രസ്തുത സ്ഥലം ഡേറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മുഖ്യ നഗരാസൂത്രകന്റെ ഡി1/1118/2016/Ddis/ Dtd18.02.2016 & ഡി1/8990/2016/ Ddis/dtd29.09.2016 ഉത്തരവിൽ നിബന്ധനകളോടെ അനുമതി നൽകിയ കെട്ടിടത്തിന് , ഫയർ എൻ.ഒ.സി, മലിനീകരണ

നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി 20632.74ച.മീറ്റർ കെട്ടിടത്തിന് നിയമാനുസൃത പെർമിറ്റ് ഫീ ഈടാക്കി BL - 232/15-16 തീയതി 18/10/2016 പ്രകാരം പെർമിറ്റ് അനുവദിക്കുകയും നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾക്ക് (PARA-2-2കാണുക)

1-12 സുരഭിമാൾ - അനധികൃത നിർമ്മാണ ക്രമവത്ക്കരിക്കാത്തതിനാൽ തനത് ഫണ്ടിന് നഷ്ടം

പെർമിറ്റ് ഫയൽ - 1. BL-48/2011-12 തീയതി 11/12/2012

2. 10918/15 RC-34/2015-16 തീയതി

ഗോപാലൻ & പ്രഭാവതി, സുരഭിഭവൻ, ചേളാരി, വെളിമുക്ക് തുടങ്ങിയവരുടെ റീസർവ്വേ നമ്പർ 295/5എ1എ, 297/3, 293/10 എന്നിവയിൽ ഉൾപ്പെട്ട 70.04 സെന്റ് സ്ഥലത്ത് Commercial Cum Dormitory കെട്ടിടം നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന് BL-48/2011-12 തീയതി 11/12/2012 പ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു. (Plinth Area-6351.90 ച.മീറ്റർ,carpet Area 3657.38 ച.മീറ്റർ ,Floor Area - 4731.61 ച.മീറ്റർ)

പെർമിറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | ബിൽഡ് അപ് ഏരിയ |
|---|---|
| സെല്ലാർ | 1674.89ച.മീറ്റർ |
| തറനില | 1493.94ച.മീറ്റർ |
| ഒന്നാം നില | 1538.91 ച.മീറ്റർ |
| രണ്ടാം നില | 1538.91 ച.മീറ്റർ |
| സറ്റെയർ റൂം | 24.84 ച.മീറ്റർ |
| സറ്റെയർ റൂം | 24.84 ച.മീറ്റർ |
| ഫയർ സറ്റെയർ റൂം | 24.58 ച.മീറ്റർ |
| ലിഫ്റ്റ് 1 | 5.63ച.മീറ്റർ |
| ലിഫ്റ്റ് 2 | 5.76 ച.മീറ്റർ |
| മെഷീൻ റൂം | 10.00ച.മീറ്റർ |
| മെഷീൻ റൂം | 9.60ച.മീറ്റർ |
| ആകെ | 6351.90 ച.മീറ്റർ |

ഇത് പ്രകാരം സെല്ലാർ 1674.59 ച.മീറ്റർ, ഗ്രൗണ്ട് ഫ്ലോർ 1493.94 ച.മീ, ഒന്നാം നില 1538.91 ച.മീ., രണ്ടാം നില 1538.91 ച.മീ പ്ലിന്ത് ഏരിയയിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി. കെട്ടിട നമ്പറിനായി അപേക്ഷിക്കുകയും ഫയൽ നമ്പർ 1707/14/22/05/2014 പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ 5/665-A1 മുതൽ 5/665-A24 വരെ 24 നമ്പറുകളും ഒന്നാം നിലയിൽ 5/665-A25 മുതൽ 5/665-A46 വരെ 22 നമ്പറുകളും, രണ്ടാം നിലയിൽ 5/665-A46 മുതൽ 5/665-A55വരെ 9നമ്പറുകളും നൽകിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില എന്നിവ വാണിജ്യാവശ്യത്തിനും, രണ്ടാം നിലയിലെ മുറികൾ ഡോർമിറ്ററി എന്ന നിലയിലുമാണ് നമ്പർ നൽകി 2013-14 സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത്.

30.11.2016ന് ജി. രവിശങ്കർ എന്ന വ്യക്തി ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 12.04.2017ന് കെട്ടിട നിർമ്മാണം നിർത്തി വെക്കാൻ നഗരസഭ സെക്രട്ടറി നിർദ്ദേശം നൽകി. തുടർന്ന് കെട്ടിടഉടമ സർക്കാരിനെ സമീപിച്ചതിനെ തുടർന്ന് 30.05.2017ന്

ത.സ്വ.ഭ. ആർ.ബി.3/0101/2017 നമ്പർ കത്ത് പ്രകാരം സുരഭി മാളിന് റെസ്യൂം മെമ്മോ നൽകുവാൻ നിർദ്ദേശിച്ചു. ആയതനുസരിച്ച് 20.06.2017 എ3/5471/17 പ്രകാരം സെക്രട്ടറി റെസ്യൂം മെമ്മോ നൽകിയിട്ടുണ്ട്. ത.സ്വ.ഭ.വ. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 09.10.2017ലെ കത്തിൽ പ്രസ്തുത കെട്ടിടത്തിൽ ചട്ട ലംഘനം നിലനിൽക്കുന്നുവെന്ന് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ട് നൽകിയതിനാൽ പ്രവർത്തനം നിർത്തിവെയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കുവാൻ നഗരസഭാ സെക്രട്ടറിയോ ട് നിർദ്ദേശിച്ചു. ആയത് പ്രകാരം 12/04/2017 ലെ എ3/3385/2017 നമ്പർ നോട്ടീസ് പ്രകാരം ചട്ടം -18 -1(3) പ്രകാരം മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ കെട്ടിട നിർമ്മാണം നിർത്തിവെയ്ക്കുന്നതിന് നോട്ടീസ് നൽകുകയും,ആയതിന് മറുപടി ലഭ്യമാക്കി തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 15.02.2018 ലെ ത.സ്വ.ഭ.വ .ആർ.ബി 3/295/2017 കത്ത് പ്രകാരം സുരഭിമാൾ പൂർണ്ണതോതിൽ പ്രവർത്തിച്ചു വരികയായതിനാൽ അതിന്റെ പ്രവർത്തനം നിർത്തി വയ്പിക്കേണ്ടതില്ലായെന്നും, നിലവിലുള്ള ചട്ടലംഘനങ്ങൾ പരിഹരിക്കുകയാണെങ്കിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ചട്ടം 143 പ്രകാരം ക്രമവത്ക്കരിച്ച് നൽകുന്നതിനും, അതിന് സാധിക്കുന്നതല്ലെങ്കിൽ ചട്ടലംഘനങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ നിർദ്ദേശം അനുസരിച്ച് സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ എ3-10918/15 ആർ.സി 34/15-16 തീയതി 23/07/2018) റീസർവ്വേ നമ്പർ 295/5എ1എ, 297/3, 293/10 എന്നിവയിൽ ഉൾപ്പെട്ട സുരഭിമാൾ കെട്ടിടം പരിശോധിച്ചതിൽ കെ.എം.ബി ആർ ചട്ടം 31, 55 ,8 (എ).117 എന്നിവ ലംഘിക്കുന്നതാണെന്നും, കൂടാതെ സി.റ്റി.പി, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗം ടി കെട്ടിടം പരിശോധിക്കുകയും , ചട്ടലംഘനങ്ങൾ നിലനിൽ ക്കുന്നതായി റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുള്ളതാണെന്നും. ആയതിനാൽ കെ.എം.ബി ആർ ചട്ടം 143 പ്രകാരം ക്രമവത്ക്കരിക്കാൻ സാധിക്കുകയില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ ക്രമവത്ക്കരണ ഉത്തരവ് (ജി.ഒ(പി) നം.11/2018/LSGD/15/02/2018) പ്രകാരവും പ്രസ്തുത കെട്ടിടത്തിന്റെ ഉയരം ബിൽഡിംഗ് ലെവലിൽ നിന്നും 16.20 മീറ്ററും , റോഡിൽ നിന്നുള്ള ഉയരം 16.80 മീറ്ററും ആണെന്നും, ടി കെട്ടിടം ക്രമവത്ക്കരിക്കാൻ കഴിയില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.(എ3-10918/15 ആർ.സി 34/15-16 തീയതി 15/06/2019)

നഗരസഭ സെക്രട്ടറി (ഇൻ ചാർജ്ജ്) 02/08/2019 ൽ ഗവ.സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പിന് നൽകിയ റിപ്പോർട്ടിൽ കെ.എം.ബി ആർ ചട്ടം 117 ലംഘനം ഉള്ളതിനാൽ ക്രമവത്ക്കരിക്കാൻ സാധിക്കുകയില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത കെട്ടിടത്തിന്റെ ചട്ടലംഘനത്തെക്കുറിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 14/08/2019ൽ ബഹു.തദ്ദേശസ്വയംഭരണ (ആർ.ബി)വകുപ്പ് അണ്ടർ സെക്രട്ടറിയുടെ ചേംബറിൽ നടന്ന ഹിയറിംഗിനു ശേഷം 03.09.2019 ലെ ത.സ്വ.ഭ.വ .ആർ.ബി 3/295/2017 കത്തിൽ നിർദ്ദേശത്തിനനുസരിച്ച് കെട്ടിടം ക്രമവത്ക്കരിക്കുന്നതിനായി ലഭിച്ച അപേക്ഷ മുഖ്യനഗരാസൂത്രകന് മേഖലാ നഗരാസൂത്രകൻ മുഖേന അയച്ച് കൊടുക്കുകയും ചട്ടലംഘനം ഉള്ളതിനാൽ ക്രമവത്ക്കരിക്കാൻ സാധിക്കുകയില്ല എന്നറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

09/06/2021 ലെ സർക്കാർ ഉത്തരവ് (സാധാ)നം.1113/2021 *ത.സ്വ.ഭ.വ പ്രകാരം ക്രമവത്ക്കരണ ചട്ടത്തിലെ ചട്ടം 10 പ്രകാരം ജില്ലാതല കമ്മിറ്റി നിരസിച്ച അപേക്ഷകളിന്മേൽ സർക്കാരിന് റിവ്യൂ പരിഗണിക്കാവുന്നതാണെന്നും. ആയതിനാൽ പ്രസ്തുത നിർമ്മാണത്തിന് ബാധകമായ 2,34,54,414* /-(രണ്ടുകോടി മുപ്പത്തിനാല് ലക്ഷത്തി അമ്പത്തി നാലായിരത്തി ഒരിനൂറ്റി നാല്പത്തി നാല് രൂപാ മാത്രം )

ഈടാക്കി നിബന്ധനകളോടെ ക്രമവത്ക്കരണത്തിന് പരിഗണിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. (PARA-2-1 കാണുക)

## 1-13 അനധികൃത നിർമാണം- തുടർ നടപടികൾ അനിവാര്യം

ശ്രീ പ്രേംജിത്ത്, പ്രഭാവതി എന്നിവർക്ക് BL-431/15-16 തിയതി 05-03-2016 പെർമിറ്റ് പ്രകാരം ഒരു വാണിജ്യകെട്ടിടം പണിയുന്നതിന് പെർമിറ്റിന് അപേക്ഷിക്കുകയും നടപടിക്രമങ്ങൾ പാലിച്ച് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഒക്യുപെൻസി അപേക്ഷ പരിഗണിച്ച് 23/08/2018 ഒക്യുപെൻസി അനുവദിക്കുകയും 2018-19 പ്രാബല്യത്തിൽ നഗരസഭ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കിവരുന്നു. കെട്ടിടത്തിന്റെ വിവിധ നിലകളുടെ വിസ്തീർണം താഴെ കൊടുക്കുന്നു

| | |
|---|---|
| ബേസ്മെന്റ് | 919.64 ച.മീറ്റർ |
| തറ നില | 804.56ച.മീറ്റർ |
| ഒന്നാം നില | 804.56ച.മീറ്റർ |
| രണ്ടാം നില | 698.56ച.മീറ്റർ |
| മൂന്നാം നില | 698.56ച.മീറ്റർ |
| ടെറസ്സ് | 44.77ച.മീറ്റർ |
| ആകെ | 3970.65ച.മീറ്റർ |

പൂർത്തീകരിച്ച മേൽ കെട്ടിടത്തിന് 11/469-A1 മുതൽ 11/469- A 18 വരെ നമ്പർ നൽകി നികുതി ഈടാക്കുന്നുണ്ട് (2018 മുതൽ പ്രാബല്യം). പെർമിറ്റ് നൽകിയ മുഴുവൻ തറ വിസ്തീർണത്തിനും (3970.65 ചമി) നഗരസഭ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നുണ്ട്.

20.12.21 ന് നഗരസഭ ജീവനക്കാരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1.സെല്ലാർ - പാർക്കിംഗ് ഏരിയ മുഴുവനായും പഴം പച്ചക്കറി സാധനങ്ങൾ സംഭരിക്കുന്നതി നും, പാക്ക് ചെയ്യുന്നതിനായുമാണ് ഉപയോഗിക്കുന്നത്. മദ്ധ്യഭാഗത്തായി ഓഫീസ് രീതിയിൽ അലൂമിനിയം ഫാബ്രിക്കേഷൻ നടത്തി പാർട്ടീഷൻ ചെയ്തതായി കാണുന്നു. കൂടാതെ പ്ലാനിൽ കാണിച്ച യാത്രക്കാർക്ക് ഉപയോഗിക്കുന്നതിനുള്ള ലിഫ്റ്റ് പൂർണ്ണമാക്കാ തെ ഉപയോഗിക്കാൻ പറ്റാത്ത രീതിയിൽ അടച്ചിട്ടുണ്ട്.

2.ഗ്രൗണ്ട് ഫ്ലോർ - പഴം പച്ചക്കറി വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. ഗ്രൗണ്ട് ഫ്ലോറിന്റെ മുൻഭാഗം മുന്നോട്ട് നീട്ടി ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റ് ഇട്ടിട്ടുണ്ട്.

3.ഒന്നാം നില – വലത് ഭാഗം ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കുന്നു. ഇടത് ഭാഗം ഒഴിച്ചിട്ടിരിക്കുന്നു.

രണ്ടാം നിലയും ,മൂന്നാം നില എന്നിവ പൂർണ്ണമായും ഒഴിച്ചിട്ടിരിക്കുന്നു.

4.കെട്ടിടത്തിന്റെ ടെറസ്സ് പൂർണമായും മേൽക്കൂര(ഷീറ്റ്) പണിയുകയും, നാലു ഭാഗവും മറക്കുകയും ചെയ്തിട്ടുണ്ട്. മറ്റു നിലകൾക്ക് സമാനമായ വിസ്തൃതിയിലാണ് ഇത് പണിതിട്ടുള്ളത്. അനധികൃതമായി നിർമാണം നടത്തിയ തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണയിച്ചിട്ടില്ല.

കൂടാതെ 22/12/21 ന് നഗരസഭ ഹെൽത്ത് വിഭാഗം നടത്തിയ ലൈസൻസ് സംബന്ധിച്ച സൈറ്റ് പരിശോധനയിൽ തോട്ടുങ്ങൽ സുരഭി ട്രേഡ് സെന്റർ എന്ന സ്ഥാപനത്തിൽ XI/469-A9 എന്ന റൂമിൽ ശ്രീ മഹേഷ് പറന്നാട്ടിൽ കൊളത്തറ എന്ന മേൽ വിലാസത്തിലുള്ള ആളുടെ പച്ചക്കറികൾ, പഴം വർഗ്ഗങ്ങൾ, പലചരക്ക് സാധനങ്ങൾ എന്നിവ കയറ്റുമതി ചെയ്യുന്ന സ്ഥാപനമാണ് പ്രവർത്തിക്കുന്നതെന്നും, XI/488-B-10 റൂം ഓഫീസായും പ്രവർത്തിക്കുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് മുറികളിലുള്ള കച്ചവട സ്ഥാപനങ്ങളുടെ പ്രവർത്തനം നിലച്ചുപോയതിനാൽ ലൈസൻസ് എടുത്തിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

ടെറസ് ഭാഗത്തെ നിർമാണം ബിൽഡിംഗ് റൂൾ പ്രകാരം അനുവദനീയമാണോയെന്ന് പരിശോധിക്കേണ്ടതാണ്. ആണെങ്കിൽ, നിയമം അനുശാസിക്കും വിധം പിഴ ഈടാക്കി ക്രമവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അനധികൃതമായി നിർമിച്ച ഭാഗം സ്ഥലപരിശോധന നടത്തി അളന്ന് തിട്ടപ്പെടുത്തി നികുതി അനധികൃത നിർമ്മാണത്തിന് ബാധകമായ വസ്തുനികുതിക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ ഈ ഭാഗത്തെ നിർമാണം ബിൽഡിംഗ് റൂൾ പ്രകാരം അനുവദനീയമല്ലെങ്കിൽ പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥല പരിശോധന വേളയിൽ നഗരസഭ പരിധിയിൽ പല കെട്ടിടങ്ങളുടെ ടെറസ് ഭാഗത്തും, കെട്ടിടത്തിന്റെ മുൻ ഭാഗവും ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ട് . (ബസ്സ് സ്റ്റാന്റ് കെട്ടിടം) അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല. അനധികൃത കെട്ടിടത്തെ സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനുള്ള ശക്തമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

1-14 ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ -NOCഹാജരാക്കിയില്ല അനധികൃതനിർമ്മാണം പൊളിച്ചുമാറ്റിയില്ല

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | 214/21 |
| വകയിരുത്തിയ തുക | 1178037/-(CFC Grant)<br>21963/-(Ownfund) |
| ചെലവഴിച്ച തുക, ബിൽ നമ്പർ, തീയതി | 1178037/-(64/30.03.21)<br>9886/-(ചെക്ക് നം.90073/31.3.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

| | |
|---|---|
| കോൺട്രാക്ടർ | അനിൽകുമാർ.പി |
| എഗ്രിമെന്റ് നമ്പർ | AE/RM/26 /20-21dt.19.12.20 |

സർക്കാരിന്റെ പന്ത്രണ്ടിന പരിപാടികളുടെ ഭാഗമായി രാമനാട്ടുകര അങ്ങാടിയിൽ ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം സ്ഥാപിക്കുന്നതിനായി ആസൂത്രണം ചെയ്ത പദ്ധതി പ്രകാരമുള്ള നിർദ്ദിഷ്ട കെട്ടിടം കോഴിക്കോട്-തൃശ്ശൂർ ദേശീയപാതക്കും കോഴിക്കോട്-പാലക്കാട് ദേശീയപാതക്കുമിടയിലുള്ള സ്ഥലത്താണ് നിർമ്മിച്ചിരിക്കുന്നത്.ദേശീയപാത അതോരിറ്റിയുടെ കൈവശമുള്ള പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് നിരാക്ഷേപപത്രം അനുവദിക്കുന്നതിന് 22.10.20ലെ DCKKD/7572/20/L1 കത്ത് പ്രകാരം ജില്ലാകലക്ടർ ആവശ്യപ്പെട്ടതായി കാണുന്നുണ്ട്. എന്നാൽ നിരാക്ഷേപപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. നിരാക്ഷേപപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാ ണ്.

കൂടാതെ ഈ റോഡുകളിൽ തുടർവർഷങ്ങളിൽ ഈ നിർമ്മാണപ്രവൃത്തികളെ ബാധിക്കുന്ന രീതിയിൽ പുതിയനിർമ്മാണങ്ങളോ പദ്ധതികളോ നടപ്പിലാക്കുന്നില്ല എന്നതു സംബന്ധിച്ച വിവരം ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങേണ്ടതാണ്.

അനധികൃതനിർമ്മാണം പൊളിച്ചുമാറ്റിയില്ല

നഗരസഭയിലെ ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ ഭാഗമായി കഫറ്റീരിയ നടത്തുന്ന ശ്രീ അബ്ദുൾ നസീർ എന്നയാൾ കെട്ടിടത്തിൽ അനധികൃതനിർമ്മാണങ്ങൾ നടത്തുന്നതായി ലഭിച്ച പരാതിയിൽ എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ അന്വേഷണത്തിൽ ചുമർ കട്ട് ചെയ്തതായും കെട്ടിടത്തിന്റെ രണ്ട് സൈഡിലും മുകൾഭാഗം ഷീറ്റിട്ടതായും റിപ്പോർട്ട് ചെയ്തിരുന്നു. നഗരസഭ സ്റ്റോപ്പ് മെമ്മോ നൽകിയതിനെ തുടർന്ന് എല്ലാ അനധികൃത നിർമ്മാണങ്ങളും പൊളിച്ചുമാറ്റിയതായി ലൈസൻസി അറിയിച്ചു .ആയതിന്റെ നിജസ്ഥിതി എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എന്നാൽ 17.12.2021ന് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ രണ്ട് സൈഡിലും മുകൾഭാഗം ഷീറ്റിട്ട നിലയിലാണെന്ന് ബോധ്യപ്പെടുകയുണ്ടായി. അനധികൃതനിർമ്മാണം പൊളിച്ചുമാറ്റാതെ ഇപ്പോഴും നിലനിൽ ക്കുകയാണ്. അനധികൃതനിർമ്മാണം പൊളിച്ചുനീക്കാൻ നടപടി സ്വീകരിക്കാത്തതിനും നഗരസഭയെ തെറ്റിദ്ധരിപ്പിക്കുംവിധം എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് നൽകിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/ 20-21തിയ്യതി 21.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് പരിശോധനകൾ നടത്താത്തതും പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളിൽ പോലും യഥാസമയം നടപടികൾ സ്വീകരിക്കാത്തതും ഇത്തരം നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നു.
അനധികൃതനിർമ്മാണങ്ങൾ പൊളിച്ചു നീക്കി വിവരം അറിയിക്കേണ്ടതും നിരാക്ഷേപപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-15 രാമനാട്ടുകര നഗരസൗന്ദര്യ പദ്ധതി - പ്രവൃത്തി പൂർത്തിയായില്ല.

രാമനാട്ടുകര നഗര വികസന പദ്ധതിയുടെ ഭാഗമായി ഡ്രെയിനേജ് / ഡക്റ്റ്/ ഫുട്പാത്ത്/ പാർക്കിംഗ് സംവിധാനങ്ങൾ , ടേക്ക് എ ബ്രേക്ക്/ശുചിമുറി/ടോയിലറ്റ് നിർമ്മാണം എന്നിവ ഒരുക്കുന്നതിന്

6,61,73,452 രൂപ കാലിക്കറ്റ് ഡവലപ്പ്മെന്റ് അതോറിറ്റിയുടെ ഫണ്ട് 19.10.2017 ന് നഗരസഭയുടെ ടി.പി. അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി താഴെ കൊടുത്ത മൂന്ന് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയി ട്ടുണ്ട്.

| | | |
|---|---|---|
| 1. | ഡ്രെയിനേജ്/പാർക്കിംഗ് പ്ലേസ്/ ഫുട് പാത്ത് | 60,000,000 |
| 2. | ടേക്ക് എ ബ്രേക്ക് | 17,73,452 |
| 3. | സ്ട്രീറ്റ് ലൈറ്റ് | 44,00,000 |
| | | 6,61,73,452 |

മേൽ എസ്റ്റിമേറ്റിന്റെ ഭാഗമായി പ്രവൃത്തികൾ വിവിധ ഏജൻസികൾക്ക് ഏല്പിച്ച് നൽകുകയാണുണ്ടായത്. ഇതിന് തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | ഡ്രെയിനേജ്/പാർക്കിംഗ് പ്ലേസ്/ഫുട്പാത്ത് | 60000000 | പി.ഡബ്ല്യു.ഡി. എൻ.എച്ച്.ഡിവിഷന് തുക കൈമാറിചെക്ക് നം.5130019/5.9.19 |
| 2. | സ്ട്രീറ്റ് ലൈറ്റ് | 4400000 | ചെക്ക് നം.5130728/3.12.2020 പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗം |
| 3. | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് | 868275 | കെ.എസ്.ഇ.ബി.ചെക്ക് – 5130770/ 14.8.21 |
| | | 65268275 | |

മേൽ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1. ഫുട്പാത്ത്/ഡ്രെയിനേജ്/കാർ പാർക്കിംഗ് എന്നിവയ്ക്കായി പി.ഡബ്ല്യു.ഡി. എൻ.എച്ച്. വിഭാഗം തയ്യാറാക്കിയ 6 കോടി രൂപയുടെ എസ്റ്റിമേറ്റിന് തുക ഡെപ്പോസിറ്റ് ചെയ്തതായി കാണുന്നു. എന്നാൽ തുക ഡെപ്പോസിറ്റ് ചെയ്ത് 2 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയായിട്ടില്ല. കൂടാതെ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത പ്രവൃത്തിയുടെ 25 ശതമാനം പോലും ചെയ്തതായി കാണുന്നില്ല. പ്രവൃത്തിയ്ക്ക് വേണ്ടി തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ എന്ന് പൂർത്തിയാക്കും എന്നതിനെപ്പറ്റി യാതൊരു എഗ്രിമെന്റും പി.ഡബ്ല്യു.ഡി.എൻ.എച്ച്. ഡിവിഷനുമായി വെച്ചിട്ടില്ല. ഈ അഭാവത്താൽ നഗരസഭയ്ക്ക് പ്രവൃത്തി പൂർത്തീകരണ കാലത്തെപ്പറ്റി യാതൊരു വിവരവും ലഭ്യമല്ല.

2. സി.ഡി.എ.യിൽ നിന്ന് ലഭ്യമായ ഫണ്ടിൽ നിന്ന് 65268275 രൂപ നാളിതു വരെ ചെലവഴിച്ചിട്ടുണ്ട്. 9,05,177 രൂപ അവശേഷിക്കുന്നുണ്ട്. അതേ സമയം ടേക്ക് എ ബ്രേക്കിന് വേണ്ടി 2020-21, 2021-22 വർഷങ്ങളിൽ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് 15,14,191 രൂപ ചെലവഴിച്ച് ഒരു ടോയ് ലറ്റ് കോംപ്ലക്സ് നിർമ്മിച്ചിട്ടുണ്ട്. കൂടുതൽ ടോയ് ലറ്റ് ആവശ്യമായതിനാൽ മേൽ തുക

വിനിയോഗിച്ച് കൂടുതൽ സൗകര്യം ഒരുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഈ പദ്ധതിയുടെ സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചതിൽ ചീഫ് എഞ്ചിനീയറുടെ 21.11.2018 ലെ ഡി.4/14378/2018/സി.ഇ/ എൽ.എസ്.ജി.ഡി. കത്ത് പ്രകാരം 8 പരാമർശങ്ങൾ നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്ന റോഡ് പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗത്തിന്റെ അധീനതയിൽ ആയതിനാൽ ഈ പദ്ധതി റോഡിൽ നടപ്പാക്കുന്നതിന് അനുമതി പത്രം ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ലഭ്യമായിട്ടില്ല. കൂടാതെ ഈ റോഡുകളിൽ തുടർ വർഷങ്ങളിൽ ഈ നിർമ്മാണ പ്രവൃത്തികളെ ബാധിക്കുന്ന രീതിയിൽ പുതിയ നിമ്മാണങ്ങളോ പദ്ധതികളോ നടപ്പാക്കുന്നില്ല എന്നത് സംബന്ധിച്ച വസ്തുതകൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങേണ്ടതാണ് എന്ന് വ്യക്തമായിട്ടും അത്തരത്തിൽ ഒരു സാക്ഷ്യപത്രം ഫയലിൽ ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/2020-21/തീയതി 22/12/2021) മറുപടി ലഭ്യമാക്കിയിട്ടില്ല, അപാകതകൾ പരിഹരിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-16 സ്ട്രീറ്റ് ടാപ്പ്, വെള്ളക്കരം, അധികം ഒടുക്കിയ തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

I 2019 ഏപ്രിൽ മാസം മുതൽ 2020 ഏപ്രിൽ മാസം വരെ പ്രതിമാസം 79,497 രൂപ നിരക്കിലും 2020 മെയ് മാസം മുതൽ 36135/- രൂപ വീതവും വെള്ളക്കരം ഇനത്തിൽ നഗരസഭ കേരള വാട്ടർ അതോറിറ്റിയ്ക്ക് പണം ഒടുക്കുന്നുണ്ട്. ഇത്തരത്തിൽ 2019-20, 2020-21 വർഷം ആകെ 14,81,535/- രൂപ ഈ ഇനത്തിൽ ഒടുക്കിയിട്ടുണ്ട്. (79497x15+36135x8=14,81,535) ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2016 ഏപ്രിൽ മാസം മുതൽ പ്രതിമാസ വെള്ളക്കരം 79497 രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്. (ഇതിന് മുൻപത്തെ കാലയളവ് ഫയലിൽ ലഭ്യമല്ല.) സ്ട്രീറ്റ് ടാപ്പ് പ്രവർത്തനക്ഷമമല്ല എന്നും, അത് പരിശോധിക്കാൻ ജോയിന്റ് ഇൻസ്പെക്ഷൻ വേണമെന്നും നഗരസഭ നിരന്തരം വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഇൻസ്പെക്ഷൻ നടത്തുകയും, ആകെയുള്ള 121 ടാപ്പുകളിൽ 55 മാത്രമാണ് പ്രവർത്തനക്ഷമമെന്ന് കണ്ടെത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 2020 മെയ് മാസം മുതൽ പ്രതിമാസ വാട്ടർ ചാർജ്ജ് 79,497/- രൂപയിൽ *39135 രൂപയായി കുറവ് ചെയ്തു. 2016 ഏപ്രിൽ മാസം മുതൽ പ്രതിമാസം 79,497* രൂപ നഗരസഭ വാട്ടർ അതോറിറ്റിയ്ക്ക് അടയ്ക്കുന്നുണ്ട്. ആ കാലഘട്ടത്തിലും ടാപ്പ് കേടായത് സംബന്ധിച്ച പരാമർശവും ഫയലിൽ ഉണ്ട്. അതിനാൽ കുറവ് ചെയ്ത സംഖ്യ 40,362/- രൂപ (79497-39135) 2016 ഏപ്രിൽ മുതൽ 2020 ഏപ്രിൽ വരെയുള്ള കാലയളവായ 49 മാസം ഇളവിന് നഗരസഭയ്ക്ക് അർഹതയുണ്ട്. അധികം ഒടുക്കിയ തുകയായ 19,77,738/- രൂപ തിരികെ ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

2. 22.02.2021 ലെ കെ.ഡബ്ല്യു.എ/എച്ച്.ഒ/ആർ.എം.സി./ആർ.4/231/2021 നമ്പർ കത്ത് പ്രകാരം നഗരസഭയുടെ വെള്ളക്കരം ഡിമാന്റ് കത്തിൽ 12/2017 ലെ ഓപ്പണിംഗ് ബാലൻസ് ആയി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുക 39,32,200 രൂപ എന്നത് തെറ്റാണെന്ന് വ്യക്തമായതിനാൽ 12/2017ലെ യഥാർത്ഥ ഓപ്പണിംഗ് ബാലൻസ് 3,93,220 രൂപയായി വാട്ടർ അതോറിറ്റി ലെഡ്ജറിൽ പുനർ നിർണ്ണയിച്ച് ഈ ഇനത്തിൽ അതുവരെ 10,68,801 രൂപ നഗരസഭ അധികം ഒടുക്കിയിട്ടുണ്ടെന്നറിയിച്ചു. ഇതിന് ശേഷം അഡ്ജസ്റ്റ് ചെയ്യുന്നതിന്റെ ഭാഗമായി നഗരസഭ വാട്ടർ അതോറിറ്റിയ്ക്ക് ഒന്നും അടച്ചിട്ടില്ല.

II വിവിധ ഗഡുക്കളായി നഗരസഭയ്ക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയിൽ നിന്നും വാട്ടർ അതോറിറ്റിയ്ക്ക് ഒടുക്കുവാനുള്ള തുക, സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ തന്നെ തനത്ഫണ്ടിൽ നിന്ന് കുറവ് ചെയ്യുന്നതായി കാണുന്നു. ഇത്തരത്തിൽ നാളിത് വരെ വിവിധ ഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റിയ്ക്ക് അഡ്ജസ്റ്റ് ചെയ്ത തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | ഉത്തരവ് | തുക |
|---|---|---|
| 2018-19 | 1. ജി.ഒ. (പി.) 9858/18 ഫിൻ. തിയ്യതി 29.11.2018<br>(പ്ലാൻ ഫണ്ട് മൂന്നാം ഗഡു) | 1042033 |
| | 2. ജി.ഒ. (പി.) 10069/18 ഫിൻ. തിയ്യതി 07.12.2018<br>(ജനറൽ പർപ്പസ് ഗ്രാന്റ് ) | 260508 |
| | ആകെ | 1302541 |
| 2019-20 | 1. ജി.ഒ. (പി.) 2772/19 ഫിൻ. തിയ്യതി 03.04.2019<br>(പ്ലാൻ ഫണ്ട് ഒന്നാം ഗഡു) | 390762 |
| | 2. ജി.ഒ. (പി.) 6105/19 ഫിൻ. തിയ്യതി 01.08.2019<br>(പ്ലാൻ ഫണ്ട് രണ്ടാം ഗഡു) | 390762 |
| | 3. ജി.ഒ. (പി.) 6109/19 ഫിൻ. തിയ്യതി 01.08.2019 | 52102 |
| | ആകെ | 8,33,626 |

ഇത്തരത്തിൽ 2 വർഷങ്ങളിലായി 2136167 (1302541 + 833626= 2136167) രൂപ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ 2018-19 വർഷത്തിൽ സ.ഉ 1194/19/ധന *14.02.19 പ്രകാരം 1006488* രൂപ തിരികെ നഗരസഭയ്ക്ക് കിട്ടിയിട്ടുണ്ട്. എന്നാൽ നഗരസഭ വാട്ടർ അതോറിറ്റിയ്ക്ക് അധികം അടച്ച സംഖ്യയിൽ അവശേഷിക്കുന്ന 1129679/- രൂപ തിരികെ ലഭിച്ചതായി കാണുന്നില്ല. (2136167 - 1*006488* =1129679/-) ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റിയുമായി ആലോചിച്ച് വ്യക്തത വരുത്തി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (32/2020-21/തീയതി 22/12/2021 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-17 അനധികൃത മണൽ വാരൽ - ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഫയൽ നമ്പർ - എ2-532/2021

പ്രളയം മൂലം പുഴയിൽ അടിഞ്ഞ് കൂടിയ മണൽ നീക്കം ചെയ്ത വകയിൽ നഗരസഭയ്ക്ക് 1,76,31,920 - രൂപ ലഭിച്ചിട്ടുണ്ട്. നഗരസഭയിൽപ്പെട്ട അമിഞ്ഞാത്ത്, കോടമ്പുഴ എന്നീ കടവിൽ നിന്നാണ് എക്കൽ കലർന്ന മണൽ സർക്കാർ അനുമതിയോടെ വാരി ലേലം ചെയ്തത് . ഇത് 27.8.2020 ന് വരെ നടത്തുകയും തുടർന്ന് മണൽ വാരൽ നിർത്തിവെക്കുകയും ചെയ്തു . തുടർന്ന് പ്രസ്തുത കടവിൽ അനധികൃത മണൽ വാരൽ നടക്കുന്നതായി നഗരസഭ അറിഞ്ഞതിനാൽ കോടമ്പുഴ കടവ് അടച്ചുപൂട്ടി, അമിഞ്ഞാത്ത് കടവിനോട് ചേർന്നുള്ള ഭാഗം കോൺക്രീറ്റ് ബ്ലോക്കുകൾ സ്ഥാപിച്ച് ചങ്ങല ഉപയോഗിച്ച് പൂട്ടണമെന്ന നിർദ്ദേശത്തെ തുടർന്ന് 25000/-രൂപയുടെ എസ്റ്റിമേറ്റ് നഗരസഭ എഞ്ചിനീയർ തയ്യാറാക്കി.

07.09.2021 ൽ ഫറോക്ക് പോലീസ് സ്റ്റേഷനിൽ നിന്നുള്ള 516/സി2/21 നമ്പർ കത്ത് പ്രകാരം രാമനാട്ടുകര മുൻസിപ്പാലിറ്റിയിൽപ്പെട്ട അമിഞ്ഞാത്ത്,മൂർക്കനാട്, കല്ലടക്കടവ്, കോടമ്പുഴ എന്നീ കടവുകളിൽ നിന്ന് വ്യാപകമായി പുഴമണൽ അനധികൃതമായി ഖനനം ചെയ്ത് കൊണ്ടു പോകുന്നുണ്ടെന്നും, 2021 ജൂലായ് മാസത്തിൽ 3 വാഹനങ്ങളും, ആഗസ്ത് മാസത്തിൽ 2 വാഹനങ്ങളും, ഒരു നമ്പർ ഇല്ലാത്ത വാഹനവും പിടിച്ചെടുത്തിട്ടുണ്ടെന്നും അറിയിച്ചു. കേരള നദീതീര സംരക്ഷണ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരവും അറിയിച്ചിട്ടുണ്ട്. ഈ കടവിൽ മണൽ വാരൽ രാത്രി ഒരു മണിയ്ക്ക് ശേഷം നടക്കുന്നുണ്ടെന്നും, വാരുന്ന ആളുകൾ ഈ പ്രദേശത്ത് തന്നെ താമസിക്കുന്നവരാണെന്നും 10.01.2021 ന് കടവ് പരിസരവാസികൾ നഗരസഭ സെക്രട്ടറിക്ക് നൽകിയ പരാതിയിൽ അറിയിച്ചിട്ടുണ്ട്.

സ്റ്റേഷൻ ഓഫീസർ അറിയിച്ച 4 കടവുകളും എത്രയും പെട്ടെന്ന് കോൺക്രീറ്റ് ബ്ലോക്കുകൾ സ്ഥാപിച്ച് കടവ് അടച്ച് അനധികൃത മണൽ ഖനനം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് പ്രവൃത്തികൾ-6.9 കോടി ചെലവഴിച്ചിട്ടും പൂർത്തിയായില്ല.

കേരള ജല വിതരണ അതോറിറ്റി നടപ്പാക്കുന്ന ചീക്കോട് കുടിവെള്ള പദ്ധതിയുടെ പൈപ്പിടൽ പ്രവൃത്തിയ്ക്കായി നഗരസഭാ പരിധിയിലെ ഭൂരിഭാഗം റോഡുകളും കുഴിച്ച് പ്രവൃത്തി നടത്തിയിരുന്നു. 2018-19 വർഷം മുതലുള്ള നഗരസഭയുടെ വാർഷിക പദ്ധതികളിലെ റോഡു പ്രവൃത്തികളിൽ 90% ഉം ഇത്തരത്തിൽ പൈപ്പിടലിനായി കുഴിച്ച റോഡുകളുടെ റീഫോർമേഷനും, പാച്ച് വർക്കുമാണ്. 2021-22 ലും ഇതു തുടരുന്നുണ്ട്. എന്നാൽ റോഡുകൾ കുഴിച്ചയിനത്തിൽ, ഇവയുടെ റീഫോർമേഷനായി ജല വിതരണ അതോറിറ്റിയിൽ നിന്നും ആകെ 2,70,11,000/- രൂപ മാത്രമാണ് നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളത് . 2018-19 മുതൽ ഇതുവരെ ഈയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| വർഷം | New/Spill Over | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 2018-19 | New Project | 43 | 16193653 | 7256951 |
| 2019-20 | New Project | 180 | 31420594 | 29165657 |

| | | | | |
|---|---|---|---|---|
| | Spillover Project | 8 | 2254937 | 2254937 |
| 2020-21 | New Project | 53 | 27716000 | 15230727 |
| | Spillover Project | 60 | 27215137 | 13986849 |
| 2021-22 | New Project | 3 | 1191000 | - |
| | Spillover Project | 48 | 21438250 | 1344042 |
| | Total | | | 69239163 |

മുനിസിപ്പൽ എഞ്ചിനീയർ റീഫോർമേഷൻ ചാർജ്ജിനത്തിൽ 783.546 ലക്ഷം രൂപ അടവാക്കുവാൻ ആവശ്യപ്പെട്ട് കെ.ഡബ്ല്യു.എ. മലപ്പുറം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നെങ്കിലും ഈ പദ്ധതി പ്രകാരം റീസ്റ്റൊറേഷൻ ഇനത്തിൽ വകയിരുത്തിയ 2,70,11,000/- രൂപ മാത്രമാണ് നഗരസഭക്ക് ലഭിച്ചിട്ടുള്ളത്. ബാക്കി തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. റീഫോർമേഷൻ ചാർജിനത്തിൽ ലഭിച്ച തുകയുടെ ഇരട്ടിയിലധികം ചെലവഴിച്ചിട്ടും റോഡുപണി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിച്ച റോഡുകൾ വീണ്ടും പൊളിഞ്ഞു കൊണ്ടിരിക്കുകയുമാണ്. ഈയിനത്തിൽ കോടികളുടെ നഷ്ടമാണ് നഗരസഭക്ക് വന്നു കൊണ്ടിരിക്കുന്നത്. മേൽവിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കൗൺസിലിന്റെ യും ശ്രദ്ധയിൽപ്പെടുത്തി ബാക്കി തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരി ക്കേണ്ടതാണ്.

1-19 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ 1% ഇതിന്റെ കളക്ഷൻ ചാർജ്ജ് ഇനത്തിൽ അതാത് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20, 2020-21 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമനിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെ ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയാണ് ചെയ്തിട്ടുള്ളത്. നഗരസഭാ ഫണ്ടിലേക്കുള്ള വരവിനമായ കളക്ഷൻ ചാർജ്

ഈടാക്കാതെ തുക പൂർണ്ണമായും ബോർഡിലേക്ക് അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ചട്ടപ്രകാരമുള്ള കളക്ഷൻചാർജ് ഈടാക്കേണ്ടതുമാണ്. കളക്ഷൻ ചാർജ് ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/ 20-21 തീയതി 22.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള കളക്ഷൻചാർജ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 പ്രോജക്റ്റ് വെക്കാതെ തുക ചെലവഴിച്ചു.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | 355/20<br>എഫ്.എച്ച്.സി.രാമനാട്ടുകര വൈദ്യുതീകരണം |
| വകയിരുത്തിയ തുക | 76000/-(തനത് ഫണ്ട് )<br>50000/-(MG-NR) |
| ചെലവഴിച്ച തുക,<br>ബിൽ/ചെക്ക് നമ്പർ, തീയതി | 50000/-(49/31.03.20)<br>75691/-(705509/19.05.20) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കോൺട്രാക്ടർ | ഷാജി.പി |
| എഗ്രിമെന്റ് നമ്പർ | AE/RM/161/19-20dt.15.01.20 |

രാമനാട്ടുകര ഫാമിലി ഹെൽത്ത് സെന്റർ ഇലക്ട്രിഫിക്കേഷനായി 2019-20 ൽ വെച്ച മേൽ പ്രോജക്ട് പ്രകാരം പ്രസ്തുത വർഷം 50000/-രൂപയും 20-21ൽ 75691/-രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 20-21ലെ പ്രോജക്ടുകൾ പരിശോധിച്ചതിൽ 2019-20 ലെ മേൽ പ്രോജക്ടിന് സ്പിൽ ഓവർ പ്രോജക്ട് വെച്ചതായി കാണുന്നില്ല. പ്രോജക്ട് വെക്കാതെ 20-21 ൽ തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/20-21 തീയതി 21.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

പ്രോജക്ട് വെക്കാതെ തുക ചെലവഴിച്ചു

ഹെൽത്ത് ഇൻസ്പെക്ടറുടെ പ്രോജക്ടുകൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ട്രഷറി ബിൽ ബുക്ക്, ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്ത 2 ഇനം ചെലവുകൾ പ്രോജക്ട് വെക്കാതെ നടത്തിയതായി കണ്ടു.

| ക്രമ നം | ബിൽ/ചെക്ക് നമ്പർ | തുക/ഫണ്ടിനം | ഉദ്ദേശം |
|---|---|---|---|
| 1 | 1/18-5-20 | 56666 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | ഹരിത സഹായ സംഘത്തിന് കൺസൾട്ടൻസി ഫീസ് നൽകൽ |
| 2 | ചെക്ക് നംപർ | 217510 | ഹരിതകർമ്മസേനക്ക് |

| | | | |
|---|---|---|---|
| | 000045/23-3-21 | (ശുചിത്വമിഷൻ ഫണ്ട് സംസ്ഥാനാവിഷ്കൃതം) | വയബിലിറ്റി ഗാപ്പ് ഫണ്ട് നൽകൽ |

രാംബയോളജിക്കൽസ് എന്ന ഹരിതസഹായസംഘത്തിന്റെ ആഗസ്റ്റ് 2019 ലെ പ്രവർത്തനത്തിനുള്ള കൺസൾട്ടൻസി ഫീസ് നൽകുന്നതിന് വേണ്ടി 56666 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി പ്രൊജക്ട് വച്ച്( 115/20 ) 4-3-20 ൽ ട്രഷറിയിൽ ബിൽ സമർപ്പിച്ചുവെങ്കിലും ക്യൂ ബില്ലായതിനാൽ പണം പിൻവലിക്കാനായില്ല. ഈ തുകയാണ് 2020-21 ൽ സ്പിൽ ഓവർ പ്രോജക്ട് വയ്ക്കാതെ ക്രമ നമ്പർ 1 പ്രകാരം ചെലവഴിച്ചത്. 2020 ഡിസംബർ, 2021 ജനവരി, ഫിബ്രവരി എന്നീ മാസങ്ങളിലായി ഹരിതകർമ്മസേനക്ക് വയബിലിറ്റി ഗാപ്പ് ഫണ്ട് നൽകുന്നതിനാണ് ക്രമ നം 2 പ്രകാരം തുക ചെലവഴിച്ചത്. ഇതേ ആവശ്യത്തിനായി 179/21 പ്രോജക്ടിൽ 168000 രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. 125820 രൂപ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടുമില്ല. പ്രോജക്ട് വയ്ക്കാതെ തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (35/23-12-21) മറുപടി നൽകിയിട്ടില്ല. ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1- 21 പെർഫോമൻസ് ഗ്യാരണ്ടി പീരിയഡിനുള്ളിൽ റോഡ് തകർന്നിട്ടും തുടർനടപടികൾ സ്വീകരിച്ചില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | 87/20,288/21 വൈദ്യരങ്ങാടി-ഹൈസ്കൂൾ<br>റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് |
| വകയിരുത്തിയ തുക | 1246000/-(തനത് ഫണ്ട് ) |
| ചെലവഴിച്ച തുക,ചെക്ക് നമ്പർ, തിയ്യതി | 993242/-(705516/22.5.20)<br>169178/-(090069/31.3.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കോൺട്രാക്ടർ | മൂസ.കെ |
| എഗ്രിമെന്റ് നമ്പർ | AE/RM/45/19-20dt.23.11.19 |

കേരള ജല വിതരണ അതോറിറ്റി നടപ്പാക്കുന്ന ചീക്കോട് കുടിവെള്ള പദ്ധതിയുടെ പൈപ്പിടൽ പ്രവൃത്തിയ്ക്കായി നഗരസഭാ പരിധിയിലെ ഭൂരിഭാഗം റോഡുകളും കുഴിച്ച് പ്രവൃത്തി നടത്തിയിരുന്നു. ആയതിന്റെ ഭാഗമായി മേൽ പ്രോജക്ടുകൾ പ്രകാരം വൈദ്യരങ്ങാടി-ഹൈസ്കൂൾ റോഡ് റീഫോർമേഷൻ & പാച്ച് വർക്ക് പ്രവൃത്തി 23.3.20ൽ (ഐറിഷ് ഡ്രെയിൻ ഒഴികെ) പൂർത്തീകരിച്ചു. ഐറിഷ് ഡ്രെയിൻ പ്രവൃത്തി 19.06.20 ലാണ് പൂർത്തിയാക്കിയത്. നിർവ്വഹണോദ്യോഗസ്ഥന്റെ ചെലവുപത്രിക പ്രകാരം 2019-20 ൽ 993242/-രൂപ ചെലവായി കാണിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥ ചെലവു നടന്നിട്ടുള്ളത് 2020-21 ലാണ്.

10.12.2021ന് നടത്തിയ സ്ഥലപരിശോധനയിൽ ഹൈസ്കൂളിനു മുൻവശം ഏകദേശം 10 മീറ്റർ നീളത്തിൽ റോഡ് പൊട്ടിപൊളിഞ്ഞു കിടക്കുന്നതായി കണ്ടു. പ്രസ്തുത റോഡ് ഗ്യാരണ്ടി

പീരിയഡിനുള്ളിൽ തന്നെ പൊട്ടിപൊളിഞ്ഞതായി 11.10.21ന് ശ്രീ അരുൺലാൽ പി.കെ. എന്നവർ പരാതിയും നൽകിയിട്ടുണ്ട്. പരാതി പരിശോധിച്ച ഓവർസിയർ പരാതിയിൽ പറഞ്ഞ കാര്യങ്ങൾ ശരിവെക്കുന്നുണ്ടെങ്കിലും റോഡിന്റെ ഗ്യാരണ്ടി പീരിയഡ് 12 മാസമാണെന്നും ആയതുകഴിഞ്ഞതായും റിപ്പോർട്ട് ചെയ്തു. ആയതിന്റെ അടിസ്ഥാന ത്തിൽ പരാതിക്കാരന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ ഗ്യാരണ്ടി പീരിയഡ് കഴിഞ്ഞതിനാൽ കരാറുകാരനെകൊണ്ട് അപാകതകൾ പരിഹരിപ്പിക്കാൻ നിർവ്വാഹമില്ല എന്നറിക്കുകയാണുണ്ടായത്.

മുനിസിപ്പൽ എഞ്ചിനീയറും കരാറുകാരനുമായി ചമച്ച കരാർ (ഖണ്ഡിക 7)പ്രകാരം പ്രവൃത്തി പൂർത്തിയാക്കി അസിസ്റ്റന്റ് എഞ്ചിനീയർ അളവെടുത്ത് രേഖപ്പെടുത്തുന്ന തീയതി മുതൽ കൃത്യം രണ്ട് വർഷം ഗ്യാരണ്ടി പീരിയഡായി കണക്കാക്കുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം ഗ്യാരണ്ടി പീരിയഡിനുള്ളിൽ തന്നെയാണ് റോഡ് തകർന്നതെന്ന് വ്യക്തമാകുന്നുണ്ട്.

9.9.2013 ലെ 54044/DC3/2013/LSGD സർക്കുലർ പ്രകാരം റോഡ് നിർമ്മാണ പ്രവൃത്തി കഴിഞ്ഞ് റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ അതേ കരാറുകാരന്റെ ചെലവിൽ കേടുപാടുകൾ തീർക്കേണ്ടതാണെന്നും കരാറുകാരൻ വിസമ്മതം പ്രകടിപ്പിക്കുക യാണെങ്കിൽ ടിയാനെ കരിംപട്ടികയിൽപെടുത്തി ഭാവിയിൽ കരാറുപണിയിൽനിന്നും മാറ്റി നിർത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നടപടികളൊന്നും സ്വീകരിക്കാതെ കരാറുകാരനെ സഹായിക്കുന്നതും പൊതുപണം നഷ്ടപ്പെടുന്നതിനു ഇടവരുത്തുന്നതുമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും നിർമ്മാണവൈകല്യത്തിന് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/ 20-21തിയ്യതി 20.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും കരാറുകാരന്റെ ചെലവിൽ റോഡിന്റെ കേടുപാടുകൾ തീർത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1- 22 മിനി ഇഡസ്ട്രിയൽ എസ്റ്റേറ്റ് അറ്റകുറ്റപ്പണികൾ-ഉപയോഗപ്രദമായില്ല

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പർ,പേര് | 138/21 |
| വകയിരുത്തിയ തുക | 495000/-(CFC Grant ) |
| ചെലവഴിച്ച തുക,ബിൽനമ്പർ,തിയ്യതി | 492226/-(48/5.3.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കോൺട്രാക്റ്റർ | ദേവദാസൻ.സി |
| എഗ്രിമെന്റ് നമ്പർ | AE/RM/17/20-21dt.18.9.20 |

മിനി ഇൻഡസ്ട്രിയൽ സെന്ററിലെ ആസ്ബറ്റോസ് റൂഫിംഗ് ഷീറ്റ് മാറ്റുന്നതിനും റോളിംഗ് ഷട്ടർ റിപ്പയർ ചെയ്യുന്നതിനും പെയിന്റിംഗ് നടത്തുന്നതിനും പുതിയ ബിൽഡിംഗിലെ സ്റ്റെയർ കേബിൻ നിർമ്മിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തത്. 17.12.21ന് സ്ഥലം നേരിട്ട് പരിശോധന നടത്തിയതിൽ പൂർത്തിയാക്കിയ പല പ്രവൃത്തികളും ഉപകാരപ്രദമായിട്ടില്ലെന്ന കാണുകയും അനധികൃതനിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെടുകയുമു ണ്ടായി.വിശദാംശം ചുവടെ കൊടുക്കുന്നു.

1.ആസ്ബറ്റോസ് മാറ്റിയ സ്ഥലങ്ങളിൽ ഇപ്പോഴും വെള്ളം ലീക്ക് ചെയ്യുന്നു.

2.എലഗന്റ് ഫുഡ് പ്രൊഡക്ടിലെ റിപ്പയർ ചെയ്ത ഷട്ടറുകൾ ഇപ്പോഴും ഉയർത്താൻ സാധിക്കുന്നില്ല.

3.എലഗന്റ് ഫുഡ് പ്രൊഡക്ട് സെന്ററിന്റെ മുൻവശവും പടിഞ്ഞാറുവശവും ചുമർ നിർമ്മിച്ച് റൂഫിംഗ് ഷീറ്റിടുകയും അഡീഷണൽ ടോയ് ലറ്റ് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും മുനിസിപ്പൽ അധികൃതരുടെയും വാക്കാലുള്ള അനുവാദത്തോടെയാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നാണ് സ്ഥാപന നടത്തിപ്പുകാർ അറിയിച്ചിട്ടുള്ളത്. പ്രസ്തുത നിർമ്മാണങ്ങൾ അനധികൃതമാണോയെന്ന വിവരം അറിയിക്കേണ്ടതാണ്.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 07/ 20-21തിയ്യതി 21.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ കരാറുകാരനെകൊണ്ട് പരിഹരിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ലൈസൻസികൾ അനധികൃത നിർമ്മാണങ്ങൾ നടത്താനിടവരാതെ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തേണ്ടതുമാണ്.

## 1-23 ദിവസവേതനമിനത്തിൽ അധിക തുക നൽകി

തൻ വർഷം മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെ കൊടുത്ത പ്രോജക്ട് മുഖേന ദിവസ വേതനത്തിന് നിയമിച്ച ഫാർമസിസ്റ്റിന് 2020 ഏപ്രിൽ മുതൽ 2021 ജനുവരി വരെയുള്ള 10 മാസങ്ങളിലായി ദിവസവേതനം നൽകുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | ചെലവു തുക/ ഫണ്ടിനം | ബിൽ നംപർ |
|---|---|---|
| ആർദ്രം-ഫാർമസിസ്റ്റിന് വേതനം നൽകൽ 177/21 | 39690+59940+24300+22680+23490+45360=215460 | 4/14.8.20<br>7/17.9.20<br>9/15.10.20<br>10/4.11.20<br>13/4.12.20<br>15/15.2.21 |

ജി.ഒ.(പി) 81/2019/ധനം തീയ്യതി 9-7-2019 ഉത്തരവ് പ്രകാരം 1.7.2019 മുതൽ കാറ്റഗറി V ൽ ഉൾപ്പെട്ട ഫാർമസിസ്റ്റിന് ദിവസവേതനം 830 രൂപയാണ്. ഒരു മാസം പരമാവധി 27 ദിവസത്തിൽ പരിമിതപ്പെടുത്തി 22410 രൂപ നൽകാവുന്നതാണ്. ഈയിനത്തിൽ താഴെ കൊടുത്തിരിക്കും പ്രകാരം അധികം തുക നൽകിയതായി കാണുന്നു.

| മാസം/വർഷം | ആകെ പ്രവർത്തി | നൽകേണ്ട വേതനം/ | മാസത്തിൽ പരമാവധി | നൽകിയ തുക/നിരക്ക് | അധികം നൽകിയ |
|---|---|---|---|---|---|

| | ചെയ്ത ദിനങ്ങൾ | നിരക്ക് | നൽകേണ്ട തുക | | തുക |
|---|---|---|---|---|---|
| 4/2020 | 30 | 27x830=22410 | 22410 | 24300 | 1890 |
| 5/2020 | 31 | 27x830=22410 | 22410 | 25110 | 2700 |
| 6/2020 | 30 | 27x830=22410 | 22410 | 24300 | 1890 |
| 7/2020 | 31 | 27x830=22410 | 22410 | 25110 | 2700 |
| 8/2020 | 31 | 27x830=22410 | 22410 | 25110 | 2700 |
| 9/2020 | 30 | 27x830=22410 | 22410 | 24300 | 1890 |
| 10/2020 | 28 | 27x830=22410 | 22410 | 22680 | 270 |
| 11/2020 | 29 | 27x830=22410 | 22410 | 23490 | 1080 |
| 12/2020 | 27 | 27x830=22410 | 22410 | 21870 | 540 രൂപ കുറവ് |
| 1/2021 | 29 | 27x830=22410 | 22410 | 23490 | 1080 |
| | | ആകെ | | | 15660 |

ഇപ്രകാരം ദിവസ വേതനമിനത്തിൽ അധികം തുക നൽക ിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 25/21-12-21) മറുപടി നൽകിയിട്ടി ല്ല. അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-24 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ(എസ്.സി)- ടെണ്ടറിൽ ക്വാട്ടു ചെയ്തതിനേക്കാൾ അധികം തുക നൽകി

നിർവ്വഹണം : എസ്.സി.ഡി.ഒ

പ്രൊജക്റ്റ് നംപർ : 165/21 (സ്പിൽ ഓവർ)

വകയിരുത്തിയ തുക : 105000

ചെലവ് : 105000 (ബിൽ നംപർ 12/12-5-20)

മേൽ പ്രോജക്ട് മുഖേന കോസ്റ്റൽ ഫർണ്ണിച്ചർ ഇന്റസ്ട്രീസ് കടലുണ്ടി എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന ഒരു കട്ടിലിന് 4200 രൂപ നിരക്കിൽ 105000 രൂപയ്ക്ക് 25 കട്ടിൽ വാങ്ങി 65 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2-9-2019 ന് തുറന്ന ഓപ്പൺ ടെണ്ടറിൽ

ടെണ്ടർ രജിസ്റ്റർ പ്രകാരം 4 പേർ പങ്കെടുത്തിട്ടുണ്ട്. എന്നാൽ ഏത് സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചതെന്ന് ടെണ്ടർ രജിസ്റ്റർ, ഫയൽ എന്നിവ പ്രകാരം വ്യക്തമല്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മിനട്സ് പരിശോധിച്ചതിൽ നിന്നും 20-11-2019 ലെ മീറ്റിംഗിൽ 1ാം നമ്പറായി കോസ്റ്റൽ ഫർണ്ണിച്ചറിന് 4200 രൂപയ്ക്ക് കട്ടിൽ ലഭ്യമാക്കുന്നതിന് ഓർഡർ നൽകുന്നതിന് കമ്മറ്റി തീരുമാനമെടുത്തതായി കണ്ടു. 3-12-19 ലെ കൗൺസിൽ യോഗത്തിലെ 5(4) തീരുമാന പ്രകാരം ഇതംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ 20-1-2020 ലെ 63ാം നമ്പർ ഇൻവോയ്സ് പ്രകാരം സിംഗിൾ കോട്ട് എന്നാണ് കട്ടിലിന്റെ ഇനം കാണിച്ചിരിക്കുന്നത്. കാഷ് ബിൽ ഫയലിൽ ലഭ്യമല്ല. ഇൻവോയ്സിൽ ഏത് മരമാണെന്നും സ്പെസിഫിക്കേഷ നും വ്യക്തമാക്കിയിട്ടില്ല. ഓഡിറ്റ് സമയത്ത് ഫോൺ മുഖേന സ്ഥാപനവുമായി സംസാരിച്ചതിന്റെയടിസ്ഥാനത്തിൽ സ്പെഷ്യൽ ടൈപ്പ് മഹാഗണി വുഡ് കട്ടിലാണ് വിതരണം നടത്തിയതെന്നറിയിച്ചിട്ടുണ്ട്. കോസ്റ്റൽ ഫർണ്ണിച്ചർ ഇന്റസ്ട്രീസ് സമർപ്പിച്ച ടെണ്ടർ പ്രകാരം സ്പെഷ്യൽ ടൈപ്പ് മഹാഗണി വുഡ് കട്ടിലിന് 2 വർഷ വാറണ്ടിയോടുകൂടി എല്ലാ നികുതിയുമുൾപ്പെടെ ക്വാട്ട് ചെയ്ത നിരക്ക് 3800 രൂപയാണ്. ഫയലിൽ ലഭ്യമായ കോസ്റ്റൽ ഫർണ്ണിച്ചർ ഇന്റസ്ട്രീസിന്റെ 14-11-19 ലെ പട്ടികജാതി വികസന ഓഫീസർക്കയച്ച കത്ത് പ്രകാരം ടെണ്ടറിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നഗരസഭയിലെ പ്രൊക്യൂർമെന്റ് കമ്മറ്റി പരിശോധിക്കാൻ എത്തുകയും തീയതിയിക്ക്(തീയതി എഴുതിയിട്ടില്ല) നെഗോസിയേഷനുവേണ്ടി മുനിസിപ്പാലിറ്റിയിൽ ഞങ്ങൾ ഹാജരാവുകയും ചെയ്തിരുന്നുവെന്നും പ്രസ്തുത സ്ഥാപനത്തിൽ നിന്നും 4200 രൂപയ്ക്ക് കമ്മറ്റി പരിശോധിച്ച് അംഗീകരിച്ച മഹാഗണി മരത്തിൽ പണികഴിച്ച കട്ടിൽ തരുന്നതിന് സമ്മതമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു എന്നും അറിയിച്ചിട്ടുണ്ട്. നെഗോസിയേഷൻ നടത്തിയ തീയതിയും വിവരങ്ങളും ഫയലിൽ ലഭ്യമല്ല. മാത്രമല്ല ടെണ്ടറിൽ ക്വാട്ടുചെയ്ത തുക നെഗോസിയേഷൻ നടത്തി കുറയ്ക്കേണ്ടതിനു പകരം അതിനേക്കാൾ കൂടുതലായതെങ്ങനെ യെന്നത് വ്യക്തമല്ല. ഇപ്രകാരം ടെണ്ടറിൽ ക്വാട്ടു ചെയ്തതിനേക്കാൾ അധിക നിരക്കിൽ കട്ടിൽ വാങ്ങിയതിനാൽ താഴെ കൊടുത്തിരിക്കും പ്രകാരം 10000 രൂപ അധികം നൽകാനിടയായിട്ടുണ്ട്.

| ഇനം | ഒരെണ്ണത്തിന് ക്വാട്ട് ചെയ്ത നിരക്ക്(ജി.എസ്.ടി ഉൾപ്പെടെ) | വാങ്ങിയ എണ്ണം | ഈടാ ക്കേണ്ട വില | ഒരെണ്ണത്തിന് ഈടാക്കിയ നിരക്ക്(ജി.എസ്.ടി ഉൾപ്പെടെ) | ഈടാക്കിയ വില (ജി.എസ്.ടി ഉൾപ്പെടെ) | അധിക മായി ഈടാക്കിയ തുക |
|---|---|---|---|---|---|---|
| വുഡ് കോട്ട് മഹാഗണി വുഡ് – സ്പെഷ്യൽ ടൈപ്പ് | 3800 | 25 | 95000 | 4200 | 105000 | 10000 |

മേൽ കാണിച്ച പ്രകാരം ടെണ്ടറിൽ ക്വാട്ടു ചെയ്തതിനേക്കാൾ അധികം തുക നൽകാനിടയാക്കിയ സാഹചര്യം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (11/21-12-21) മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1- 25 വി.സി.ബി.നിർമ്മാണം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | 280/21നഗരസഭയിലെ വിവിധ തോടുകളിൽ വി.സി.ബി.നിർമ്മാണം |

| | |
|---|---|
| വകയിരുത്തിയ തുക | 4579000/-(നഗരസഞ്ചയ ഗ്രാന്റ്) |
| ചെലവഴിച്ച തുക,ബിൽ/ചെക്ക് നമ്പർ,തിയ്യതി | 4550000/-(63/26.3.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| എഗ്രിമെന്റ് നമ്പർ | AE/RM/161/19-20dt.15.01.20 |

കോഴിക്കോട് നഗരസഭ മേയർ അദ്ധ്യക്ഷനായ സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന നഗരസഞ്ചയ ഗ്രാന്റിൽ രാമനാട്ടുകര ശുപാർശ ചെയ്ത, തോടുകളിൽ വി.സി.ബി.നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം മുട്ടിയറ തോട്ടിൽ നിലവിലുള്ള ഷട്ടറുകൾ മാറ്റിസ്ഥാപിക്കുന്നതിനും പുതിയ മൂന്ന് ഷട്ടറുകൾ സ്ഥാപിക്കുന്നതിനുമാണ് പ്രോജക്ട്. മലമ്പുഴ മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 26.03.21ന് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.ഓഡിറ്റിന്റെ ഭാഗമായി 17.12.21ന് സ്ഥലം നേരിട്ട് പരിശോധന നടത്തിയതിൽ നിലവിലുണ്ടായിരുന്നതും കേടുവന്നതുമായ ഷട്ടറുകൾ പൊളിച്ചുമാറ്റിയതായി കണ്ടു. മറ്റ് നിർമ്മാണ പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയുമായി എഗ്രിമെന്റ് ചമക്കണമെന്ന വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല.

2.പണം കൈമാറി ഒൻപതു മാസം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

3.പണം നൽകിയശേഷം നിർവ്വഹണ ഏജൻസിയുമായി ബന്ധപ്പെട്ട് പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല.

4.പി.ഡബ്ള്യു.ഡി. മാന്വൽ(2012) ഖണ്ഡിക 1601.4പ്രകാരം എസ്റ്റിമേറ്റ് ,പ്ളാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജായ 2.5% തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് ഈടാക്കാൻ പാടില്ല. 10% സൂപ്പർവിഷൻ ചാർജ്ജ് മാത്രമേ ഈടാക്കാൻ പാടുള്ളൂ. എന്നാൽ 12.5% സെന്റേജ് ചാർജ്ജ് കണക്കാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പണം കൈമാറിയിട്ടു ള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 8/ 20-21തിയ്യതി 21.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ഫൈനൽബിൽ സമർപ്പിക്കുന്ന വേളയിൽ 10% സൂപ്പർവിഷൻ ചാർജ്ജ് മാത്രമേ ഈടാക്കിയിട്ടുള്ളൂ എന്ന ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-26 പ്രവർത്തനം വിലയിരുത്താതെ ഹരിത സഹായ സംഘത്തിന്റ നിയമിച്ചതിനാൽ പാഴ്ചെലവ്

ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ട് മുഖേന ഹരിത സഹായ സംഘത്തിന് കൺസൾട്ടൻസി ഫീസ് തുക നൽകുന്നതിനായി 259145 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് തുക / ഫണ്ടിനം | ബിൽ നമ്പർ |
|---|---|---|
| ഹരിത സഹായ സ്ഥാപനത്തിന് | | |

| | |
|---|---|
| കൺസൾട്ടൻസി ഫീസ് നൽകൽ<br>206/21 | |

| | |
|---|---|
| 103658+103658+51829=259145<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 5/18-3-21<br>8/30-3-21<br>10/30-3-21 |

28-5-2019ലെ രാമനാട്ടുകര മുനിസിപ്പാലിറ്റി കൗൺസിൽ മീറ്റിംഗിൽ ഹരിതസഹായ സംഘമായ രാംബയോളജിക്കൽസിനെ 680900 രൂപ കൺസൾട്ടൻസി ഫീസ് നൽകി നിയമിക്കാൻ തീരുമാനിച്ചതിനെതിരെ (12ാം നമ്പർ തീരുമാനം) ശ്രീ.കൃഷ്ണൻ പെരുമ്പിൽ വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നു. തുടർന്ന് ഹരിതകർമ്മസേനയെ സ്വയം പര്യാപ്തമാ ക്കുകയും നഗരസഭയിലെ മാലിന്യ ശേഖരണ സംസ്കരണ സംവിധാനങ്ങൾ കുറ്റമറ്റതാക്കുകയും ചെയ്യുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഹരിത സഹായ സംഘങ്ങളുടെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാ ണെന്നും ചെയർമാൻ വിശദീകരിച്ചു. തുടർന്ന് കക്കോടിയിലെ രാംബയോളജിക്കൽസ് എന്ന സ്ഥാപനവുമായി കരാറുടമ്പടി ഒപ്പ് വച്ച് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിൽ ശ്രീമതി കെ.എം. യമുന മുതൽ 7 പേർ വിയോജിപ്പ് രേഖപ്പെടുത്തി. തുടർന്ന് 24-6-2019 ന് രാംബയോളജിക്കൽസുമായി കരാറിലേർപ്പെട്ടു. ആദ്യ മാസങ്ങളിലൊക്കെ സ്ഥാപനം കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുകയും പിന്നീടങ്ങോട്ട് പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്തു.തുടർന്ന് 13-7- 2020 ലെ കൗൺസിൽ മീറ്റിംഗിൽ ശുചിത്വ കൺസൾട്ടൻസി ഏജൻസിയായ രാംബയോളജിക്കൽസിന്റെ പ്രവർത്തനം മോശമായതിനാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം നഗരസഭയ്ക്ക് ഉപകാരപ്പെടുന്നില്ലെന്നും ടി സ്ഥാപനത്തെ നഗരസഭയിൽ നിന്നും ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നംപർ 3) . ഇതോടൊപ്പം പുതിയ കൺസൾട്ടൻസിയായി ഹരിയാലിയെ നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഹരിയാലിക്ക് മേൽ പ്രോജക്ട് മുഖേന 259145 രൂപ കൺസൾട്ടൻസി ഫീസായി നൽകുകയും ചെയ്തിട്ടുണ്ട്. 115/20 നമ്പർ പ്രോജക്ട് പ്രകാരം 2019-20 ൽ ആഗസ്റ്റ് 2019 ലെ രാംബയോളജിക്കൽസിന്റെ പ്രവർത്തനത്തിനുള്ള കൺസൾട്ടൻസി ഫീസ് നൽകുന്നതിന് വേണ്ടി 56666 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി പ്രൊജക്ട് വച്ച് 4-3-20 ൽ ട്രഷറിയിൽ ബിൽ സമർപ്പിച്ചുവെങ്കിലും ക്യൂ ബില്ലായതിനാൽ പണം പിൻവലിക്കാനായില്ല. തുടർന്ന് സ്പിൽ ഓവർ പ്രോജക്ട് വയ്ക്കാതെ 1/18-5-2020 നംപർ ബിൽ പ്രകാരം 56666 രൂപ ചെലവഴിച്ചിട്ടുണ്ട്.

കൗൺസിലർമാരുടെ വിയോജിപ്പ് കണക്കിലെടുക്കാതെയും ഈ മേഖലയിൽ മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നടത്തിയ പ്രവർത്തനം വിലയിരുത്താതെയും സ്ഥാപനത്തെപ്പറ്റി വിശദമായ അന്വേഷണം നടത്താതെ ധൃതി പിടിച്ച് തീരുമാനമെടുത്തതിനാൽ 56666/- രൂപ അനാവശ്യമായി ചെലവഴിക്കാനിടയാക്കിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (34/23-12-21) മറുപടി നൽകിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-27 അഗ്രോ സർവ്വീസ് സെന്റർ നിർമ്മാണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | 137/21 | 286/21 |

| | | |
|---|---|---|
| വകയിരുത്തിയ തുക | 1560000/-(SCP) | 400000/-(SCP) |
| ചെലവഴിച്ച തുക, ബിൽനമ്പർ, തീയതി | 733880/-(25/30.11.20)<br>765669/-(43/15.2.21) | 394612/-(61/23.3.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ |
| കോൺട്രാക്ടർ | കോയക്കുട്ടി.ആർ.എം | കോയക്കുട്ടി.ആർ.എം |
| എഗ്രിമെന്റ് നമ്പർ | AE/RM/12 /20-21dt.15.9.20 | AE/RM/31 /20-21dt.20.2.21 |

നിലവിലുണ്ടായിരുന്ന പഴയ ഒരു കെട്ടിടം പൊളിച്ചുമാറ്റി അഗ്രോസർവ്വീസ് സെന്റർ എന്ന പേരിൽ ബിൽഡിംഗ് നിർമ്മിക്കുന്നതിനാണ് പ്രോജക്ട്. മറ്റ് ലക്ഷ്യങ്ങളൊന്നും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ല. 17.12.21ന് സ്ഥലം നേരിൽ പരിശോധിച്ചതിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 20-21 ലെ പ്രോജക്ട് പ്രകാരം മുറ്റം കട്ടപതിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിക്കുന്നതേയുള്ളൂ. ബിൽഡിംഗ് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.ഒരു സമഗ്ര പ്രോജക്ടിനു പകരം ഈ പദ്ധതിക്കായി 20-21ലെ പ്രോജക്ടുകൾ ഉൾപ്പെടെ നാല് പ്രോജക്ടുകൾ ആസൂത്രണം ചെയ്തു .

2.പദ്ധതി ആസൂത്രണത്തിൽ കൃഷിവകുപ്പിന്റെ പങ്കാളിത്തം ഉറപ്പുവരുത്തിയില്ല.

3.1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ഒന്നാം പട്ടികയിൽപ്പെട്ട ചുമതലകളിൽ അഗ്രോ സർവ്വീസ് സെന്ററിന്റെ നിർമ്മാണവും നടത്തിപ്പും മുനിസിപ്പാലിറ്റിയുടെ ചുമതലയിൽ ഉൾപ്പെടുന്നില്ല.

4.ഈ പ്രോജക്ട് പൂർണ്ണമായും പട്ടിക ജാതി ഉപപദ്ധതി ഫണ്ടുപയോഗിച്ചാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. 2/2/18ലെ സർക്കാർ ഉത്തരവ് 17/18തസ്വഭവ.പ്രകാരം പട്ടിക വിഭാഗക്കാരുടെ സാമ്പത്തിക വികസനം,സാമൂഹ്യവികസനം,പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കുകയാകണം പട്ടികജാതി ഉപപദ്ധതിയുടെ ലക്ഷ്യം. അഗ്രോ സർവ്വീസ് സെന്റർ എന്ന പേരിൽ ഒരു കെട്ടിടം നിർമ്മിക്കുന്നതിലൂടെ പട്ടികജാതിക്കാരുടെ ക്ഷേമം എങ്ങിനെ ഉറപ്പുവരുത്താനാവുമെന്ന് അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ 06/ 20-21തിയ്യതി 21.12.21) മുനിസിപ്പാലിറ്റിയുടെ ചുമതലയിലുൾപ്പെടാത്ത അഗ്രോ സർവ്വീസ് സെന്ററിനായി ചെലവഴിച്ച 18,94,164/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-28 മിനി എം.സി.എഫ് യൂണിറ്റ് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ട് മുഖേന രാമനാട്ടുകര മുനിസിപ്പാലിറ്റിയിലെ 10 വാർഡുകളിൽ മിനി എം.സി.എഫ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 429420 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | ചെലവ് തുക /ഫണ്ടിനം | ബിൽ നംപർ |
|---|---|---|

| | | |
|---|---|---|
| മിനി എം.സി.എഫ്. യൂണിറ്റ് 122/21 | 429420(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 11/30-2-21 |

പ്രൊജക്റ്റ് പ്രകാരം ടെണ്ടർ മുഖേന ഫിഡ്കോ എന്റർപ്രൈസസ്, ഒളവണ്ണയിൽ നിന്ന് ഒരെണ്ണത്തിന് 42942 രൂപ നിരക്കിൽ 10 മിനി എം.സി.എഫ് യൂണിറ്റ് മുനിസിപ്പാലിറ്റിയുടെ 10 വാർഡുകളിലായി സ്ഥാപിച്ചിട്ടുണ്ട്. ഹരിതകർമ്മസേന ഓരോ വാർഡിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ എം.സി.എഫ് യൂണിറ്റിലെത്തിക്കുന്നതിനായി താൽക്കാലികമായി സൂക്ഷിച്ച് വയ്ക്കുന്ന ഒരിടമായാണ് മിനി എം.സി.എഫ് യൂണിറ്റ് ഹെൽത്ത് ഇൻസ്പെക്ടർ ഓഡിറ്റിനോട് വിശദീകരിച്ചത്. 17-12-2021 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ വയോമിത്രം ഓഫീസ് കോമ്പൗണ്ടിൽ അടുത്തടുത്തായി സ്ഥാപിച്ച രണ്ട് മിനി എം.സി.എഫ് യൂണിറ്റും, പുല്ലും കുന്ന് മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റിൽ സ്ഥാപിച്ച മിനി എം.സി.എഫ് യൂണിറ്റും വൈദ്യരങ്ങാടി യൂനിറ്റും സന്ദർശിച്ചു. പ്രസ്തുത യൂണിറ്റുകളൊന്നും തന്നെ സ്ഥാപിച്ചതിന് ശേഷം ഇതുവരെയും ഉപയോഗിക്കാത്ത രീതിയിലാണ് കണ്ടത്. ചിലത് പുല്ല് മൂടിക്കിടക്കുന്ന അവസ്ഥയിലുമാണുള്ളത്. പ്രോജക്റ്റ് ലക്ഷ്യം സാക്ഷാത്ക്കരിക്കുന്ന തരത്തിൽ വാർഡുകളിൽ സ്ഥാപിച്ച മിനി എം.സി.എഫ് യൂണിറ്റുകൾ ഉപയോഗിക്കാതെ നശിച്ചുപോകുന്ന അവസ്ഥയിൽ വെറുതെയിട്ടിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (28/ 22-12-21) മറുപടി നൽകിയിട്ടില്ല. മിനി എം.സി.എഫ് യൂണിറ്റ് പ്രോജക്റ്റിൽ ലക്ഷ്യമിട്ട രീതിയിൽ ഉപയോഗിച്ച് അറിയിക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

### 1-29 ബഡ്സ് സ്കൂളിലേക്ക് വാഹനം വാങ്ങാൻ ലഭിച്ച തുക നാളിതു വരെ വിനിയോഗിച്ചില്ല.

മുനിസിപ്പാലിറ്റിയുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിന്റെ (അക്കൌണ്ട് നമ്പർ 799013000000413) സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ 6-7-2020 ന് ബഡ്സ് സ്കൂളിന് വാഹനം വാങ്ങുന്നതിനായി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും 1500000 രൂപ വരവ് വന്നതായി കണ്ടു. എന്നാൽ നാളിതുവരെ പ്രസ്തുത തുക ചെലവഴിച്ച് ബഡ്സ് സ്കൂളിന് വാഹനം വാങ്ങിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/21-12-21) മറുപടി നൽകിയിട്ടില്ല. എത്രയും പെട്ടെന്ന് പ്രോജക്റ്റ് വച്ച് ഫണ്ട് വിനിയോഗിച്ച് ബഡ്സ് സ്കൂളിന് വാഹനസൗകര്യം ഏർപ്പെടുത്തി അറിയിക്കേണ്ടതാണ്.

### 1- 30 ഭവന പുനരുദ്ധാരണം (എസ്.സി)- വാല്വേഷനില്ലാതെ മുഴുവൻ ഗഡുക്കളും നൽകി

എസ്.സി.ഡി.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 ൽ ആരംഭിച്ച് 2020-21 ൽ സ്പിൽ ഓവറായി തുടർന്ന താഴെ കൊടുത്തിരിക്കുന്ന പ്രോജക്റ്റുകൾ പ്രകാരം 25 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ/പേര് | പ്രോജക്റ്റ് വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 130/20ഭവന പുനരുദ്ധാരണം (എസ്.സി) | 2019-20 | 2500000 | 2250000 |
| 2 | 205/21 ഭവന പുനരുദ്ധാരണം (എസ്.സി) (സ്പിൽ ഓവർ) | 2020-21 | 250000 | 250000 |

| | | | | |
|---|---|---|---|---|
| | ആകെ | | | 2500000 |

പ്രോജക്റ്റ് പ്രകാരം താഴെ കൊടുത്തിരിക്കും വിധം 25 ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണത്തിനായി തുക കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | പൂർത്തീകരണ വിവരം |
|---|---|---|---|
| 1 | വാസു.പി | 100000 | പൂർത്തീകരിച്ചു. |
| 2 | കല്യാണി പട്ടായിക്കൽ | 100000 | പൂർത്തീകരിച്ചു. |
| 3 | ചിന്ന.പി | 100000 | പൂർത്തീകരിച്ചു. |
| 4 | വിജയ ശങ്കരൻ | 100000 | പൂർത്തീകരിച്ചു. |
| 5 | ബേബി.എൻ | 100000 | പൂർത്തീകരിച്ചു. |
| 6 | സുകു .എം.കെ | 100000 | പൂർത്തീകരിച്ചു. |
| 7 | കാർത്യായനി പട്ടായിക്കൽ | 100000 | പൂർത്തീകരിച്ചു. |
| 8 | പുഷ്പ.കെ.പി | 100000 | പൂർത്തീകരിച്ചു. |
| 9 | രാജൻ.എം.കെ | 100000 | പൂർത്തീകരിച്ചു. |
| 10 | സുബ്രഹ്മണ്യൻ കളത്തിൽ താഴം | 100000 | പൂർത്തീകരിച്ചു. |
| 11 | ശാന്ത കാരോത്ത് പുറായ് | 100000 | പൂർത്തീകരിച്ചു. |
| 12 | രാജൻ.പി,പട്ടായിക്കൽ | 100000 | പൂർത്തീകരിച്ചു. |
| 13 | അയ്യപ്പൻ പട്ടായിക്കൽ | 100000 | പൂർത്തീകരിച്ചു. |
| 14 | അഖിൽ.പി.മേത്തിൽ തൊടി | 100000 | പൂർത്തീകരിച്ചു. |
| 15 | കല്യാണി.പി.പാലക്കാ പറമ്പ് | 100000 | പൂർത്തീകരിച്ചു. |
| 16 | വിനോദ് കുളങ്ങരപ്പൊറ്റ | 100000 | പൂർത്തീകരിച്ചു. |
| 17 | തങ്ക കെ.പി,കൊടക്കല്ല | 100000 | പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | പറമ്പ് | | |
| 18 | കുട്ടിച്ചി,കൊടക്കല്ല് പറമ്പ് | 100000 | പൂർത്തീകരിച്ചു. |
| 19 | കൃഷ്ണൻ.പി,പട്ടായിക്കൽ | 100000 | പൂർത്തീകരിച്ചു. |
| 20 | ഷീജ.പി,കുന്നമ്മൽ തടായ് | 100000 | പൂർത്തീകരിച്ചു. |
| 21 | കാർത്യായനി മണ്ണംതൊടി | 100000 | പൂർത്തീകരിച്ചു. |
| 22 | സൗമിനി കുന്നമ്മൽ തടായ് | 100000 | പൂർത്തീകരിച്ചു. |
| 23 | ബേബി.എം.കെ | 100000 | പൂർത്തീകരിച്ചു. |
| 24 | ദാസൻ.പിS/O കോരൻ | 100000 | പൂർത്തീകരിച്ചു. |
| 25 | ദാസൻ.പി,പുളിമലത്ത് | 100000 | പൂർത്തീകരിച്ചു. |
| | ആകെ | 2500000 | പൂർത്തീകരിച്ചു. |

സ.ഉ.കൈ.നം.22/2018/ത.സ്വ.ഭ.വ തീയ്യതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം അവസാന ഗഡു തുക നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിനനുസരിച്ചായിരിക്കണം സബ്സിഡി നിർണ്ണയിക്കേണ്ടത്. എന്നാൽ മേൽ ഗുണഭോക്താക്കൾക്ക് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിനനുസരിച്ചല്ല അവസാന ഗഡു നൽകിയിരിക്കുന്നത്.

പദ്ധതി നിർവ്വഹണത്തിലേയും മോണിറ്ററിംഗ് സംവിധാനത്തിലേയും വീഴ്ചയാണിവിടെ കാണിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/21-12-21) മറുപടി നൽകിയിട്ടില്ല. മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

1- 31 അഗതി രഹിത കേരളം പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയാണ് അഗതിരഹിത കേരളം. 23-10-2018 ലെ രാമനാട്ടുകര നഗരസഭ കൗൺസിലിന്റെ 4-ാം നമ്പർ തീരുമാന പ്രകാരം കുടുംബശ്രീ സി.ഡി.എസ് നടത്തിയ ആശ്രയ അഗതി രഹിത കേരളം മൊബൈൽ ആപ്ലിക്കേഷൻ സർവ്വേ വഴി ആശ്രയ ഗുണഭോക്താക്കൾക്കുവേണ്ടി തയ്യാറാക്കിയ പ്രൊജക്റ്റ് റിപ്പോർട്ട് കൗൺസിൽ അംഗീകരിച്ച തിന് ശേഷം കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും അംഗീകാരം വാങ്ങിയിട്ടുള്ളതാണ്. 2018 ൽ തുടങ്ങുന്ന പ്രോജക്ട് 2021 ൽ പൂർത്തീകരിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രോജക്ടിനായി വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ച തുക കുടുംബശ്രീ ചെയർപേഴ്സണി ന്റെയും മെമ്പർ സെക്രട്ടറിയുടേയും പേരിൽ എസ്.ബി.ഐയിൽ ആരംഭിച്ച അക്കൗണ്ടി ലാണ് (അക്കൗണ്ട് നമ്പർ 30016693211) നിക്ഷേപിച്ച് ചെലവഴിക്കുന്നത്. പ്രോജക്ട് ആരംഭിച്ചതു മുതൽ 2021 മാർച്ച് 31 വരെ പദ്ധതി നടത്തിപ്പിനായി ലഭിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻ ബാക്കി | 19-20ൽ ലഭിച്ചത് | 20-21ൽ ലഭിച്ചത് | ആകെ | ലഭിച്ച സ്രോതസ്സ് | 31-3-21 വരെ ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ചലഞ്ച് ഫണ്ട് | 247493 | 1052507 | ലഭിച്ചിട്ടില്ല | 1300000 | കുടുംബശ്രീ ജില്ലാമിഷൻ | 1103819 | 196181 |
| പ്ലാൻ ഫണ്ട് | വ്യക്തമല്ല | ലഭിച്ചിട്ടില്ല | 100000 | 100000 | മുനിസിപ്പാലിറ്റി | ഇല്ല | 100000 |
| തനതുഫണ്ട് | വ്യക്തമല്ല | 200000 | 200000 | 400000 | മുനിസിപ്പാലിറ്റി | 78900 | 321100 |
| | | | | ആകെ | | | 617281 |

31-3-21 ന് സി.ഡി.എസ് കാഷ് ബുക്ക് പ്രകാരം പലിശയും മുൻബാക്കിയുള്ള പ്ലാൻ ഫണ്ടുമുൾപ്പെടെ (പ്ലാൻ ഫണ്ട് മുൻബാക്കി കൃത്യമായ കണക്ക് ലഭ്യമല്ല) ആകെ 796138 രൂപ അഗതി രഹിത കേരളം പദ്ധതിക്കായി നീക്കിയിരിപ്പുണ്ട് .

പദ്ധതി പ്രകാരം നാളിതുവരെ വിവിധ സേവനങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം താഴെ കൊടുത്തിരിക്കും പ്രകാരമാണ്.

| ഇനം | സേവനം ആവശ്യമുള്ള ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| ഭക്ഷണം | 120 | 120 |
| ചികിത്സ | 93 | 1 |
| സ്ഥലം | 7 | 0 |
| വീട് | 13 | 3 |
| വീട് റിപ്പയർ | 49 | 6 |
| വിദ്യാഭ്യാസം | 7 | 0 |

| | | |
|---|---|---|
| കുടിവെള്ളം | 58 | 0 |

2019-20 , 20-21 സാമ്പത്തിക വർഷങ്ങളിൽ 1103819 രൂപ ചലഞ്ച് ഫണ്ടും 78900 തനത് ഫണ്ടും ഉൾപ്പെടെ 1111619 രൂപ ഉപയോഗിച്ച് ഭക്ഷണ വിതരണം നടത്തിയിട്ടുണ്ട്. പ്രൊജക്റ്റ് അംഗീകാരം ലഭിച്ച് 3 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യം വെച്ച സേവനപരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 2 വർഷം കഴിഞ്ഞിട്ടും ഭക്ഷണ വിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളൂ. പ്രൊജക്ടിന്റെ പ്രധാന ഘടകങ്ങളായ ഭവനം. കുടിവെള്ളം, സ്ഥലം, വീട്, വീട് റിപ്പയർ മുതലായവ ലഭ്യമാക്കുന്നതിന് മുനിസിപ്പാലിറ്റി നടപടികളൊന്നും കൈകൊണ്ടുകാണുന്നില്ല. മുനിസിപ്പാലിറ്റി 6 പേർക്ക് ഭവന പുനരുദ്ധാര ണത്തിനും 3 പേർക്ക് വീടിനും സഹായം നൽകിയതൊഴികെ മറ്റു മേഖലകളിലൊന്നും തുക വകയിരുത്തി ചെലവഴിച്ചു കാണുന്നില്ല. സ്ഥലം ആവശ്യമുള്ള 7 കുടുംബങ്ങളിൽ കേവലം ഒരാൾ മാത്രമെ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളൂ എന്ന് കുടുബശ്രീയിൽ നിന്നും അറിയിച്ചു. സ.ഉ.(എം.എസ്.)126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരം ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമപരിഗണന നൽകണമെന്ന നിർദ്ദേശം മുനിസിപ്പാലിറ്റി പാലിച്ചതായി കാണുന്നില്ല. വെള്ളം, ചികിത്സ എന്നീ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും മുനിസിപ്പാലിറ്റിക്ക് കഴിഞ്ഞിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (27/22-12-21) മറുപടി നൽകിയിട്ടില്ല. പദ്ധതി പ്രകാരം ഗുണഭോക്താക്കൾ ക്കാവശ്യമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1- 32 പട്ടികജാതി ഉപപദ്ധതി വിഹിതം-വകമാറ്റി ചെലവഴിച്ചു

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ താഴെ കൊടുത്ത പ്രൊജക്ടുകളിലൂടെ ചെലവഴിച്ച പട്ടികജാതി ഉപപദ്ധതി വിഹിതം വകമാറ്റിയതാ യി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നംപർ | പ്രോജക്ട് | ചെലവ് തുക | ബിൽ നംപർ | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|---|---|---|
| | | | | ആകെ | എസ്.സി | ശതമാനം |
| 1 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / യാത്രാബത്ത(എസ്.സി) 30/21 | 164500+ 35500= 200000 | 12/14-1-21 13/16-3-21 | 102 | 8 | 7.84 |
| 2 | അങ്കണവാടി പൂരക | 300000 | 8/20-10-20 | 4406 | 418 | 9.48 |

| | | | | | | |
|---|---|---|---|---|---|---|
| | പോഷകാഹാര പരിപാടി(എസ്.സി) 29/21 | | | | | |
| | ആകെ | 500000 | | | | |

02.02.2018ലെ സ.ഉ.(കൈ)17/2018ത.സ്വ.ഭ.വ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6-1 ൽ (1), 5(ii) എന്നിവ പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വക മാറ്റി ചെലവഴിക്കാനോ പാടില്ല. ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50% ൽ കുറവായിരിക്കുകയും എന്നാൽ 25% എങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം/തനത് ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 25% ത്തിൽ താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം വികസന ഫണ്ട്/തനത് ഫണ്ട് തന്നെ വകയിരുത്തണം.

നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയ രേഖകൾ പ്രകാരം രണ്ടു പ്രൊജക്ടുകളിലെയും പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം 25% ത്തിൽ താഴെയാണ്. ഇത്തരം സന്ദർഭത്തിൽ പൂർണ്ണമായും പൊതുവിഭാഗം വികസന ഫണ്ടോ തനത് ഫണ്ടോ ആണ് വകയിരുത്തേ ണ്ടത്.

ഗുണഭോക്താക്കളുടെ എണ്ണം നിശ്ചിത ശതമാനത്തിലും കുറവായിട്ടും പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണെ ന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (10/21-12-21) മറുപടി നൽകിയിട്ടില്ല. ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് സർക്കാരിൽനിന്നും സാധൂകരണം വാങ്ങേണ്ടതാണ്. ചെലവു തുക തടസ്സത്തിൽവെക്കുന്നു.

1- 33 മാലിന്യ നിർമ്മാർജന പദ്ധതികൾ- ഹരിത കർമ്മസേനയുടെ പ്രവർത്തനം വിപുലപ്പെടുത്തിയിട്ടില്ല.

മുനിസിപ്പാലിറ്റി പരിധിയിലെ എല്ലാ വീടുകളിൽനിന്നും ഇതര സ്ഥാപനങ്ങളിൽ നിന്നുമുള്ള ജൈവ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുകയാണ് ഹരിതകർമ്മ സേനകളുടെ പ്രവർത്തനം ലക്ഷ്യം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ അതീവ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതാണ് . ഇതിനായി ഹരിത കർമ്മസേനകളെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഹരിത കർമ്മ സേന മിനുട്സ് പരിശോധിച്ചതിൽ നിന്നും ഹരിത കർമ്മ സേന പ്രവർത്തനം കാര്യക്ഷമമല്ല എന്ന് കാണുന്നു. 1.11.2018 ന ചേർന്ന യോഗത്തിൽ വെച്ച് 15 ഹരിത കർമ്മ സേനാംഗങ്ങളെ നിയമിക്കുകയും അവർ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ വാർഡുകളിലും ഹരിത കർമ്മ സേനാംഗങ്ങളെ നിയമിച്ചിട്ടില്ല. മുനിസിപ്പാലിറ്റിയിൽ ഒരു വാർഡിൽ 2 ലധികം ഹരിത കർമ്മസേനാംഗങ്ങൾ ഉണ്ടായിരിക്കേണ്ടിടത്ത് നിലവിൽ 14 അംഗങ്ങൾ മാത്രമേയുള്ളൂ. 2 മാസം കൊണ്ടാണ് 31 വാർഡുകളിലെയും മാലിന്യം ശേഖരിക്കുന്നത്. 9010 വീടുകളിൽ നിന്നുമാണ് തുടർച്ചയായി മാലിന്യം ശേഖരിക്കേണ്ടതെങ്കിലും പല വീടുകളിൽ നിന്നും മാലിന്യം ഹരിതകർമ്മ സേനയ്ക്ക് നൽകുന്നില്ലെന്നും അവർ മറ്റ് ഏജൻസികൾക്കാണ് നൽകുന്നതെന്നും ഹരിത കർമ്മ സേനാംഗങ്ങൾ ഓഡിറ്റിനോട് വിശദീകരിച്ചു. നിലവിൽ 2678 വീടുകളിൽ നിന്നു മാത്രമാണ് മാലിന്യശേഖരണത്തിലൂടെ

യൂസർ ഫീ ലഭിക്കുന്നത്. ആയതിനാൽ തന്നെ ഹരിത കർമ്മസേനാംഗങ്ങൾക്ക് പലപ്പോഴും അവരുടെ അദ്ധ്വാനത്തിനനുസരിച്ചുള്ള വേതനം ലഭിക്കാത്ത അവസ്ഥയാണുള്ളത്. നിലവിൽ കൺസോർഷ്യം രൂപീകരിച്ചിട്ടില്ല. ആയതിനാൽ തന്നെ കോർപ്പസ് ഫണ്ടായി 10%തുക നീക്കിവയ്ക്കുന്നില്ല.

മാലിന്യ സംസ്കരണത്തിനായി സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് നേതൃത്വം വഹിക്കേണ്ടതും, ഹരിത കർമ്മസേനയുടെ യൂസർ ഫീസ് ശേഖരണം കൃത്യമായി നടത്തുന്നുണ്ടോ എന്നും തുക കൺസോർഷ്യത്തിന്റെ അക്കൗണ്ടിൽ അടയ്ക്കുന്നുണ്ടോ എന്നും പരിശോധിക്കുക, ഹരിത കർമ്മസേനാംഗങ്ങൾ എല്ലാം പാഴ് വസ്തു ശേഖരണത്തിൽ കാര്യമായി ഇടപെടുന്നുണ്ടെന്ന് ഉറപ്പുവരുത്തി ആനുപാതികമായി വേതനം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുക തുടങ്ങിയവ ഹെൽത്ത് ഇൻസ്പെക്ടറുടെ ചുമതലകളിൽപ്പെടുന്ന കാര്യങ്ങളാണ്, എന്നാൽ അക്കാര്യങ്ങളൊന്നും പരിശോധിക്കപ്പെടുന്നില്ല. ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 179/21 (വി.ജി.എഫ് ഫണ്ട് ദീർഘിപ്പിച്ചു നൽകൽ )എന്ന പദ്ധതിയിൽ 540000 രൂപ വകയിരുത്തിയെങ്കിലും 168000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (33/23-12-21) മറുപടി നൽകിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശ പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ആരോഗ്യപരമായ ഇടപെടലുകൾ നടത്തി മാലിന്യസംസ്കരണം കാര്യക്ഷമമായി നടപ്പിലാക്കുകയും അതോടൊപ്പം മാലിന്യത്തെ വരുമാനമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വിപുലപ്പെടുത്തുകയും ചെയ്ത് അറിയിക്കേണ്ടതാണ്.

## 1- 34 വനിതാ ഘടകപദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി താഴെ കൊടുത്തിരിക്കും പ്രകാരം 2019-20, 20-21 വർഷത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, കൃഷി ഓഫീസർ എന്നിവർ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/പേര് | നിർവ്വഹണം | നടപ്പിലാക്കിയ വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 36/20 പാലിന് സബ്സിഡി (വനിത) | ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | 2019-20 | 335000(തനതു ഫണ്ട്) | 335000 |
| 104/21 പാലിന് സബ്സിഡി (വനിത) | ക്ഷീര വികസന വകുപ്പ് | 2020-21 | 25000(തനതു ഫണ്ട്) +150000(വികസന | 150000+216625+ 33375= 400000 |

| | | | | |
|---|---|---|---|---|
| | ഡെപ്യൂട്ടി ഡയറക്ടർ | | ഫണ്ട് )=400000 | |
| 7/20 ഇടവിളക്കിറ്റ് വിതരണം(വനിത) | കൃഷി ഓഫീസർ | 2019-20 | 100000(വികസന ഫണ്ട് ) +55000(തനതു ഫണ്ട് ) | 100000+55000= 155000 |
| 8/21 ഇടവിളക്കിറ്റ് വിതരണം(വനിത) | കൃഷി ഓഫീസർ | 2020-21 | 163000(വികസന ഫണ്ട് )+10000 (തനതു ഫണ്ട് ) | 163000+10000= 173000 |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)സ.ഉ(കൈ)നം.17/2018/തസ്വഭവ.തീ.2.2.2018 ഖണ്ഡിക 5.4.1(8)പ്രകാരം വികസനഫണ്ടി ന്റെ 10% തുക വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം. ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. വനിതാ ഘടക പദ്ധതികൾ നടപ്പിലാക്കേണ്ട ചുമതല ക്ഷീരവികസന മേഖലയിലെ ഡെപ്യൂട്ടി ഡയറക്ടർക്കോ, കൃഷി ഓഫീസർക്കോ അല്ല. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുടെ തൊഴിൽ, വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്, വിപണന കേന്ദ്രങ്ങൾ, ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രൊജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കൊണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. പാലിന് സബ്സിഡി നൽകൽ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/21-12-21,15/21-12-21) മറുപടി നൽകിയി ട്ടില്ല. ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1- 35 റോഡുകളിൽ വാഹന ഗതാഗതം-തടസ്സം വരുത്തുന്ന പോസ്റ്റുകൾ മാറ്റുന്നതിന്- സംബന്ധിച്ച്

പ്രൊജക്റ്റ് നം – 161/20 റോഡുകളിൽ വാഹന ഗതാഗതം-തടസ്സം വരുത്തുന്ന പോസ്റ്റുകൾ മാറ്റുന്നത്

അടങ്കൽ തുക – 400000/- ചെലവ് തുക - 209633/-

ബിൽ നം 68/3/9/19---31798, ബിൽ നം 02/01/20--177835

പ്രൊജക്റ്റ് നം 193/21

അടങ്കൽ തുക 190367 /- ചെലവ് തുക 156273 ബിൽ നം 120/5/10/20- 114548/-

ബിൽ നം 121/5/10/20- 8725/- ബിൽ നം 258/23/02/21- 33000/-

2019-20, 2020-21 വർഷങ്ങളിൽ , വിവിധ വാർഡുകളിൽ ഗതാഗത തടസ്സം സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന 41 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നഗരസഭയിലെ വാർഡ് കൗൺസിലർമാർ അഭ്യർത്ഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ , കെ.എസ്.ഇ.ബി യിൽ നിന്നും എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് വിവിധ സമയങ്ങളിൽ കത്ത് നൽകിയിരുന്നു. കെ.എസ്.ഇ.ബി നൽകിയ എസ്റ്റിമേറ്റുകളിൽ, 2019-20, 2020-21 സാമ്പത്തിക വർഷം ആകെ 365906 രൂപ കെ.എസ്.ഇ.ബി യിൽ ഇതിനായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . ആയത് വിനിയോഗിച്ച് നഗരസഭയിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചതായി KSEB അറിയിച്ചിട്ടില്ല. നഗരസഭാ എഞ്ചിനീയറിങ് ജീവനക്കാർ ഇക്കാര്യം പരിശോധിച്ച് ഉറപ്പ് വരുത്തുകയോ, വാർഡ് കൗൺസിലർമാർ പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചതായി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ പദ്ധതികളുടെ നിലവിലെ അവസ്ഥ ഓഡിറ്റിന് റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. ചെലവ് തുക 365906 രൂപ തടസ്സത്തിൽ വെക്കുന്നു. മുകളിൽ പരാമർശിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1- 36 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല

പ്രൊജക്റ്റ് നം 32/21

അടങ്കൽ തുക – 300000/- രൂപ

200000/- റോഡിതരം

100000/- തനത് ഫണ്ട്

ചെലവ് തുക - 300000/- രൂപ, ബിൽ നം 1 /20-21-200000/-06/02/2021

ചെക്ക് നം 755212/12-08-20 30000

ചെക്ക് നം 090050/27-03-21 70000

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച പ്രകാരം 300000 രൂപ ആലപ്പുഴ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം മരുന്ന് ലഭിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയിസ് നം/ തിയതി | തുക |
|---|---|---|
| 1 | LF -977/17/08/2020 | 30000/- |
| 2 | LF -977/17/08/2020 | 32603 |
| ആകെ | | 62603 |

237397/- രൂപയുടെ മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ല, ഈ തുകയ്ക്കുള്ള മരുന്നുകൾ ലഭിക്കുന്നതിന് സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1- 37 ക്രാഡിൽ പദ്ധതിയുടെ ഭാഗമായുള്ള അങ്കണവാടികളുടെ ആധുനികവൽക്കരണം - പദ്ധതി ആസൂത്രണ/നിർവ്വഹണത്തിൽ പാളിച്ച.

കോഴിക്കോട് ജില്ലയിലെ ഐ.സി.ഡി.എസ്.പദ്ധതിയുടെ സമഗ്രവികസനത്തിനായി ജില്ലാ ഭരണകൂടവും, വനിത ശിശുവികസന വകുപ്പും, ജില്ലാപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് ദി ക്രാഡിൽ. സ്ത്രീകളുടെയും കുട്ടികളുടെയും ശാരീരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക, പ്രീ സ്കൂൾ കുട്ടികളുടെ പ്രായത്തിനും വികാസത്തിനും അനുയോജ്യമായ സൗകര്യങ്ങളും സാഹചര്യങ്ങളും സൃഷ്ടിച്ചുകൊണ്ട് അങ്കണവാടികളെ മെച്ചപ്പെട്ട ശിശുവികസന കേന്ദ്രങ്ങളാക്കി മാറ്റുക, കുട്ടികളുടെ ശേഷികൾ വിലയിരുത്തുന്ന തിനുള്ള ആധുനിക സംവിധാനങ്ങൾ വികസിപ്പിക്കുക, അങ്കണവാടി സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് സഹായകമായ സൗകര്യങ്ങൾ വികസിപ്പിക്കുക, ഗർഭിണികളുടെയും കൗമാരക്കാരുടെയും ശാരീരിക മാനസിക അവസ്ഥ സ്വയം വിലയിരുത്തുന്നതിന് സഹായകമായ ടൂൾസ് വികസിപ്പിക്കുക, അങ്കണവാടി പ്രവർത്തകർ, സ്കൂൾ കൗൺസിലർമാർ എന്നിവരുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥ യായി 2020-21 ൽ സെന്റർ നമ്പർ 160 ചിറക്കാംകുന്ന്, സെന്റർ നമ്പർ 169 ഇട്ടപ്പുറത്ത് മീത്തൽ എന്നീ 2 അങ്കണവാടികൾ നവീകരിക്കുന്നതിനായി താഴെ കൊടുത്ത പ്രോജക്ട് പ്രകാരം 250000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നം/പേര് | ചെലവു തുക/ഫണ്ടിനം | ബിൽ നമ്പർ |
|---|---|---|
| അങ്കണവാടികളുടെ ആധുനികവൽക്കരണം 215/21 | 250000(റോഡിതര മെയിന്റനൻസ് ഗ്രാന്റ്) | 15/18-3-21 |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 250000 രൂപ ഉപയോഗിച്ച് താഴെ കൊടുത്തിരിക്കുന്ന സാധനങ്ങളും/സേവനങ്ങളും ആർട്കോയിൽ നിന്നും 322/ 19-2-2021, ക്യാഷ് ബിൽ പ്രകാരം വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | അളവ് |
|---|---|---|
| 1 | Colourful Play Mat | 2 |
| 2 | Alphabet Mat $ Number Mat | 2 |
| 3 | Indoor Toy Bin | 2 |

| | | |
|---|---|---|
| 4 | Wooden Multi Purpose Teaching And Art Board | 2 |
| 5 | Wooden Number Knob Board | 2 |
| 6 | Rocker | 2 |
| 7 | Ride On | 2 |
| 8 | Multi Colour Malayalam Alphabet Set | 2 |
| 9 | Book Shelf | 2 |
| 10 | Painting With Art Work | 2 |
| 11 | Digital Classroom Includes 32 Inch Full HD Smart TV | 2 |
| 12 | Build Up Beakers | 2 |
| 13 | Kidney Table | 2 |
| 14 | Activity Hand Coordination Cube | 2 |
| 15 | Storage Shelf | 4 |
| 16 | Baby Chair | 40 |
| 17 | Multi Colour Slide | 2 |
| 18 | Wooden Letter Knob Puzzle | 2 |
| 19 | Electrical Work – Wiring For TV Fitting | 2 |
| 20 | Child Friendly Fence | 2 |
| 21 | Activity Triangle | 2 |

പ്രോജക്ട് നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.സർക്കാർ അനുമതി യുടെ ഉത്തരവ് ലഭ്യമാക്കിയില്ല .

ആർട്കോയ്ക്ക് കളിക്കോപ്പുകൾ നിർമ്മിച്ചു നൽകുന്നതിനും മേൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും ഈ കാലയളവിൽ സർക്കാർ അനുമതി നൽകിയ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

2.മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല .

സാധനങ്ങളുടെ വാങ്ങൽ, ഗുണനിലവാരം എന്നീ ഘടകങ്ങൾ മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

3.വാലേഷനില്ലാതെ തുക നൽകി .

2 അങ്കണവാടികൾക്ക് ചുമരിൽ ആർട്ട് പെയിന്റിംഗ് ചെയ്തതിന് ഒന്നിന് 29814.4 രൂപ നിരക്കിൽ 2 എണ്ണത്തിന് 12% ജി.എസ്.ടി ഉൾപ്പെടെ 59628.8 രൂപ ഈടാക്കിയിട്ടുണ്ട്. അങ്കണവാടികൾക്ക് ചുമരിന്റെ ഏരിയ വ്യത്യസ്തമായിരിക്കെ ഓരോന്നിനും തുല്യ നിരക്കിൽ തുക ഈടാക്കിയതെങ്ങിനെയെന്ന് വ്യക്തമല്ല. പെയിന്റ് ചെയ്ത ഏരിയയുടെ വാലേഷനി ല്ലാതെ തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ക്രമ നമ്പർ 19 പ്രകാരമുള്ള ഇനത്തിന്റെ തുക കണക്കാക്കിയവർക്ക് ബിൽ ലഭ്യമാക്കിയിട്ടില്ല.

4.സ്ഥാപനത്തിന്റെ സ്ഥല പരിമിതി പരിഗണിക്കാതെ കളിക്കോപ്പുകൾ വാങ്ങിക്കൂട്ടി .

20-12-2021 ന് 2.30 മണിക്ക് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധന യിൽ സെന്റർ

നമ്പർ 161,169 എന്നീ അങ്കണവാടികളിൽ സ്ഥലസൗകര്യം വളരെ കുറവാണെന്ന് കണ്ടു. നിലവിൽ ആർട്കോയിൽ നിന്നും വാങ്ങിയ കളിയുപകരണങ്ങൾ അങ്കണവാടിയിൽ ഉള്ള സ്ഥലത്ത് മുഴുവനായി സെറ്റ് ചെയ്തിരിക്കുകയാണ്. സെൻ്റർ നമ്പർ 160 ൽ 20 കുട്ടികളും സെൻ്റർ നമ്പർ 169 ൽ 45 കുട്ടികളും അങ്കണവാടി തുറന്നു പ്രവർത്തിക്കു മ്പോൾ ദിവസവും അവിടെ എത്തി ക്ലാസിലിരിക്കേണ്ടവരാണ്. അങ്കണവാടി തുറക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്കിരിക്കണമെങ്കിൽ സെറ്റ് ചെയ്ത കളിക്കോപ്പുകൾ മുഴുവൻ അഴിച്ചെടുത്ത് ഒരു മൂലയിൽ കൂട്ടിയിടേണ്ടി വരും . അതായത് കുട്ടികൾക്ക് കളിയുപകരണങ്ങൾ അങ്കണവാടിക്കുള്ളിൽ തന്നെ സെറ്റ് ചെയ്ത് കളിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ആവശ്യകതയും സ്ഥലപരിമിതിയും പരിഗണിക്കാതെ കളിക്കോപ്പുകൾ വാങ്ങിക്കൂട്ടിയത് ശരിയായ നടപടിയല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/21-12-21) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ രേഖകൾ സഹിതം മറുപടി നൽകേണ്ടതും തുടർ വർഷങ്ങളിൽ പ്രോജക്ട് വയ്ക്കുമ്പോൾ മേൽ അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 250000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1- 38 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി പ്രോജക്ട് നിർവ്വഹണം അപാകതകൾ

എസ്.സി.ഡി.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 ൽ ആരംഭിച്ച് 2020-21 ൽ സ്പിൽ ഓവറായി തുടർന്ന താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം 10 വിദ്യാർത്ഥികൾക്ക് പഠനമുറി

നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമ നംപർ | പ്രോജക്ട് നമ്പർ/പേര് | പ്രോജക്ട് വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 268/20 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി | 2019-20 | 2000000 | 500000 |
| 2 | 158/21എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) | 2020-21 | 1500000 | 975000 |
| | ആകെ | | | 1475000 |

പ്രോജക്ട് പ്രകാരം താഴെ കൊടുത്തിരിക്കും വിധം 10 ഗുണഭോക്താക്കൾ പഠന മുറിയുടെ നിർമ്മാണത്തിനായി തുക കൈപ്പറ്റിയിട്ടുണ്ട്

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | പൂർത്തീകരണ വിവരം |
|---|---|---|---|
| 1 | അനന്യ D/O ശ്രീജ.എൻ | 200000 | പൂർത്തീകരിച്ചു. |
| 2 | അപർണ്ണ.പി D/O അറുമുഖൻ | 200000 | പൂർത്തീകരിച്ചു. |
| 3 | അനർഘ.കെ.പിD/O ചിന്നമ്മു.കെ.പി | 200000 | പൂർത്തീകരിച്ചു |
| 4 | ഗയ കൃഷ്ണൻ D/O ബാലകൃഷ്ണൻ | 125000 | പൂർത്തിയാക്കിയിട്ടില്ല. |
| 5 | അലീന D/O ബിന്ദു.ഇ.കെ | 125000 | പൂർത്തിയാക്കിയിട്ടില്ല. |
| 6 | ശിഖ.എ D/O സുനിത.പി | 125000 | പൂർത്തിയാക്കിയിട്ടില്ല. |
| 7 | അഭിനവ് S/O പ്രസീത.പി | 125000 | പൂർത്തിയാക്കിയിട്ടില്ല. |
| 8 | അഭിഷേക് S/O രാജൻ.കെ | 125000 | പൂർത്തിയാക്കിയിട്ടില്ല. |
| 9 | അനന്തു വിജയ് S/O കനുജ.വി | 125000 | പൂർത്തിയാക്കിയിട്ടില്ല. |
| 10 | നിതന്യ D/O സുബ്രഹ്മണ്യൻ.പി | 125000 | പൂർത്തിയാക്കിയിട്ടില്ല. |
| | ആകെ | 1475000 | |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.ക്രമ നമ്പർ 1 മുതൽ 3 വരെയുള്ള ഗുണഭോക്താക്കൾക്ക് പഠനമുറി പൂർത്തീകരിച്ച് മുഴുവൻ തുകയും നൽകിയിരിക്കുന്നത് സ.ഉ.കൈ.നം.22/2018/ത.സ്വ.ഭ.വ തീയ്യതി 14-2-2018 സബ്സിഡി

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചപ്രകാരം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റില്ലാതെയാണ്.

2.ക്രമ നമ്പർ 4 മുതൽ 10 വരെയുള്ള ഗുണഭോക്താക്കൾക്ക് പഠനമുറിയുടെ പെർമിറ്റ് ഹാജരാക്കാതെയാണ് തുക കൈമാറിയിരിക്കുന്നത്. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം നിലവിലുള്ള കെട്ടിടം പുനർ നിർമ്മിക്കുകയോ കെട്ടിടത്തിന് മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കുകയോ വിപുലീകരിക്കുക യോ ചെയ്യുമ്പോൾ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി അത്തരം ഓരോ ജോലിക്കും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് നേടിയിരിക്കേണ്ടതാണ്.

3. ക്രമ നമ്പർ 4 മുതൽ 10 വരെയുള്ള ഗുണഭോക്താക്കൾ 19-20, 20-21 വർഷങ്ങളിലായി 125000 രൂപ പഠനമുറിയുടെ നിർമ്മാണത്തിനായി കൈപ്പറ്റിയെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല .

പദ്ധതി നിർവ്വഹണത്തിലേയും മോണിറ്ററിംഗ് സംവിധാനത്തിലേയും വീഴ്ചയാണിവിടെ കാണിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/21-12-21) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്. അതുവരെ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

1- 39 വിവിധ- കോളനികളിലേക്ക് പൈപ് ലൈൻ സ്ഥാപിക്കൽ - പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 221/19, 344/20 , 163/21വിവിധ കോളനികളിലേക്ക് പൈപ് ലൈൻ സ്ഥാപിക്കൽ |
| ചെലവ് തുക | 2290000 ബിൽ നം 220-14-03-2019(2018-19) |
| | 572320 ബിൽ നം 118-28-10-2019(2019-20) |
| | 400000 ബിൽ നം 15- 11-04-2020 (2020-21) |
| | 372656 ബിൽ നം 16 -11-04-2019(2020-21) |

വിവിധ എസ്.സി കോളനികളിലേക്ക് കുടിവെള്ള പൈപ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വെക്കുന്നത് 2018-19 ൽ 229000/- രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകിയിട്ടുണ്ട്. അത് പ്രകാരം 2018-19 ൽ 229000/- രൂപ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു.

നഗര സഭ സമർപ്പിച്ച കോളനികളുടെ ലിസ്റ്റും , പട്ടികജാതി വികസന വകുപ്പ് നൽകിയ സ്കെച്ച്

ഉൾപ്പെടുന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, എന്നിവയുടെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി 22/08/2019 ന് പുതുക്കിയ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്. അത് പ്രകാരം മൊത്തം ചെലവ് 60 ലക്ഷമായി വർദ്ധിച്ചു. 2019-20,20-21 വർഷങ്ങളിൽ ലഭ്യമായ ഫണ്ട് ഉൾപ്പെടെ 3634976/- രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

22/09/2020 ലെ എ1 2750/19 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റിയോട് പൈപ്പ് ലൈൻ സ്ഥാപിച്ചതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടുവെങ്കിലും അത് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ പ്രാഥമികഘട്ടത്തിലുൾപ്പെടുത്തി 16 കോളനികളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ പണി പെട്ടെന്ന് ആരംഭിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് നഗരസഭ 03-10-2019 ന് നൽകിയ കത്തിനും വാട്ടർ അതോറിറ്റി മറുപടി നൽകുകയോ, പണി ആരംഭിക്കുകയോ ചെയ്തിട്ടില്ല.

രാമനാട്ടുകര മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് 05/02/2021 ന് ചീഫ് എഞ്ചിനീയറുടെ ചേംബറിൽ നടന്ന അവലോകന യോഗത്തിൽ നഗരസഭയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഒരാഴ്ച്ചക്കകം ആരംഭിക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കൽ പദ്ധതിയുടെ നിലവിലെ അവസ്ഥ ഓഡിറ്റിന് റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. വിവിധ എസ്.സി കോളനികളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ വലിക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് . 2020-21 ൽ ചെലവഴിച്ച 772656 രൂപ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

### 2-1 സുരഭിമാൾ - അനധികൃത നിർമ്മാണ ക്രമവത്ക്കരിക്കാത്തതിനാൽ തനത് ഫണ്ടിന് നഷ്ടം

പെർമിറ്റ് ഫയൽ - 1. BL-48/2011-12 തീയതി 11/12/2012

2. 10918/15 RC-34/2015-16 തീയതി

ഗോപാലൻ & പ്രഭാവതി, സുരഭിഭവൻ, ചേളാരി, വെളിമുക്ക് തുടങ്ങിയവരുടെ റീസർവ്വേ നമ്പർ 295/5എ1എ, 297/3, 293/10 എന്നിവയിൽ ഉൾപ്പെട്ട 70.04 സെന്റ് സ്ഥലത്ത് Commercial Cum Dormitory കെട്ടിടം നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന് BL-48/2011-12 തീയതി 11/12/2012 പ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു. (Plinth Area-6351.90 ച.മീറ്റർ,carpet Area 3657.38 ച.മീറ്റർ ,Floor Area - 4731.61 ച.മീറ്റർ)

പെർമിറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | ബിൽഡ് അപ് ഏരിയ |
|---|---|
| സെല്ലാർ | 1674.89ച.മീറ്റർ |
| തറനില | 1493.94ച.മീറ്റർ |
| ഒന്നാം നില | 1538.91 ച.മീറ്റർ |

| | |
|---|---|
| രണ്ടാം നില | 1538.91 ച.മീറ്റർ |
| സ്റ്റെയർ റൂം | 24.84 ച.മീറ്റർ |
| സ്റ്റെയർ റൂം | 24.84 ച.മീറ്റർ |
| ഫയർ സ്റ്റെയർ റൂം | 24.58 ച.മീറ്റർ |
| ലിഫ്റ്റ് 1 | 5.63ച.മീറ്റർ |
| ലിഫ്റ്റ് 2 | 5.76 ച.മീറ്റർ |
| മെഷീൻ റൂം | 10.00ച.മീറ്റർ |
| മെഷീൻ റൂം | 9.60ച.മീറ്റർ |
| ആകെ | 6351.90 ച.മീറ്റർ |

ഇത് പ്രകാരം സെല്ലാർ 1674.59 ച.മീറ്റർ, ഗ്രൗണ്ട് ഫ്ലോർ 1493.94 ച.മീ, ഒന്നാം നില 1538.91 ച.മീ., രണ്ടാം നില 1538.91 ച.മീ പ്ലിന്ത് ഏരിയയിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി. കെട്ടിട നമ്പറിനായി അപേക്ഷിക്കുകയും ഫയൽ നമ്പർ 1707/14/22/05/2014 പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ 5/665-A1 മുതൽ 5/665-A24 വരെ 24 നമ്പറുകളും ഒന്നാം നിലയിൽ 5/665-A25 മുതൽ 5/665-A46വരെ 22 നമ്പറുകളും, രണ്ടാം നിലയിൽ 5/665-A47 മുതൽ 5/665-A55 വരെ 9 നമ്പറുകളും നൽകിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില എന്നിവ വാണിജ്യാവശ്യത്തിനും, രണ്ടാം നിലയിലെ മുറികൾ ഡോർമിറ്ററി എന്ന നിലയിലുമാണ് നമ്പർ നൽകി 2013-14 സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത്. 2015 ൽ മൂന്നാംനില 1538.91 ച.മീറ്റർ പൂർത്തീകരിച്ച് (കൊമേർഷ്യൽ കം തിയേറ്റർ)30.11.2016ന് ജി. രവിശങ്കർ എന്ന വ്യക്തി ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 12.04.2017ന് കെട്ടിട നിർമ്മാണം നിർത്തി വെക്കാൻ നഗരസഭ സെക്രട്ടറി നിർദ്ദേശം നൽകി. തുടർന്ന് കെട്ടിട ഉടമ സർക്കാരിനെ സമീപിച്ചതിനെ തുടർന്ന് 30.05.2017ന് ത.സ്വ.ഭ. ആർ.ബി.3/0101/2017 നമ്പർ കത്ത് പ്രകാരം സുരഭി മാളിന് റെസ്യൂം മെമ്മോ നൽകുവാൻ നിർദ്ദേശിച്ചു. ആയതനുസരിച്ച് 20.06.2017 എ3/5471/17 പ്രകാരം സെക്രട്ടറി റെസ്യൂം മെമ്മോ നൽകിയിട്ടുണ്ട്. ത.സ്വ.ഭ.വ. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 09.10.2017ലെ കത്തിൽ പ്രസ്തുത കെട്ടിടത്തിൽ ചട്ട ലംഘനം നിലനിൽക്കുന്നുവെന്ന് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ട് നൽകിയതിനാൽ പ്രവർത്തനം നിർത്തിവെയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കുവാൻ നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിച്ചു. ആയത് പ്രകാരം 12/04/2017 ലെ എ3/3385/2017 നമ്പർ നോട്ടീസ് പ്രകാരം ചട്ടം -18 -1(3) പ്രകാരം മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ കെട്ടിട നിർമ്മാണം നിർത്തിവെയ്ക്കുന്നതിന് നോട്ടീസ് നൽകുകയും, ആയതിന് മറുപടി ലഭ്യമാക്കി തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 15.02.2018 ലെ ത.സ്വ.ഭ.വ .ആർ.ബി 3/295/2017 കത്ത് പ്രകാരം സുരഭിമാൾ പൂർണ്ണ തോതിൽ പ്രവർത്തിച്ചു വരികയായതിനാൽ അതിന്റെ പ്രവർത്തനം നിർത്തി വയ്പിക്കേണ്ടതില്ലായെന്നും, നിലവിലുള്ള ചട്ടലംഘനങ്ങൾ പരിഹരിക്കുകയാണെങ്കിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ചട്ടം 143 പ്രകാരം ക്രമവത്ക്കരിച്ച് നൽകുന്നതിനും, അതിന് സാധിക്കുന്നതല്ലെങ്കിൽ ചട്ടലംഘനങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ നിർദ്ദേശം അനുസരിച്ച് സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ എ3-10918/15 ആർ.സി 34/15-16 തീയതി 23/07/2018) റീസർവ്വേ നമ്പർ 295/5എ1എ, 297/3, 293/10 എന്നിവയിൽ ഉൾപ്പെട്ട സുരഭിമാൾ

കെട്ടിടം പരിശോധിച്ചതിൽ കെ.എം.ബി ആർ ചട്ടം 31, 55 ,8 (എ).117 എന്നിവ ലംഘിക്കുന്നതാണെന്നും, കൂടാതെ സി.റ്റി.പി, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗം ടി കെട്ടിടം പരിശോധിക്കുകയും, ചട്ടലംഘനങ്ങൾ നിലനിൽക്കുന്നതായി റിപ്പോർട്ട് ചെയുകയും ചെയ്തിട്ടുള്ളതാണെന്നും. ആയതിനാൽ കെ.എം.ബി ആർ ചട്ടം 143 പ്രകാരം ക്രമവത്ക്കരിക്കാൻ സാധിക്കുകയില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ ക്രമവത്ക്കരണ ഉത്തരവ് (ജി.ഒ(പി) നം.11/2018/ LSGD/15/02/2018) പ്രകാരവും പ്രസ്തുത കെട്ടിടത്തിന്റെ ഉയരം ബിൽഡിംഗ് ലെവലിൽ നിന്നും 16.20 മീറ്ററും, റോഡിൽ നിന്നുള്ള ഉയരം 16.80 മീറ്ററും ആണെന്നും, ടി കെട്ടിടം ക്രമവത്ക്കരിക്കാൻ കഴിയില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.(എ3-10918/15 ആർ.സി 34/15-16 തീയതി 15/06/2019)

നഗരസഭ സെക്രട്ടറി (ഇൻ ചാർജ്ജ്) 02/08/2019 ൽ ഗവ.സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പിന് നൽകിയ റിപ്പോർട്ടിൽ കെ.എം.ബി ആർ ചട്ടം 117 ലംഘനം ഉള്ളതിനാൽ ക്രമവത്ക്കരിക്കാൻ സാധിക്കുകയില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത കെട്ടിടത്തിന്റെ ചട്ടലംഘനത്തെക്കുറിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 14/08/2019ൽ ബഹു.തദ്ദേശസ്വയംഭരണ (ആർ.ബി)വകുപ്പ് അണ്ടർ സെക്രട്ടറിയുടെ ചേംബറിൽ നടന്ന ഹിയറിംഗിനു ശേഷം 03.09.2019 ലെ ത.സ്വ.ഭ.വ.ആർ.ബി 3/295/2017 കത്തിൽ നിർദ്ദേശത്തിനനുസരിച്ച് കെട്ടിടം ക്രമവത്ക്കരിക്കുന്നതിനായി ലഭിച്ച അപേക്ഷ മുഖ്യനഗരാസൂത്രകന് മേഖലാ നഗരാസൂത്രകൻ മുഖേന അയച്ച് നൽകുകയും ചട്ടലംഘനം ഉള്ളതിനാൽ ക്രമവത്ക്കരി ക്കാൻ സാധിക്കുകയില്ല എന്നറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

09/06/2021 ലെ സർക്കാർ ഉത്തരവ് (സാധാ)നം.1113/2021 *ത.സ്വ.ഭ.വ പ്രകാരം ക്രമവത്ക്കരണ ചട്ടത്തിലെ ചട്ടം 10 പ്രകാരം ജില്ലാതല കമ്മിറ്റി നിരസിച്ച അപേക്ഷകളിന്മേൽ സർക്കാരിന് റിവ്യൂ പരിഗണിക്കാവുന്നതാണെന്നും. ആയതിനാൽ പ്രസ്തുത നിർമ്മാണത്തിന് ബാധകമായ 2,34,54,414 /-* (രണ്ടുകോടി മുപ്പത്തിനാല് ലക്ഷത്തി അമ്പത്തി നാലായിരത്തി നൂറ്റി നാല്പത്തിനാല് രൂപാ മാത്രം) ഈടാക്കി നിബന്ധനകളോടെ ക്രമവത്ക്കരണത്തിന് പരിഗണിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

റഗുലറൈസേഷൻ പ്ലാൻ (കൊമേർഷ്യൽ കം തീയേറ്റർ ) പ്രകാരമുള്ളമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | ബിൽഡ് അപ് ഏരിയ | കാർപ്പറ്റ് ഏരിയ | ഫ്ലോർഏരിയ |
|---|---|---|---|
| സെല്ലാർ | 1674.89ച.മീറ്റർ | ---- | 85.65ച.മീറ്റർ |
| തറനില | 1493.94ച.മീറ്റർ | 1195.12ച.മീറ്റർ | 1493.94ച.മീറ്റർ |
| ഒന്നാം നില | 1538.91 ച.മീറ്റർ | 1231.13ച.മീറ്റർ | 1538.91 ച.മീറ്റർ |
| രണ്ടാം നില | 1538.91 ച.മീറ്റർ | 1231.13ച.മീറ്റർ | 1538.91 ച.മീറ്റർ |

| | | | |
|---|---|---|---|
| മൂന്നാം നില | 1538.91 ച.മീറ്റർ | 1231.13ച.മീറ്റർ | 1538.91 ച.മീറ്റർ |
| മെഷീൻ റൂം | 10.00ച.മീറ്റർ | ----- | ----- |
| മെഷീൻ റൂം | 9.60ച.മീറ്റർ | ------ | ------ |
| ആകെ | 7805.16ച.മീറ്റർ | 4888.51ച.മീറ്റർ | 6196.32 ച.മീറ്റർ |

മേൽ കെട്ടിടത്തിന്റെ ഉടമസ്ഥരായ ശ്രീ. എ. ഗോപാലൻ, പ്രഭാവതി. വി. എന്നിവർ മരുമകനായ (മകളുടെ ഭർത്താവായ) കെ.പി. മഹേഷ് എന്നവർക്ക് തിയേറ്റർ നടത്തുന്നതിന് വേണ്ടി V/665A.69 നമ്പർ കെട്ടിടം അനുവദിച്ച് നൽകിയിട്ടുണ്ട്(22.03.2017ലെ എഗ്രിമെന്റ്). സുരഭി മാളിലെ ഈ മുറി തിയേറ്റർ ആക്കുവാൻ അനുമതി നൽകുന്നതിലൂടെ കെട്ടിടത്തിന്റെ വ്യാപ്തിയും, തറ വിസ്തീർണ്ണാനുപാതവും (FAR) കണക്കാക്കാൻ കെട്ടിടത്തിന്റെ കൈവശഗണം കച്ചവടം/വാണിജ്യപരം (27.03.2021 ,22.04.2021 എന്നീ തീയതികളിലെ TCPCTP/1764/2019-D നമ്പർ കത്തുകൾ) എന്നതിൽ നിന്ന് മാറി സമ്മേളനസ്ഥലം (ഡി) എന്നതിലേക്ക് മാറുന്നു. (കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 31(11) കാണുക). ഇത്തരത്തിൽ പരിഗണിക്കുമ്പോൾ സുരഭി മാളിന്റെ വ്യാപ്തിയും, എഫ്.എ.ആർ. കാർപാർക്കിംഗ് എന്നിവ താഴെ കൊടുത്ത പ്രകാരമാണ്.

(കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31(2)(ii) കാണുക). നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്ന കെട്ടിടത്തിൽ ഹാൾ നിർമ്മിച്ചിട്ടുള്ളതിനാൽ കെട്ടിടം ഭാഗികമായി ഗണം ഡി യിലും (ചട്ടം 30, സമ്മേളന സ്ഥലം / തീയേറ്റർ, സിനിമ ചലച്ചിത്ര പ്രദർശനശാല, കമ്മ്യൂണിറ്റിഹാൾ തുടങ്ങിയവ) ഭാഗികമായി ഗണം എഫിലും (കച്ചവട സ്ഥാപനങ്ങളും മറ്റും) പെടുന്നതാണ്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31 (2)(ii)അനുസരിച്ച് A1 പാർപ്പിടം, A2-പ്രത്യേക പാർപ്പിടം, D- സമ്മേളനം, E-ഓഫീസ് അല്ലെങ്കിൽ വ്യാപാരം, F-വാണിജ്യ/കച്ചവടം എന്നീ ഗണങ്ങളിൽ ഒന്നിൽ കൂടുതൽ കൈവശം ഉൾപ്പെടുത്തിയിരി ക്കുന്ന കെട്ടിടം/കെട്ടിട സമുച്ചയത്തിന്റെ സംഗതിയിൽ കെട്ടിടം നിർമ്മിക്കുന്ന പ്ലോട്ടിന്റെ വിസ്തീർണ്ണം 0.5 ഹെക്ടർ വരെയാണെങ്കിൽ തറവിസ്തീർണ്ണാനുപാതവും വ്യാപ്തിയും ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റേതായിരിക്കും. പ്രസ്തുത ചട്ടത്തിലെ പട്ടിക പ്രകാരം ഗണം ഡി യിൽ വരുന്ന കെട്ടിടങ്ങൾക്ക് 40% കവറേജ്, F.A.R അധിക ഫീസ് കൂടാതെ 1.5 അധിക ഫീസോടു കൂടി 2.5 വരെയും അനുവദിക്കാവുന്നതാണ്. കെട്ടിടം ക്രമവൽക്കരണം നടത്തുന്നതിന് സമർപ്പിച്ച റഗുലറൈസേഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ കവറേജ് 54.76% ആണെന്നും F.A.R 2.18 ആണെന്നും പ്ലോട്ടിന്റെ ആകെ വിസ്തീർണ്ണം 70.07 സെന്റ് ആണെന്നും കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയർ സർക്കാരിന് നൽകാൻ തയ്യാറാക്കിയി കാൽക്കുലേഷൻ ഷീറ്റ് പ്രകാരവും ഇത് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രൂപ്പ് ഡി ഗണത്തിൽ വരുന്ന ഹാൾ 4-ാം നിലയിൽ നിർമ്മാണം പൂർത്തീകരിച്ചതിനാലും പ്ലോട്ടിന്റെ ആകെ വിസ്തീർണ്ണം 0.5 ഹെക്ടറിൽ കുറവായതിനാലും അധിക ഫീസില്ലാതെ അനുവദനീയമായ FAR 1.5 ഉം, അധിക ഫീസോടു കൂടി 2.5-ഉം എന്ന രീതിയിൽ കണക്കാക്കാത്തതിനാൽ നഗരസഭയ്ക്ക് വരുമാനം നഷ്ടം ഉണ്ടായിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31(2) പട്ടിക 2 പ്രകാരം ഡി ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് അനുവദനീയമായ FAR പരിധി (1.5) കവിഞ്ഞുള്ള ഭാഗത്തിന്ചതുരശ്രമീറ്ററിന് ₹5,000/- നിരക്കിൽ അധിക ഫീസ് ഈടാക്കേണ്ടതാണ്. ആയതിനു പുറമേ കവറേജും അനുവദനീയമായ 40% -ത്തിലും അധികരിച്ചതിനാലും ചട്ടലംഘനവും നടന്നിട്ടുണ്ട്.

ആയതിനാൽ 2018 ലെ കേരള മുനിസിപ്പാലിറ്റി (Regularisation Of Unauthorized Construction) നിയമ പ്രകാരം ഈടാക്കേണ്ട ഫീസുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

A)അപ്ലിക്കേഷൻ ഫീ (ചട്ടം - 4)

1000 ച.മീറ്റർ വരെ = 10,000/-

1000 ച.മീറ്റർ മുകളിലുള്ള ബാക്കിയുള്ള ഏരിയ്ക്ക് = 6806x20 = 1,36,120

ആകെ ഈ ഇനത്തിലുള്ള ഫീസ് = 1,46,120/-

B)കോമ്പൗണ്ടിംഗ് ഫീ

Other Buildings Up To 100m2 Floor Area

(ക്രമവൽക്കരണ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണം = 6196.32

പെർമിറ്റ് ഫീ = 10x6197x10=6,19,700

(പെർമിറ്റ് ഫീയുടെ പത്തിരിട്ടിയും ,സ്ഥലത്തിന്റെ ഫെയർ വാല്യൂവിന്റെ 1/40 )

ഫെയർ വാല്യൂ =12350/m2 (രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന്റെ സെറ്റിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം)

6197x12350/40 = 1913323.75

ആകെ കോംപൗണ്ടിംഗ് ഫീ = 2533023.75= 2533023/=

C)കവറേജ്

| | |
|---|---|
| കെട്ടിടത്തിന്റെ ഏറ്റവും കൂടിയ കവറേജ് വിസ്തീർണ്ണം (ക്രമവൽക്കരണ പ്ലാൻ പ്രകാരം) 1538.91/2835.73 | 54.26% |
| ഡി ഗണത്തിലെ കെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജ് | 40% |
| അനുവദനീയമായ കവറേജ് ഏരിയ = 2835.73X40 /100= | 1134.29ച.മീറ്റർ |
| നിലവിലെ കവറേജ് ഏരിയ (ക്രമവൽക്കരണ പ്ലാൻ പ്രകാരം) | 1538.91ച.മീറ്റർ |
| അധികരിച്ച കവറേജ് (1538.91 - 1134.29) | 404.62ച.മീറ്റർ =405ച.മീ |
| അധികരിച്ച കവറേജിന് ഈടാക്കേണ്ട തുക APPENDIX 1 RULE6(1) (l) 405X2000= | 8,10,000 |

D)അനുവദനീയമായ F.A.R(ഫ്ലോർ ഏരിയ റേഷ്യോ) ൽ അധികരിച്ച തറവിസ്തീർണ്ണത്തിന് ഈടാക്കേണ്ടിയിരുന്ന അധിക ഫീസ്.

| | |
|---|---|
| പ്ലോട്ടിന്റെ വിസ്തീർണ്ണം | 2835.73ച.മീറ്റർ |
| ആകെ തറവിസ്തീർണ്ണം(ക്രമവൽക്കരണ പ്ലാൻ പ്രകാരം) | 7805.16 ച.മീ |

| | |
|---|---|
| | |
| ഗ്രൂപ്പ് ഡി. ഗണത്തിൽ അനുവദനീയമായ തറവിസ്തീർണ്ണ അനുപാതം (1.5) | 4253.59 ച.മീ (2835.73x1.5) |
| അധിക ഫീസോടു കൂടി അനുവദനീയമായ തറവിസ്തീർണ്ണ അനുപാതം (2.5) | 7089.33ച.മീ (2835.73x2.5) |
| റെഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണം | 6196.32 ചതുരശ്രമീറ്റർ |
| അധിക ഫീസ് ഈടാക്കേണ്ട തറവിസ്തീർണ്ണം | 6196.32–4253.59= 1942.73 ചതുരശ്രമീറ്റർ |
| ചതുരശ്രമീറ്ററിന് 5000 രൂപ നിരക്കിൽ ഈടാക്കേണ്ട അധിക ഫീസ് (ചട്ടം 31(2) പട്ടിക 2) | 1942.73 X ₹5,000 = ₹97,15,000 |

കാർപാർക്കിംഗ് (ചട്ടം-34)

| | |
|---|---|
| റഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള കാർപ്പറ്റ് ഏരിയ | 4888.51ച.മീറ്റർ |
| ആവശ്യവേണ്ട കാർപാർക്കിംഗ് ഗ്രൂപ്പ് ഡി | 1231.13ച.മീറ്റർ/50=24.62= 25 പാർക്കിംഗ് |
| ആവശ്യവേണ്ട കാർപാർക്കിംഗ് ഗ്രൂപ്പ് F | 3657.48/50 = 73.14= 74 |
| ആവശ്യവേണ്ട കാർപാർക്കിംഗ് | 25+74 = 99 പാർക്കിംഗ് |
| റഗുലറൈസേഷന് പ്ലാൻ പ്രകാരമുള്ള പാർക്കിംഗ് | 51 |
| കുറവുള്ള കാർ പാർക്കിംഗ് | 48 (99-51) |
| അനധികൃത നിർമ്മാണ ചട്ടം 2018 പ്രാകരം ഈടാക്കേണ്ടത്<br>APPENDIX 1 RULE6(1) (I) | 48X2,50,000 = 1,20,00,000 |

ആകെ ക്രമവത്ക്കരണ ഫീ = A+b+c+d+e=

( 1,46,120+ 2533023+8,10,000+97,15,000+ 1,20,00,000) = 2,52,04,143/-

അസിസ്റ്റ് എഞ്ചിനീയറുടെ കാൽക്കുലേഷൻ ഷീറ്റ് പ്രകാരം 09/06/2021 ലെ സർക്കാർ ഉത്തരവ് (സാധാ)നം.1113/2021 ത.സ്വ.ഭ.വ പ്രകാരം ഈടാക്കാൻ നിർദ്ദേശിച്ച തുക =2,34,54,144/-

വ്യത്യാസം = (2,52,04,143-2,34,54,144) = 17,49,999/-

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (03/2020-21 /തീയതി 20/12/2021) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

വ്യത്യാസം വന്ന തുക 1749999/- രൂപ കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കിയ അസിസ്റ്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതും, സർക്കാർ ഉത്തരവ് പ്രകാരം നിബന്ധനകൾ കൃത്യമായി പാലിച്ച് സമയബന്ധിതമായി ക്രമവത്ക്കരണ നടപടികൾ സ്വീകരിക്കരിച്ച് ക്രമവത്ക്കരണം നടത്തി തനത് വരുമാനത്തിലെ ചോർച്ച തടയേണ്ടതുമാണ്. കൂടാതെ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുവെന്ന് കൃത്യമായി ഉറപ്പ് വരുത്തേണ്ടതും, അധിക വിവരങ്ങൾ ലഭ്യമാണെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

2-2 മാതൃഭൂമി - പ്രിന്റിംഗ് &പബ്ലിഷിംഗ് വ്യവസായകെട്ടിടം - പെർമിറ്റ് അനുവദിച്ചതിലും, നികുതി നിർണ്ണയിച്ചതിലുമുള്ള അപാകതകൾ

നഗരസഭയുടെ 2020-21 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ .നഞ്ച ഭൂമിയിൽ ഉൾപ്പെട്ട സ്ഥലത്തും ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു .

ഫയൽ നമ്പർ - എ3 – 214/16 തീയതി 08/03/2016

നഗരസഭയിൽ പരിധിയിലുള്ള 282/2, 278/2എ, 278/2ബി, 278/2സി എന്നീ റിസർവ്വേ നമ്പറിൽ ഉൾപ്പെട്ട 740.04 സെന്റ് സ്ഥലത്ത് വ്യവസായ കെട്ടിട നിർമ്മിക്കുന്നതിനായി മാതൃഭൂമി - പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ബിൽഡിംഗ് പെർമിറ്റിന് അപേക്ഷിക്കുകയും BL – 232/15-16 തീയതി 18/10/2016 പ്രകാരം 20633 ച.മീറ്റർ വ്യവസായ കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പെർമിറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | ബിൽഡ് അപ് ഏരിയ |
|---|---|
| തറനില | 9566ച.മീറ്റർ |
| ഒന്നാം നില | 9478ച.മീറ്റർ |
| രണ്ടാം നില | 1588 ച.മീറ്റർ |
| മൂന്നാം നില | 0 |
| ആകെ | 20632 ച.മീറ്റർ |

282/2, 278/2എ, 278/2ബി, 278/2സി എന്നീ റിസർവ്വേ നമ്പറിൽ ഉൾപ്പെട്ട 740.04 സെന്റ് (7 ഏക്കർ 40.04 സെന്റ്) സ്ഥലത്ത് 20632.74 ച.മീറ്റർ വിസ്തീർണ്ണമുള്ള വ്യവസായ കെട്ടിടം ( Occupancy Group G1 – Industrial Buildings), (Coverage -31.9%, FAR – 0.69) നിർമ്മിക്കുന്നതിനാണ് മാതൃഭൂമി മാനേജിംഗ് ഡയറക്ടർ ശ്രീ.എം.പി വിരേന്ദ്രകുമാർ അനുബന്ധ രേഖകൾ സഹിതം 08/09/2015 ൽ അപേക്ഷ സമർപ്പിച്ചത്. പ്രസ്തുത അപേക്ഷ പരിഗണിച്ച് നഗരസഭ സെക്രട്ടറിയുടെ നോട്ടിൽ ഈ സ്ഥലത്തെ സംബന്ധിച്ച് പരാതികളുണ്ടെന്നും, പ്രസ്തുത പരാതിയിന്മേൽ സ്ഥലം മുൻപ് കണ്ടൽകാടുകളായിരുന്ന നിലമായിരുന്ന പ്രാദേശമാണെന്നും, കൂടാതെ അനുമതി മണ്ണിട്ടു നികത്തിയതാണെന്നും പറയുന്നുണ്ടെന്നും ആയതിനാൽ ആർ.ഡി.ഒ മുഖേന അനുമതി വാങ്ങണമെന്നും സെക്രട്ടറി രേഖപ്പെടുത്തിയിട്ടുണ്ട്. (06/10/2015 ലെ നോട്ടിൽ ) കോഴിക്കോട് തഹസിൽദാരുടെ 23/11/2015 ലെ ജി1/32069/2015 നമ്പർ കത്ത് പ്രകാരം പ്രസ്തുത സ്ഥലം ഡേറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മുഖ്യ നഗരാസൂത്രകന്റെ ഡി1/1118/2016/Ddis/dtd18.02.2016 & ഡി1/8990/2016/ Ddis/dtd29.09.2016 ഉത്തരവിൽ നിബന്ധനകളോടെ അനുമതി നൽകിയ കെട്ടിടത്തിന് , ഫയർ എൻ.ഒ.സി, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി 20632.74ച.മീറ്റർ കെട്ടിടത്തിന് നിയമാനുസൃത പെർമിറ്റ് ഫീ ഈടാക്കി BL – 232/15-16 തീയതി 18/10/2016 പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

പെർമിറ്റ് പ്രകാരം വ്യവസായ കെട്ടിടം പൂർത്തികരിച്ച് കെട്ടിട നമ്പറിനായി 27/08/2019 ൽ അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ പരിഗണിക്കവേ സെക്രട്ടറി രാമനാട്ടുകര വില്ലേജ് ഓഫീസർക്ക് 22/10/2019 ൽ എ3/214/16 കത്ത് പ്രകാരം ഭൂമിയുടെ തരത്തെ സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന്

അവശ്യപ്പെടുകയും, വില്ലേജ് ഓഫീസർ 07.02.2020 ലെ 52/2020 നമ്പർ റിപ്പോർട്ടിൽ കെട്ടിടത്തിന്റെ ഭൂരിഭാഗവും ഉൾപ്പെട്ടിട്ടുള്ളത് റിസർവ്വേ 282/2 നമ്പറിൽ ഉൾപ്പെട്ട ഭൂമിയിലാണെന്നും, കെട്ടിടത്തിന്റെ വളരെ ചെറിയ ഭാഗം 278/2എ, 278/2ബി, 278/2സി എന്നീ റിസർവ്വേ നമ്പറിൽ ഉൾപ്പെട്ട നഞ്ചഭൂമിയിലാണെന്നും അറിയിച്ചിട്ടുണ്ട്. ഇതോടൊപ്പം സ്ഥലത്തിന്റെ സ്കെച്ചും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്കെച്ച് പ്രകാരം മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് മാനേജിംഗ് ഡയറക്ടർ ഹാജരാക്കിയ സൈറ്റ് പ്ലാൻ പ്രകാരം 20023.06 ച.മീറ്ററിൽ 886.69 ച.മീറ്റർ നഞ്ച ഭൂമിയിലാണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ കക്ഷി അപേക്ഷ നൽകിയിട്ടും ആർ.ഡി.ഒയിൽ നിന്നും ഭൂമി തരം മാറ്റിയ ഉത്തരവ് ലഭ്യമാകാത്തതിനാൽ 11/03/2020 ൽ നോട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടിയ അഫിഡിവിറ്റ് ഹാജരാക്കിയിതിനു ശേഷം 04/05/2020 ന് എ3/7547/2019 പ്രകാരം (9544.33ച.മീറ്റർ +9302.93ച.മീറ്റർ +784.72 ച.മീറ്റർ +391.08ച.മീറ്റർ = 20023.06ച.മീറ്റർ) ഒക്യുപെൻസി നിബന്ധനകളോടെ അനുവദിച്ചിട്ടുണ്ട്.

02/12/2019 ലെ എ3 – 7547/19 പ്രകാരം ഒക്യുപെൻസി സർട്ടിഫിക്കറ്റിലെ നിബന്ധന അനുസരിച്ച് ആറുമാസത്തിനകം നഞ്ചഗണത്തിൽപ്പെട്ട ഭൂമിയിൽ ഉള്ള കെട്ടിട ഭാഗം റഗുലറൈസ് ചെയ്ത് റവന്യൂ അധികാരികളിൽ നിന്ന് അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ ടി വ്യവസ്ഥയുടെ കാലാവധി അവസാനിച്ചിട്ടും തരംമാറ്റം ഉത്തരവ് ഹാജരാക്കാത്ത സാഹചര്യത്തിൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിനു മറുപടിയായി കോവിഡ് സാഹചര്യത്തിൽ ലോക്ക് ഡൗൺ ആയതിനാലും സർക്കാർ ഓഫീസുകൾ പൂർണ്ണമായതോതിൽ പ്രവർത്തിക്കാത്തതിനാലും അപേക്ഷ സമർപ്പിക്കാൻ വൈകിയിട്ടുണ്ടെന്നും , ആയതിനാൽ തരംമാറ്റം ഉത്തരവ് ഹാജരാക്കാൻ ആറുമാസ സമയംകൂടി അനുവദിക്കണമെന്ന് 09/12/2020 ൽ അപേക്ഷ നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. മുഖ്യ നഗരാസൂത്രകന്റെ ഡി1/1118/2016/Ddis/dtd18.02.2016 ഉത്തരവ് പ്രകാരം പ്രസ്തുത

ഉത്തരവിൽ പറയുന്ന നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമേ കെട്ടിട നിർമ്മാണ അനുമതി /ഒക്യുപെൻസി നൽകാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ ഇത് പാലിച്ചിട്ടില്ല.

2. നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ്/ഒക്യുപെൻസി അനുവദിച്ചിട്ടുണ്ടെങ്കിലും മുഖ്യ നഗരാസൂത്രകന്റെ ഡി1/1118/2016/Ddis/ Dtd 18.02.2016 ഉത്തരവിലെ ഒന്ന്,മൂന്ന് നിബന്ധനപ്രകാരം ആർ.ഡി.ഒയിൽ നിന്നും ഭൂമി തരം മാറ്റിയ ഉത്തരവ് നാളിതുവരെ ഹാജരാക്കിയിട്ടില്ല. കൂടാതെ ഏത് നിയമത്തിലെ വ്യവസ്ഥ അടിസ്ഥാനപ്പെടുത്തിയാണ് അഫിഡിഫിറ്റിന്റെ അടിസ്ഥാനത്തിൽ ഒക്യുപെൻസി നൽകിയത് എന്നും വ്യക്തമല്ല,

ബി. എയർ കണ്ടീഷന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്ത  ിയില്ല.

ഫയൽ നമ്പർ - എ3 – 7547/19 തീയതി 27/08/2019

( Occupancy Group G1 – Industrial Buildings) ഗണത്തിൽപ്പെട്ട മാതൃഭൂമി - പ്രിന്റിംഗ് & പബ്ലിഷിംഗ് കെട്ടിട പൂർത്തീകരിച്ച് ഒക്യുപെൻസിക്കും നമ്പറിനുമായി അപേക്ഷ സമർപ്പിക്കുകയും 20023.06 ച.മീറ്റർ ബിൽറ്റപ്പ് ഏരിയുള്ള വ്യവസായ കെട്ടിടത്തിന് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരവും മുൻസിപ്പിലിറ്റിയുടെ 01.04.2016 ലെ തീരുമാനപ്രകാരവും 13/95 A1 നമ്പർ നൽകി ച.മീറ്ററിന് 60/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | ബിൽഡ് അപ് ഏരിയ |
|---|---|
| തറനില | 9544.33ച.മീറ്റർ |
| ഒന്നാം നില | 9302.93ച.മീറ്റർ |
| രണ്ടാം നില | 784.72 ച.മീറ്റർ |
| മൂന്നാം നില | 391.08ച.മീറ്റർ |
| ആകെ | 20023.06ച.മീറ്റർ |

മേൽ വ്യവസായ കെട്ടിടത്തിന് 60രൂപ/ച.മീ നിരക്കിലാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇത് പ്രകാരം വസ്തുനികുതി 20023.06 ച.മീറ്ററിന്, 2019-20 ഒന്നാം അർദ്ധവർഷം മുതൽ 60/- രൂപ നിരക്കിലും കൂടാതെ 20% റോഡ് പ്രവേശനമാർഗ്ഗത്തിന്റെ അടിസ്ഥാനത്തിലും, 15% തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവും നൽകിയിട്ടുണ്ട് . കൂടാതെ സർവ്വീസ് ചാർജ്ജ് 10% ലൈബ്രറി സെസ്സ് 5% എന്നിവ ഉൾപ്പെടെ നികുതി ചുമത്തി ഈടാക്കിയിട്ടുണ്ട്. എന്നാൽ പൂർത്തീകരണ പ്ലാനിൽ "All Rooms Are Artificially Ventilated And Air Conditioned " എന്ന് രേഖപ്പെടുത്തിയിട്ടും സെന്ട്രലൈസ്ഡ് എ.സിയ്ക്ക് 10% വർദ്ധനവ് വരുത്തിയിട്ടില്ല

മേൽ പ്രതിപാദിച്ച കെട്ടിടത്തിലെ ലഭ്യമാക്കിയ പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിന് സെൻട്രലൈസ്ഡ് എ.സിയുടെ 10% വർദ്ധനവ് നൽകാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്.

വസ്തുനികുതി നിലവിൽ ഈടാക്കിയത് - 20023.06x60+20%+15%+10%+5%
= 1621868 + 162187 + 81093 = 1865148

സെൻട്രലൈസ്ഡ് എ.സിയുടെ 10% വർദ്ധനവ് ഉൾപ്പെടെ വസ്തുനികുതി താഴെ കൊടുത്ത പ്രകാരം കണക്കാക്കേണ്ടതാണ്.

20023.06x60+20%+15%+10%+10%+5%=20023.06x60+20%+15%+10%+10%+5%
=1742006+87100+174201= 2003307/-

| | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|
| വസ്തുനികുതി | 1742006 | 1621868 | 120138 |
| സേവന ഉപനികുതി | 174201 | 162187 | 12014 |
| ഗ്രന്ഥശാലാവരി | 87100 | 81093 | 6007 |
| ആകെ | 2003307 | 1865148 | 138159 |

ഈ ഇനത്തിൽ മുൻസിപ്പാലിറ്റിക്ക് 1,32,152/- രൂപയും സംസ്ഥാന സർക്കാരിന് 6,007/-രൂപയും

നഷ്ടമുണ്ടായിട്ടുണ്ട്. 01 /2020 - 21/ 17.12.2021 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഖ്യ നഗരാസൂത്രകന്റെ ഡി1/1118/2016/Ddis/dtd18.02.2016 ഉത്തരവിൽ പറയുന്ന നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താതെ പെർമിറ്റ് നൽകിയതിനും, പൂർത്തീകരണ പ്ലാനിൽ “All Rooms Are Artificially Ventilated And Air Conditioned” എന്ന് രേഖപ്പെടുത്തിയിട്ടും സെൻട്രലൈസ്ഡ് എ.സിയ്ക്ക് 10% വർദ്ധനവ് വരുത്താത്തതിനും മറുപടി ലഭ്യമാക്കേണ്ടതും നഷ്ടം വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുക ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-3 സുരഭിമാൾ - വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

ഗോപാലൻ & പ്രഭാവതി, സുരഭിഭവൻ,ചേളാരി,വെളിമുക്ക് തുടങ്ങിയവരുടെ റീസർവ്വേ നമ്പർ 295/5എ1എ, 297/3, 293/10 എന്നിവയിൽ ഉൾപ്പെട്ട 70.04 സെന്റ് സ്ഥലത്ത് Commercial Cum Dormit0ry കെട്ടിടം നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന് BL-48/2011-12 തീയതി 11/12/2012 പ്രകാരം പെർമിറ്റ് അനുവദിക്കുകയും ചുവടെ പറയും പ്രകാരം ഒക്യൂപെൻസിക്കും, കെട്ടിട നമ്പറിനും അപേക്ഷ നൽകിയതനുസരിച്ച് നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ കെട്ടിത്തിലെ തറനില, ഒന്നും, രണ്ടും നില എന്നിവയുടെ നികുതി 2013-14ലും മൂന്നാം നിലയക്ക് 2015-16 മുതലും നികുതി നിർണ്ണയിച്ച് വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ , ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽപ്പെടുത്തി 50/-രൂപ നിരക്കിലും, പ്രഥമ മേഖല ആയത്തിനാൽ 20% വർദ്ധനവും ഉൾപ്പെടുത്തി ച.മീ പ്ലിന്ത് ഏരിയ്ക്ക് വസ്തു നികുതി കണക്കാക്കി ഗ്രാമപഞ്ചായത്ത് നിരക്കിൽ ഈടാക്കിയിട്ടുണ്ട്.

ഇത് പ്രകാരം സെല്ലാർ 1674.89 ച.മീറ്റർ, ഗ്രൗണ്ട് ഫ്ലോർ 1493.94 ച.മീ, ഒന്നാം നില 1538.91 ച.മീ., രണ്ടാം നില 1538.91 ച.മീ പ്ലിന്ത് ഏരിയയിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി. കെട്ടിട നമ്പറിനായി അപേക്ഷിക്കുകയും ഫയൽ നമ്പർ 1707/14/22/05/2014 പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ 5/665-A1 മുതൽ 5/665-A24 വരെ 24 നമ്പറുകളും ഒന്നാം നിലയിൽ 5/665-A25 മുതൽ 5/665-A46വരെ 22 നമ്പറുകളും, രണ്ടാം നിലയിൽ 5/665-A46 മുതൽ 5/665-A55വരെ 9നമ്പറുകളും നൽകിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോർ,ഒന്നാം നില എന്നിവ വാണിജ്യാവശ്യത്തിനും, രണ്ടാം നിലയിലെ മുറികൾ ഡോർമിറ്ററി എന്ന നിലയിലുമാണ് നമ്പർ നൽകി 2013-14 സാമ്പത്തിക വർഷം മുതൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത്.

ഫയൽ നമ്പർ 9271/15/25/8/2015 പ്രകാരം രണ്ടാം നിലയിൽ 5/665-A47 മുതൽ 5/665-A55 വരെ 9 നമ്പറുകളും നൽകിയ കെട്ടിടം ഡോർമിറ്ററിയിൽ നിന്ന് വാണിജ്യകെട്ടിടത്തിലേക്ക് തരം മാറ്റുന്നതിനായി അപേക്ഷ നൽകുകയും ആയതിന് മുറികൾ സ്പ്ലിറ്റ് 5/665-A4 7 മുതൽ 5/665-A 65 വരെ 19 മുറികൾക്ക് നമ്പർ നൽകി ഗ്രാമപഞ്ചായത്ത് നിരക്കിൽ $100m^2$ മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ച.മീറ്ററിന് / 50രൂപ നിരക്കിലും, പ്രവേശന മാർഗ്ഗത്തി ന് 20% വർദ്ധനവും നൽകി നികുതി നിർണ്ണയിച്ച് 2015-16 ഒന്നാം അർദ്ധ വർഷം മുതൽ ഈടാക്കിയിട്ടുണ്ട് .

ഫയൽ നമ്പർ 10918/15 തീയതി 16/10/2015 പ്രകാരം മൂന്നാം നിലയിൽ കോമർഷ്യൽ കം തീയേറ്റർ കെട്ടിട പൂർത്തികരിച്ച് നമ്പറിംഗിനും ഒക്യൂപെൻസിക്കുമായി അപേക്ഷ സമർപ്പിച്ചതനുസരിച്ച് പ്രസ്തുത ഫയൽ പരിശോധിക്കവേ സെക്രട്ടറി നോട്ട് പ്രകാരം നിലവിലുള്ള കെട്ടിടത്തിന രണ്ടാം നില പണിയുന്നതിനാണ് പ്ലാൻ നൽകിയിട്ടുള്ളതെന്നും നിർമ്മാണം KPBR ന് വിധേയമാണെന്ന് പരിശോധിക്കാൻ അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് അനുസരിച്ച്

എൽ.എസ്.ജി.ഡി ഓവർസീയർ സ്ഥലം പരിശോധിച്ച് കെട്ടിടത്തിന്റെ അളവുകളും സൈറ്റ് പ്ലാൻ അളവുകളും KPBR ന് വിധേയമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ഷീറ്റ് ഇട്ട ഭാഗത്ത് പാർട്ടീഷൻ ചെയ്ത് 5 മുറികൾ ആക്കിയിട്ടുണ്ടെന്നും, പ്രസ്തുത 5 മുറികൾ അനുവാദം വാങ്ങാതെയാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും, ആയതിനാൽ റെഗുലറൈസേഷൻ ഫീ ഈടാക്കി നമ്പർ നൽകാവുന്നതാണെന്നും അറിയിച്ചതനുസരിച്ച് 1538.91X20= 30780/- രൂപ ഈടാക്കി നികുതി ചുമത്താവുന്നതാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2015-16 രണ്ടാം അർദ്ധവർഷം മുതൽ വിവിധ ആവശ്യങ്ങൾക്കായി കെട്ടിട നമ്പർ 5/665 A66 മുതൽ 5/665 A70 വരെ നമ്പർ നൽകി നികുതി നിർണ്ണയിച്ച് താഴെ പറയും പ്രകാരം ഈടാക്കിയിട്ടുണ്ട്.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തരം | നികുതി നിർണ്ണയിച്ച തറവിസ്തീർണ്ണം |
|---|---|---|
| 5/665 A66 | റസ്റ്റോറന്റ് | 124.66 ച.മീ |
| 5/665 A67 | പ്ലെ സ്റ്റേഷൻ | 151.25 ച.മീ |
| 5/665 A68 | സിനിമ തിയേറ്റർ | 300.41 ച.മീ |
| 5/665 A69 | സിനിമ തിയേറ്റർ | 283.2ച.മീ |
| 5/665 A70 | റസ്റ്റോറന്റ് | 413.91ച.മീ |
| | ആകെ | 1273.43ച.മീ |

റഗുലറൈസേഷൻ പ്ലാൻ (കൊമർഷ്യൽ കം തീയേറ്റർ ) പ്രകാരമുള്ളമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | ബിൽഡ് അപ് ഏരിയ | നികുതി നിർണ്ണയിച്ച് ഈടാക്കിയ റവിസ്തീർണ്ണം | കുറവ് |
|---|---|---|---|
| സെല്ലാർ | 1674.89ച.മീറ്റർ | | 1674.89ച.മീറ്റർ |
| തറനില | 1493.94ച.മീറ്റർ | 1493.94ച.മീറ്റർ | --------- |
| ഒന്നാം നില | 1538.91 ച.മീറ്റർ | 1527.38ച.മീറ്റർ | 11.53 ച.മീറ്റർ |
| രണ്ടാം നില | 1538.91 ച.മീറ്റർ | 1538.91 ച.മീറ്റർ | ------------ |
| മൂന്നാം നില | 1538.91 ച.മീറ്റർ | 1273.43ച.മീറ്റർ | 265.48 ച.മീറ്റർ |

| | | | |
|---|---|---|---|
| മെഷീൻ റൂം | 10.00ച.മീറ്റർ | | 10.00ച.മീറ്റർ |
| മെഷീൻ റൂം | 9.60ച.മീറ്റർ | | 9.60ച.മീറ്റർ |
| ആകെ | 7805.16 ച.മീറ്റർ | 5833.66ച.മീറ്റർ | 1971.5 ച.മീറ്റർ |

2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുകുതി ചട്ടം റൂൾ 3 (4) പ്രകാരം ചുമത്തുന്ന വസ്തുനികുതി കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം റൂൾ 2(പി) പ്രകാരം കെട്ടിടത്തിന്റെ എല്ലാ നിലകളിലെയും ഫ്ലോർ ഏരിയയും, കോമൺ ഏരിയയും ഉൾപ്പെട്ടതാണ്. ഇത് പ്രകാരം 7805.16 ച.മീ ഏരിയയ്ക്ക് വസ്തുനികുതി ചുമത്തേണ്ടതിന് പകരം 5833.66ച.മീറ്റർ നികുതി ചുമത്തിയതിലൂടെ 1971.5 ച.മീ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. സെല്ലാർ, തറനില, ഒന്നാം നില ,രണ്ടാംനില എന്നിവ നിർമ്മിക്കുന്നതിനു മാത്രമാണ് പെർമിറ്റിൽ അനുവാദം നൽകിയിട്ടുള്ളത്, എന്നാൽ മൂന്നാം നില നിർമ്മിച്ചിതിനാലും, തറവിസ്തീർണ്ണ അനുപാതത്തിലും, ഗണമാറിയതിനാൽ കവറേജിലും,കാർപാർക്കിംഗ് എന്നിവയിൽ മാറ്റം വരുകയും ചെയ്തിട്ടുണ്ട് അതിനാൽ അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നികുതി നിർണ്ണയിച്ച് താഴെ പറയും പ്രകാരം നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്

പുതിയ കെട്ടിടങ്ങൾക്ക് നഗരസഭാ നിരക്കിലും പഴയ കെട്ടിടങ്ങൾക്ക് നിലവിൽ ഗ്രാമപഞ്ചായത്ത് നിരക്കിലുമാണ് നികുതി ഈടാക്കിവരുന്നത്. നഗരസഭ നിരക്ക് മുഴുവൻ കെട്ടിടങ്ങൾക്കും പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അനധികൃത നിർമാണമായിരുന്ന കെട്ടിടത്തിന് തറവിസ്തീർണ്ണത്തിന് കേരള മുൻസിപ്പാലിറ്റി ചട്ടം 242 പ്രകാരം നിയമാനുസൃത കെട്ടിടമായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും,അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇതിനു വിരുദ്ധമായി നികുതി നിർണ്ണയിക്കപ്പെട്ടതിനാൽ താഴെപറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തരം | നികുതി നിർണ്ണയിച്ച തറവിസ്തീർണ്ണം | ഈടാക്കിയ നികുതി | |
|---|---|---|---|---|
| | | | Tax | L.C |
| 5/665 A66 | റസ്റ്റോറന്റ് | 124.66 ച.മീ | 6994 | 350 |
| 5/665 A67 | പ്ലൈ സ്റ്റേഷൻ | 151.25 ച.മീ | 5657 | 283 |
| 5/665 A68 | സിനിമ തിയേറ്റർ | 300.41 ച.മീ | 10726 | 537 |
| 5/665 A6 9 | സിനിമ തിയേറ്റർ | 283.2ച.മീ | 10111 | 506 |
| 5/665 A 70 | റസ്റ്റോറന്റ് | 413.91ച.മീ | 26388 | 1320 |
| | ആകെ | 1273.43ച.മീ | 59876 | 2996 |

അനധികൃതനിർമ്മാണം ആയതിനാൽ ഈടാക്കേണ്ടിയിരുന്ന നികുതി (നഗരസഭയുടെ അന്തിമ തീരുമാനം തീരുമാനം B3-9336/16/05.10.2016 പ്രകാരമുള്ള നിരക്കിൽ വസ്തുനികുതി, ഗ്രന്ഥശാലവരി എന്നിവ, പ്രവേശന മാർഗ്ഗം , ബഹുനിലകെട്ടിടങ്ങളുടെ വർദ്ധനവ്/ഇളവ് ഉൾപ്പെടെ

ചതുരശ്രമീറ്ററിന് 70 രൂപ നിരക്കിൽ അടിസ്ഥാന വസ്തു നികുതി+ 20 % വർദ്ധനവ് + 10% സേവന ഉപനികുതി +5 % ഗ്രന്ഥശാലാവരി

സെല്ലാർ = 1674.89x70 +20%+10%+5% = (140691 +14069+7035) X3 = 422073+42207 +21105

തറനില = 1493.94 X70+20%+ 10% +5% =( 125491 +12549+6275)X3 = 376473+37647 +18523

ഒന്നാം നില = 1538.91 X70+20%- 5% +10% +5% = (122805 +12281+6140)X3= 368415+36841 +18421

രണ്ടാം നില =1538.91 X70+20%- 10% +10% +5% = (116342+11634+5817)X3=349026+34902 +17451

മൂന്നാം നില

സിനിമ തിയേറ്റർ = 583.63X 45+20%-15+5% = (26789+2679+1339)X3 = 284988+ 28499 +14249

വാണിജ്യ ആവശ്യത്തിനുള്ളത് = 955.28X70+20%-15%+10%+5% (68207+6821 +3410)X3

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | ഈടാക്കേണ്ടിയിരുന്നത് | | | ഈടാക്കിയത് | | | വ്യത്യാസം | | |
|---|---|---|---|---|---|---|---|---|---|
| | വസ്തു നികുതി | സേവന ഉപ നികുതി | എൽ.സി | വസ്തു നികുതി | സേവന ഉപ നികുതി | എൽ.സി | വസ്തു നികുതി | സേവന ഉപ നികുതി | എൽ. സി |
| സെല്ലാർ | 4,22,073 | 42,207 | 21,105 | ---- | ---- | ---- | 4,22,073 | 42,207 | 21,105 |
| തറനില | 376473 | 37647 | 18823 | 95354 | ---- | 4781 | 281119 | 37647 | 14042 |
| ഒന്നാം നില | 368415 | 36841 | 18421 | 146922 | ---- | 7360 | 221493 | 36841 | 11061 |
| രണ്ടാം നില | 349026 | 34903 | 17451 | 33281 | ---- | 1669 | 315745 | 34903 | 15782 |
| മൂന്നാം നില | 284988 | 28499 | 14249 | 59876 | ---- | 2996 | 225112 | 28499 | 11253 |
| ആകെ | 1800975 | 180097 | 90049 | 335433 | ---- | 16806 | 1465542 | 180097 | 73243 |

അനധികൃതനിർമ്മാണം ആയതിനാൽ നഗരസഭക്ക് 16,45,639/-രൂപയും(1465542+180097) , സംസ്ഥാന സർക്കാരിന് 73243/-രൂപയും നഷ്ടമുണ്ടായിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി (04/2020-21/തീയതി 20/12/2021) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയ്ക്കുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

പഴയ കെട്ടിടങ്ങൾക്ക് നിലവിൽ ഗ്രാമപഞ്ചായത്ത് നിരക്കിലാണ് നികുതി ഈടാക്കിവരുന്നത്. പുതിയ കെട്ടിടങ്ങൾക്ക് നഗരസഭ നിരക്കിലും, നഗരസഭ നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അനധികൃതനിർമ്മാണത്തിന് ബാധകമായ രീതിയിൽ നികുതി നിർണ്ണയിച്ച് ഈടാക്കാത്തതിനും, ക്രമവത്ക്കരണ പ്ലാൻ പ്രകാരമുള്ള മുഴുവൻ തറവിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ച് ഈടാക്കാത്തതിനും കാരണം വ്യക്തമാക്കേണ്ടതാണ്. വസ്തു നികുതിയിനത്തിലും, സേവന ഉപനികുതിയിനത്തിലും, ഗ്രന്ഥശാലാവരി ഇനത്തിലും നഷ്ടം വന്ന ഈടാക്കാനുള്ള നടപടി സ്വീകരിച്ച്

തുക ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതുമാണ്. എല്ലാ അനധികൃത നിർമ്മാണങ്ങളും കണ്ടെത്തി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതിന് ഭരണസമിതിയും,സെക്രട്ടറിയും ,റവന്യൂസെക്ഷനും പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്.

## ഭാഗം -3

### 3-1 ദിവസവേതനമിനത്തിൽ അധിക തുക നൽകി

തൻവർഷം മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെ കൊടുത്ത പ്രോജക്ട് മുഖേന ദിവസവേതനത്തിന് നിയമിച്ച ഫാർമസിസ്റ്റിന് 2020 ഏപ്രിൽ മുതൽ 2021 ജനവരി വരെയുള്ള 10 മാസങ്ങളിലായി ദിവസവേതനം നൽകുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | ചെലവു തുക/ ഫണ്ടിനം | ബിൽ നംപർ |
|---|---|---|
| ആർദ്രം-ഫാർമസിസ്റ്റിന് വേതനം നൽകൽ 177/21 | 39690+59940+24300+22680+23490+45360=215460 | 4/14.8.20<br>7/17.9.20<br>9/15.10.20<br>10/4.11.20<br>13/4.12.20<br>15/15.2.21 |

ജി.ഒ.(പി) 81/2019/ധനം തീയ്യതി 9-7-2019 ഉത്തരവ് പ്രകാരം 1.7.2019 മുതൽ കാറ്റഗറി V ൽ ഉൾപ്പെട്ട ഫാർമസിസ്റ്റിന് ദിവസവേതനം 830 രൂപയാണ്. ഒരു മാസം പരമാവധി 27 ദിവസത്തിൽ പരിമിതപ്പെടുത്തി 22410 രൂപ നൽകാവുന്നതാണ്. ഈയിനത്തിൽ താഴെ കൊടുത്തിരിക്കും പ്രകാരം അധികം തുക നൽകിയതായി കാണുന്നു.

| മാസം/വർഷം | ആകെ പ്രവർത്തി ചെയ്ത ദിനങ്ങൾ | നൽകേണ്ട വേതനം/ നിരക്ക് | മാസത്തിൽ പരമാവധി നൽകേണ്ട തുക | നൽകിയ തുക/നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 4/2020 | 30 | 27x830=22410 | 22410 | 24300 | 1890 |
| 5/2020 | 31 | 27x830=22410 | 22410 | 25110 | 2700 |
| 6/2020 | 30 | 27x830=22410 | 22410 | 24300 | 1890 |
| 7/2020 | 31 | 27x830=22410 | 22410 | 25110 | 2700 |
| 8/2020 | 31 | 27x830=22410 | 22410 | 25110 | 2700 |
| 9/2020 | 30 | 27x830=22410 | 22410 | 24300 | 1890 |
| 10/2020 | 28 | 27x830=22410 | 22410 | 22680 | 270 |
| 11/2020 | 29 | 27x830=22410 | 22410 | 23490 | 1080 |
| 12/2020 | 27 | 27x830=22410 | 22410 | 21870 | 540 രൂപ കുറവ് |
| 1/2021 | 29 | 27x830=22410 | 22410 | 23490 | 1080 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | | | | 15660 |

ഇപ്രകാരം ദിവസ വേതനമിനത്തിൽ അധികം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (25/21-12-21) മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ(എസ്.സി)- ടെണ്ടറിൽ ക്വാട്ട് ചെയ്തതിനേക്കാൾ അധികം തുക നൽകി

നിർവ്വഹണം : എസ്.സി.ഡി.ഒ

പ്രൊജക്ട് നംപർ : 165/21 (സ്പിൽ ഓവർ)

വകയിരുത്തിയ തുക : 105000

ചെലവ് : 105000 (ബിൽ നംപർ 12/12-5-20)

മേൽ പ്രോജക്ട് മുഖേന കോസ്റ്റൽ ഫർണ്ണിച്ചർ ഇന്റസ്ട്രീസ് കടലുണ്ടി എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന ഒരു കട്ടിലിന് 4200 രൂപ നിരക്കിൽ 105000 രൂപയ്ക്ക് 25 കട്ടിൽ വാങ്ങി 65 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2-9-2019 ന് തുറന്ന ഓപ്പൺ ടെണ്ടറിൽ ടെണ്ടർ രജിസ്റ്റർ പ്രകാരം 4 പേർ പങ്കെടുത്തിട്ടുണ്ട്. എന്നാൽ ഏത് സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചതെന്ന് ടെണ്ടർ രജിസ്റ്റർ, ഫയൽ എന്നിവ പ്രകാരം വ്യക്തമല്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മിനട്സ് പരിശോധിച്ചതിൽ നിന്നും 20-11-2019 ലെ മീറ്റിംഗിൽ 1ാം നമ്പറായി കോസ്റ്റൽ ഫർണ്ണിച്ചറിന് 4200 രൂപയ്ക്ക് കട്ടിൽ ലഭ്യമാക്കുന്നതിന് ഓർഡർ നൽകുന്നതിന് കമ്മറ്റി തീരുമാനമെടുത്തതായി കണ്ടു. 3-12-19 ലെ കൗൺസിൽ യോഗത്തിലെ 5(4) തീരുമാന പ്രകാരം ഇതംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ 20-1-2020 ലെ 63ാം നമ്പർ ഇൻവോയ്സ് പ്രകാരം സിംഗിൾ കോട്ട് എന്നാണ് കട്ടിലിന്റെ ഇനം കാണിച്ചിരിക്കുന്നത്. കാഷ് ബിൽ ഫയലിൽ ലഭ്യമല്ല. ഇൻവോയ്സിൽ ഏത് മരമാണെന്നും സ്പെസിഫിക്കേഷ നും വ്യക്തമാക്കിയിട്ടില്ല. ഓഡിറ്റ് സമയത്ത് ഫോൺ മുഖേന സ്ഥാപനവുമായി സംസാരിച്ചതിന്റെയടിസ്ഥാനത്തിൽ സ്പെഷ്യൽ ടൈപ്പ് മഹാഗണി വുഡ് കട്ടിലാണ് വിതരണം നടത്തിയതെന്നറിയിച്ചിട്ടുണ്ട്. കോസ്റ്റൽ ഫർണ്ണിച്ചർ ഇന്റസ്ട്രീസ് സമർപ്പിച്ച ടെണ്ടർ പ്രകാരം സ്പെഷ്യൽ ടൈപ്പ് മഹാഗണി വുഡ് കട്ടിലിന് 2 വർഷ വാറണ്ടിയോടുകൂടി എല്ലാ നികുതിയുമുൾപ്പെടെ ക്വാട്ട് ചെയ്ത നിരക്ക് 3800 രൂപയാണ്. ഫയലിൽ ലഭ്യമായ കോസ്റ്റൽ ഫർണ്ണിച്ചർ ഇന്റസ്ട്രീസിന്റെ 14-11-19 ലെ പട്ടികജാതി വികസന ഓഫീസർക്കയച്ച കത്ത് പ്രകാരം ടെണ്ടറിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നഗരസഭയിലെ പ്രൊക്യൂർമെന്റ് കമ്മറ്റി പരിശോധിക്കാൻ എത്തുകയും തീയതിയിക്ക്(തീയതി എഴുതിയിട്ടില്ല) നെഗോസിയേഷനുവേണ്ടി മുനിസിപ്പാലിറ്റിയിൽ ഞങ്ങൾ ഹാജരാവുകയും ചെയ്തിരുന്നുവെന്നും പ്രസ്തുത സ്ഥാപനത്തിൽ നിന്നും 4200 രൂപയ്ക്ക് കമ്മറ്റി പരിശോധിച്ച് അംഗീകരിച്ച മഹാഗണി മരത്തിൽ പണികഴിച്ച കട്ടിൽ തരുന്നതിന് സമ്മതമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു എന്നും അറിയിച്ചിട്ടുണ്ട്. നെഗോസിയേഷൻ നടത്തിയ തീയതിയും വിവരങ്ങളും ഫയലിൽ ലഭ്യമല്ല. മാത്രമല്ല ടെണ്ടറിൽ ക്വാട്ടുചെയ്ത തുക നെഗോസിയേഷൻ നടത്തി കുറയ്ക്കേണ്ടതിനു പകരം അതിനേക്കാൾ കൂടുതലായതെങ്ങനെ യെന്നത് വ്യക്തമല്ല. ഇപ്രകാരം ടെണ്ടറിൽ ക്വാട്ട് ചെയ്തതിനേക്കാൾ അധിക നിരക്കിൽ കട്ടിൽ വാങ്ങിയതിനാൽ താഴെ കൊടുത്തിരിക്കും പ്രകാരം 10000 രൂപ അധികം നൽകാനിടയായിട്ടുണ്ട്.

| ഇനം | ഒരെണ്ണത്തിന് ക്വാട്ട് ചെയ്ത നിരക്ക്(ജി.എസ്.ടി ഉൾപ്പെടെ) | വാങ്ങിയ എണ്ണം | ഈടാക്കേണ്ട വില | ഒരെണ്ണത്തിന് ഈടാക്കിയ നിരക്ക് (ജി.എസ്.ടി ഉൾപ്പെടെ) | ഈടാക്കിയ വില (ജി.എസ്.ടി ഉൾപ്പെടെ) | അധികമായി ഈടാക്കിയ തുക |
|---|---|---|---|---|---|---|
| വുഡ് കോട്ട് മഹാഗണി വുഡ് – സ്പെഷ്യൽ ടൈപ്പ് | 3800 | 25 | 95000 | 4200 | 105000 | 10000 |

മേൽ കാണിച്ച പ്രകാരം ടെണ്ടറിൽ ക്വാട്ട ചെയ്തതിനേക്കാൾ അധികം തുക നൽകാനിടയാക്കിയ സാഹചര്യം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (11/21-12-21) മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020 – 21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3. നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ | പ്രവൃത്തി | വൗച്ചർ/ചെക്ക് | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| എജൻസി | യുടെ പേര് | നമ്പർ | നല്കിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | എസ്.സി കോളനി വാട്ടർ കണക്ഷൻ | | 772656/- | 772656/- | -- |
| KWA | നഗരസഭയിലെ വിവിധ തോടുകളിൽ വി.സി.ബി നിർമ്മാണം | 63/26.03.2021 | 4550000 | 4550000 | |
| KSEB | റോഡുകളിൽ വാഹന ഗതാഗത തടസ്സം വരുത്തുന്ന പോസ്റ്ററുകൾ മാറ്റുന്നത് | 68/3.9.19 | 31798 | | |
| | | 0 /02.01.2020 | 177835 | | |
| | | 120/5.10.2020 | 114548 | | |
| | | 121/05.10.2020 | 8725 | | |
| | | 258/23.02.2021 | 33000 | | |
| | | ആകെ | 365906 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 88,00,000 | 8253332 | 2773332 | | 14280000 |

വാർഷിക കണക്ക് പ്രകാരമുള്ള തുക, ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ കൃത്യത ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6161479 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 518741 |
| ആകെ | 6680220 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ------ |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6680220 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1. | കെ.ഡി.സി.ബാങ്ക് കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 31-03-2019 | ഒരു വർഷം | 367847 |
| 2. | രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് | -ടി- | ഒരു വർഷം | 1808895 |
| 3. | രാമനാട്ടുകര റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | -ടി- | ഒരു വർഷം | 711085 |
| 4. | രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് | -ടി- | ഒരു വർഷം | 1840443 |
| 5. | കെ.ഡി.സി.ബാങ്ക്, രാമനാട്ടുകര | -ടി- | ഒരു വർഷം | 6620 |
| 6. | ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, ഫറോക്ക് | -ടി- | ഒരു വർഷം | 1125274 |

| | | | | |
|---|---|---|---|---|
| 7 | കെ.ഡി.സി.ബാങ്ക് കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | -ടി- | ഒരു വർഷം | 815545 |
| 8 | കെ.ഡി.സി.ബാങ്ക് കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | -ടി- | ഒരു വർഷം | 4511 |
| | | | | 6680220 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ (30-10-2015 വരെ) മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 36 | 2003-04 | പൊതു പരാമർശങ്ങൾ 11.13.1.24 108 | മൺപാത്ര നിർമ്മാണത്തിന് ധനസഹായം |
| 1999-00 | 36 | 2003-04 | മറ്റ് പരാമർശങ്ങൾ | മൺപാത്ര നിർമ്മാണത്തിന് |

| | | | | |
|---|---|---|---|---|
| | | | 11.14<br>119 | സഹകരണ സംഘത്തിന് തുക ചെലവഴിച്ചു. |
| 2000-01 | 2-11 | 2004-05 | പൊതു പരാമർശങ്ങൾ 11.1.2 | പുതിയ മാതൃകയിലുള്ള ക്യാഷ് ബുക്കും അനുബന്ധ രേഖകളും എഴുതി സൂക്ഷിക്കുന്നില്ല. |
| 2000-01 | 2-11 | 2004-05 | പൊതു പരാമർശങ്ങൾ 11.1.3.14<br>116 | നികുതി പിരിവിൽ അലംഭാവം |
| 2001-02 | 7 | 2003-04 | മറ്റ് പരാമർശങ്ങൾ 11.14<br>119 | ഉണ്ണിയാലുമ്മൽ മേലേവാരം റോഡ് പരിഷ്കരണം |
| 2002-03 | 3-2 | 2006-07 | 3.87.1 | ചിറക്കാംകുന്ന് കുടിവെള്ള പദ്ധതി- അപാകം |
| | 3-4 | | 3.79.15(7) | കേരളാ വികസന പദ്ധതി അപാകം |
| | 3-7 | | 3.79.12(3) | കാർഷിക മേഖലയിലെ യന്ത്രവൽക്കരണം |
| | 3-17 | | 3.79.10(6) | കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് |
| | 3-18 | | 3.79.7(3) | സി.എഫ്.എൽ ലാമ്പുകളുടെ അറ്റകുറ്റപ്പണി അപാകം |
| | 3-24 | | 3.79.6(13) | റോയൽറ്റി ആർ.എം.എഫ് അടവാക്കിയതിലെ അപാകം |
| 2001-02 | 1(എ,ബി,സി) | 2005-06 | 11(11) | രജിസ്റ്ററുകളുടെ |

| | | | | |
|---|---|---|---|---|
| | | | | സൂക്ഷിപ്പ്, വാർഷിക കണക്കുകൾ എസ്റ്റാബ്ലിഷ് മെന്റ് ചെലവ് |
| | 3-16(ബി) | | 4(6) | വീട്ടു നിർമ്മാണം |

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും , ഉദ്യോഗ പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| ഇല്ല | | | | |

## 4- 9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖ. നം. | ത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | വന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | നമ്പരും തീയതിയും | തുക | | (തീ യതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 36, 39, 45 | സി.രാധാകൃഷ്ണൻ സെക്രട്ടറി(റിട്ട.) | എൽ.എഫ് 4693/സ്പെ. സെൽ/എസ്. സി14/01/ 28.8.02, 6.9.02 | 12789 | തീയതി | - | - | - | - | - | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 17,04,35,975 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,37,94,839 |
| വരവിനങ്ങളിലുള്ള നഷ്ടം | 35,27,790 |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗികരിക്കാത്ത തുക | 25,660 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 84,81,209 |

(ബി) പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡി നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും | ഉദ്യോഗ പേരും |
|---|---|---|---|
| 2-1 | 17,49,999 | ദിനേഷ് കുമാർ എം | മുൻസിപ്പൽ എഞ്ചിനീയർ |
| 2-2 | 1,32,152 | ശ്രീമതി ജെസിത പി.ജെ<br>ശ്രീമതി.ഉഷാമേരി.സി.എൻ | സെക്രട്ടറി<br>റവന്യൂ ഇൻസ്പെക്ടർ |

| | | | |
|---|---|---|---|
| 2-3 | 16,45,639 | ശ്രീമതി ജെസിത പി.ജെ | സെക്രട്ടറി |
| 3-1 | 15,660 | ഡോ ദിവ്യ പി.കെ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 3-2 | 10,000 | ശ്രീ ഹരീഷ്.കെ | എസ്.സി.ഡി ഒ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും | ഉദ്യോഗപേരും |
|---|---|---|---|
| 1-26 | 56666 | സുരേഷ് ബാബു പി.പി | ഹെൽത്ത് ഇൻസ്പെക്ടർ |
| 1-27 | 18,94,164 | ദിനേഷ് കുമാർ എം | മുൻസിപ്പൽ എഞ്ചിനീയർ |
| 1-28 | 4,29,420 | ബാബു ഇ | ഹെൽത്ത് ഇൻസ്പെക്ടർ |
| 1-30 | 25,00,000 | ശ്രീ ഹരീഷ്.കെ | എസ്.സി.ഡി.ഒ |
| 1-32 | 5,00,000 | ശ്രീമതി ബിന്ദു | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-35 | 3,65,906 | ശ്രീമതി ജെസിത പി.ജെ | സെക്രട്ടറി |
| 1-36 | 2,37,397 | ശ്രീമതി ജെസിത പി.ജെ | സെക്രട്ടറി |
| 1-37 | 2,50,000 | ശ്രീമതി ബിന്ദു | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-38 | 14,75,000 | ശ്രീ ഹരീഷ്.കെ | എസ്.സി.ഡി.ഒ |
| 1-39 | 7,72,656 | ശ്രീമതി ജെസിത പി.ജെ | സെക്രട്ടറി |

(സി) കേന്ദ്ര – സംസ്ഥാന സർക്കരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡി നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും | ഉദ്യോഗ പേരും |
|---|---|---|---|
| 2-2 | 6007 | ശ്രീമതി ജെസിത പി.ജെ ശ്രീമതി.ഉഷാമേരി.സി.എൻ | സെക്രട്ടറി |

| | | | |
|---|---|---|---|
| | | | റവന്യൂ ഇൻസ്പെക്ടർ |
| 2-3 | 73243 | ശ്രീമതി ജെസിത പി.ജെ | സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നനഷ്ടത്തിന് - തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗപേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജെസിത.പി.ജെ<br>സെക്രട്ടറി | രാമനാട്ടുകര നഗരസഭ | ഗോപിക,പന്തലായിനി ,<br>കൊയിലാണ്ടി ,673305 |
| ദിനേഷ് കുമാർ എം<br>മുൻസിപ്പൽ എഞ്ചിനീയർ | വിരമിച്ചു | ഉത്രം (ഹൗസ്)<br>ഈരേഴ വടക്ക്, ചെട്ടിക്കുളങ്ങര പി.ഒ, കണ്ണമംഗലം, ആലപ്പുഴ 690106 |
| ശ്രീ ഹരീഷ്.കെ<br>എസ്.സി.ഡി.ഒ | രാമനാട്ടുകര നഗരസഭ | സനം (ഹൗസ്)<br>ആന്നശ്ശേരി,തലക്കുളത്തൂർ |
| ഡോ ദിവ്യ പി.കെ<br>മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | രാമനാട്ടുകര നഗരസഭ | ഗൗരി നന്ദനം, SRA-31<br>നൊച്ചിക്കാടി, ചേവരമ്പലം .<br>ചേവായൂർ പി.ഒ<br>673017 |
| ബാബു ഇ<br>ഹെൽത്ത് ഇൻസ്പെക്ടർ | രാമനാട്ടുകര നഗരസഭ | എൻഇങ്ങൽ (ഹൗസ്)<br>കൊഴക്കല്ലൂർ,മേപ്പായൂർ പി.ഒ<br>673524 |
| സുരേഷ്ബാബു പി പി<br>ഹെൽത്ത് ഇൻസ്പെക്ടർ | രാമനാട്ടുകര നഗരസഭ | പാലാക്കോട്ട് പറമ്പിൽ (ഹൗസ്) കൊടിയത്തൂർ പി.ഒ ,മുക്കം (വഴി) |
| ശ്രീമതി.ഉഷാമേരി.സി.എൻ<br>റവന്യൂ ഇൻസ്പെക്ടർ | രാമനാട്ടുകര നഗരസഭ | വടക്കും പുറത്ത്- പാവന,<br>എസ്.എൻ.ജംഗ്ഷൻ, തൃപ്പൂണിത്തറ,<br>എറണാകുളം 682301, കേരള |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

31.10.2015 വരെയുള്ള ഗ്രാമപഞ്ചായത്ത് റിപ്പോർട്ടുകളും, 01.11.2015 മുതൽ നഗരസഭ റിപ്പോർട്ടും.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(1) /4.11.13 | 04 | 7,11,8,9 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി(പി2) 1494/09(10) /4.11.13 | 01 | |
| 2001-02 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(2) /4.11.13 | 04 | |
| 2002-03 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(3) /4.11.13 | 06 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(4)/ 4.11.13 | 04 | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി(പി2)1444/12(5)/ 4.11.13 | 07 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി(പി2)1451/08 /6.11.09 | 26 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി(പി2)1454/10/ 5.4.11 | 44 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി (പി2)1455/10 /4.3.11 | 56 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി (പി2)206/11 /3.3.11 | 39 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി (എസ്2) 470/2.4.13 | 50 | |
| 2010-11 | എൽ.എഫ്.കെകെഡി (പി2)339/14 /6.5.14 | 18 | |
| 2011-12 | എൽ.എഫ്.കെ.കെ.ഡി (പി2)1638/14 /6.1.15 | 16 | |
| 2012-13, 2013-14 | എൽ.എഫ്.കെ.കെ.ഡി (പി2)/329/ 15/31.03.2015 | 27 | |
| 2014-15 | കെ.എസ്.എ /കെ.കെ.ഡി/ പി2/2023/15/ 28.12.2015 | 27 | |
| 2015-16 (31-10-15വരെ) | കെ.എസ്.എ കെ.കെ.ഡി പി.8/117/17 / 28-1-2017 (ഗ്രാമപഞ്ചായത്ത്) | 9 | |
| 2015-16 (1-11-15 മുതൽ ) | കെ.എസ്.എ കെ.കെ.ഡി പി.14/125 /16/30-1-2017 | 21 | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി14/1684/2017 | 40 | |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി14/753/ 2019/20.5.19 | 22 | 2-(1) മുതൽ 2-11 വരെ 3-1 മുതൽ 3-11 വരെ |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി14/299 /20/23.6.20 | 31 | 1-1,1-3,1-6,1-7,1-8, 1-9,1-10,1-11,1-12,1-13, 1-14,1-15,1-16,1-17,1-18,1-19, 1-20,1-21,1-22,1-23,1-24, 1-25,1-26,1-27,1-28,1-29, |

| | | | |
|---|---|---|---|
| | | | 1-30,1-31,2-1,4-9(5)4-10 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുൻസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുൻസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്